# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടയം ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം.പി16/2121/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 29/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടയം ജില്ലാ പഞ്ചായത്ത്

സർ,

**വിഷയം : കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം ( ഇ-മെയിൽ മുഖാന്തിരം)
2.സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, (ഉപരിപത്രം സഹിതം)
3.സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം( ഉപരിപത്രം സഹിതം)
4.കാര്യാലയ പകർപ്പ്

നമ്പർ: കെഎസ്എ കെടിഎം.പി16/2121/23 തീയ്യതി: 29/12/2023

## കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു സി ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-06-2023 | 27-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-06-2023 | 27-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സുധാജേക്കബ്, ഓഡിറ്റ് ഓഫീസർ

സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ജോബി കുര്യൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിർമ്മലാ ജിമ്മി | പ്രസിഡന്റ് | 01-04-2022 | 30-12-2022 |
| മഞ്ജു സുജിത്ത് (ഇൻ ചാർജ്) | പ്രസിഡന്റ് | 31-12-2022 | 27-01-2023 |
| കെ.വി,ബിന്ദു | പ്രസിഡന്റ് | 28-01-2023 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മേരി ജോ വി | സെക്രട്ടറി (ഇൻ ചാർജ്) | 01-04-2022 | 30-06-2022 |
| റ്റി.എം.അശോകൻ | സെക്രട്ടറി (ഇൻ ചാർജ്) | 01-07-2022 | 07-07-2022 |
| പ്രിയേഷ്.എസ് | സെക്രട്ടറി (ഇൻ ചാർജ്) | 08-07-2022 | 04-08-2022 |

| | | | |
|---|---|---|---|
| റ്റി.എം.അശോകൻ | സെക്രട്ടറി (ഇൻ ചാർജ്) | 05-08-2022 | 10-10-2022 |
| പ്രിയേഷ്.എസ് | സെക്രട്ടറി (ഇൻ ചാർജ്) | 11-10-2022 | 03-12-2022 |
| രാധാകൃഷ്ണൻ നായർ | സെക്രട്ടറി (ഇൻ ചാർജ്) | 04-12-2022 | 28-12-2022 |
| പ്രിയ എം.എൻ | സെക്രട്ടറി (ഇൻ ചാർജ്) | 29-12-2022 | 28-02-2023 |
| ജയകുമാരി.പി.വി | സെക്രട്ടറി | 01-03-2023 | 31-03-2023 |
| റ്റി.എം.അശോകൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| വറുഗീസ് ഈപ്പൻ | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, എൽ എസ് ജി ഡി | 01-04-2022 | 31-05-2022 |
| ഡോ. ബിന്ദുകുമാരി | സൂപ്രണ്ട്, ജില്ലാ ആശുപത്രി | 01-04-2022 | 31-03-2023 |
| ഡോ. ജയശ്രീ. സി | ജില്ലാ മെഡിക്കൽ ഓഫീസർ, ഐഎസ്എം | 01-04-2022 | 31-03-2023 |
| ഡോ. ആർ.വി. അജിത് | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 30-06-2022 |
| ഡോ. പി.സി. ഗീതാദേവി | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-07-2022 | 11-10-2022 |
| ഡോ.ശ്രീലത എസ് | ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 12-10-2022 | 31-03-2023 |
| ഷിനോ പി.എസ് | പ്രോജക്ട് ഡയറക്ടർ, പി.എ.യു | 01-04-2022 | 31-03-2023 |
| ജോസഫ് റിബെല്ലോ | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, കൃഷി | 11-04-2022 | 12-06-2022 |
| മിനി ജോസഫ് | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 01-04-2022 | 13-06-2022 |
| സി.ആർ ശാരദ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം (ഇൻ ചാർജ്) | 14-06-2022 | 31-03-2023 |
| മനോജ് കുമാർ പി.കെ | അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൌൾട്രി ഫാം, മണർകാട് | 01-04-2022 | 08-08-2022 |
| സജീവ് കുമാർ കെ.ആർ | അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൌൾട്രി ഫാം, മണർകാട് | 09-08-2022 | 31-03-2023 |
| അർജ്ജുനൻപിള്ള ആർ | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കോട്ടയം | 01-04-2022 | 31-03-2023 |
| സുനിൽ എം.എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| റെജിമോൾ തോമസ് | ഫാം സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, കോഴ | 01-04-2022 | 31-03-2023 |
| ഡോ. സുകുമാരി എ.റ്റി | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 01-04-2022 | 27-12-2022 |
| ഡോ.ഉമാദേവി എം.പി | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി (ഇൻ താർജ്) | 28-12-2022 | 28-02-2023 |
| ഡോ.അമ്പിളി. സി | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി (ഇൻ ചാർജ്) | 01-03-2023 | 24-03-2023 |
| എൻ.എ റഫീഖ് | സൂപ്രണ്ട്, സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ | 30-04-2022 | 31-05-2022 |
| നിഷ മേരി സിറിയക് | സൂപ്രണ്ട്, സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ | 01-06-2022 | 07-07-2022 |
| തെരേസ അലക്സ് | സൂപ്രണ്ട്, സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ | 08-07-2022 | 19-10-2022 |
| വേണുഗോപാൽ ആർ | സൂപ്രണ്ട്, സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ | 20-10-2022 | 20-12-2022 |

| | | | |
|---|---|---|---|
| ജോസഫ് റിഫീൻ ജെഫ്രി | സൂപ്രണ്ട്, സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ | 21-12-2022 | 05-01-2023 |
| ഫാസ് ലീന എ | സൂപ്രണ്ട്, സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ | 06-01-2023 | 31-03-2023 |
| ജോസഫ് റിഫീൻ ജെഫ്രി | സൂപ്രണ്ട്, സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ | 01-04-2022 | 29-04-2022 |
| നിഷ മേരി സിറിയക് | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ,സ്റ്റേറ്റ് സീഡ് ഫാം, കോഴാ | 01-04-2022 | 31-03-2023 |
| രതീഷ് ജെ. ബാബു | പ്രിൻസിപ്പാൾ,ഗവ വിഎച്ച്എസ്എസ്, വെള്ളൂർ, പാമ്പാടി | 01-04-2022 | 31-03-2023 |
| ബെന്നി വില്യം | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01-04-2022 | 31-03-2023 |
| ഡോ. പ്രിയ എൻ | ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയം | 01-04-2022 | 31-03-2023 |
| ജയദേവൻ | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 01-04-2022 | 31-03-2023 |
| അഭിലാഷ് കെ. ദിവാകർ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | 01-04-2022 | 31-03-2023 |
| റീന ജോൺ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 01-04-2022 | 31-03-2023 |
| ഡോ. സുകുമാരി എ.റ്റി | ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ജെബിൻ ലോലിത സെയ്ൻ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| സിബി.എം,പി | അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ,എൽഎസ്ജിഡി | 01-06-2022 | 21-07-2022 |
| എൻ.സുജയ | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 01-04-2022 | 31-05-2022 |
| ബിന്ദു കെ | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 01-06-2022 | 05-06-2022 |
| സുബിൻ പോൾ | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 06-06-2022 | 31-03-2023 |
| അജു ബി | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, എൽ എസ് ജി ഡി | 01-06-2022 | 21-07-2022 |
| സുമേഷ് കുമാർ റ്റി | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, കൃഷി | 01-04-2022 | 31-03-2023 |
| പ്രമോദ് കുമാർ എൻ പി | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, കൃഷി | 01-04-2022 | 10-04-2022 |
| ഷംനാദ് വി എ | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, കൃഷി | 13-06-2022 | 31-03-2023 |
| ഡോ.ഉമാദേവി എം പി | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി (ഇൻ ചാർജ്) | 28-12-2022 | 28-02-2023 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-2 |
| 4 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-3 |
| 5 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | Prior Period ആയി ക്രമീകരിച്ച വരവുകളുടെ ആധികാരികത വ്യക്തമല്ല | 1-1-5 |
| 7 | ദീർഘനാളായി ഇടപാടുകളില്ലാത്ത അക്കൌണ്ടുകൾ -തുടർനടപടികൾ സ്വീകരിച്ചില്ല | 1-1-6 |
| 8 | നീക്കിയിരിപ്പ് തുകകൾ വിവിധ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | നികുതിയേതര വരുമാനങ്ങളുടെ വരവിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല | 1-1-8 |
| 10 | വിവിധ ഗ്രാന്റ് , മറ്റ് വിഹിതങ്ങൾ എന്നിവയുടെ ഇനവിവരവും അക്കൗണ്ടിങ്ങിന്റെ കൃത്യതയും വ്യക്തമല്ല. | 1-1-9 |
| 11 | സ്റ്റേൽ ചെക്ക് - തുകയുടെ വിശദാംശങ്ങളില്ല. | 1-1-10 |
| 12 | ഡെപ്പോസിറ്റ്- ബാധ്യതായി നിലനിർത്തിയിട്ടുള്ള തുകയുടെ കൃത്യത വ്യക്തമല്ല. | 1-1-11 |
| 13 | KEL-ൽ നിക്ഷേപിച്ച തുക മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-12 |
| 14 | ക്യാഷ് ഫ്ലോ പത്രിക കൃത്യമല്ല. | 1-1-13 |
| 15 | ധനകാര്യക്കമ്മീഷൻ ഗ്രാന്റ് -ട്രഷറി ചെലവ് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | ബജറ്റ് വിശകലനം | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാൻറ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 21 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-7 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 23 | ജില്ലാപഞ്ചായത്തിലെ ദൈനംദിന പണമിടപാടുകൾ രസീത് പ്രകാരമുള്ള പണം പിരിവ്, ഒടുക്ക്,പിൻവലിക്കൽ– നടപടികൾ കാലാനുസൃതമല്ല- | 1-9 |
| 24 | പണമായി പിരിച്ച തുക പൂർണ്ണമായി അടവാക്കിയതിന്റെ വിവരം ലഭ്യമായില്ല. | 1-10 |
| 25 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങളുടെയും വിനിമയം- അപാകതകൾ | 1-11 |
| 26 | ധനകാര്യ പത്രിക പ്രകാരം 8.8 കോടി രൂപ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചത് ക്രമീകരിയ്ക്കാൻ ശേഷിയ്ക്കുന്നു-കണക്കുകളിൽ അവ്യക്തത. | 1-12 |
| 27 | ടെൻഡർ ഫീസിനത്തിൽ ലഭിച്ച തുക 1.96കോടി എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നു- | 1-13 |
| 28 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള SBI അക്കൗണ്ട് - അക്കൗണ്ടിന്റെ ആവശ്യകത വ്യക്തമല്ല. | 1-14 |
| 29 | പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കാര്യക്ഷമതയില്ലായ്മ-വിനിയോഗലക്ഷ്യം കൈവരിച്ചില്ല | 1-15 |
| 30 | എസ് സിപി ഫണ്ട് വിനിയോഗത്തിലെ കുറവ്- തുടർ വർഷത്തിൽ പരിഹാര വകയിരുത്തൽ നടത്തേണ്ടി വന്നതുമൂലം പൊതുവിഭാഗം ഫണ്ടിൽ നിന്നും1.06കോടി രൂപ കുറയുന്നു. | 1-16 |
| 31 | ക്യാൻ കോട്ടയം-ഉദാത്തമായ ലക്ഷ്യം മുൻനിർത്തിയുള്ള പ്രോജക്ട്-കാര്യക്ഷമമായ ബോധവൽക്കരണ പ്രചരണപരിപാടികൾ അനിവാര്യം. | 1-17 |
| 32 | ജില്ലയിലെ വിവിധ പാടശേഖരങ്ങളിൽ വെർട്ടിക്കൽ ഫ്ലോ പമ്പ് സ്ഥാപിക്കൽ–വാങ്ങൽ നടപടികളിൽ അപാകം-ഇൻവോയ്സ് തുക നിശ്ചിത പരിധി അധീകരിച്ചിട്ടും ആദായനികുതി ഡിഡക്ഷൻ നടത്തിയില്ല. | 1-18 |
| 33 | പ്രോജക്ട് നം.157/23- കരിങ്കണ്ടം കുരിശ് പന്തിരുപറ പുറംബണ്ട് ബലപ്പെടുത്തൽ പ്രവൃത്തി-അപാകതകൾ | 1-19 |
| 34 | വാകത്താനം ഡിവിഷനിലെ കളപ്പുരയ്ക്കൽക്കടവ് തെക്ക് വല്ലേരിച്ചാൽ പാടശേഖരം പമ്പ് ഹൗസ് നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിച്ചില്ല-നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല | 1-20 |
| 35 | നിരീക്ഷണ ഡാറ്റ അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കിയതിൽ വൈരുദ്ധ്യം-മുൻ വർഷങ്ങളിൽ അധിക നിരക്ക് കണക്കാക്കിയതിന്മേൽ സാങ്കേതിക തല പുനർ വിശകലനം -അനിവാര്യം | 1-21 |
| 36 | വൈക്കം ഡിവിഷൻ–ഉദയനാപുരം ,മറവൻതുരുത്ത് ഗ്രാമപഞ്ചായത്തുകളിൽ ടേക്ക് എ ബ്രേക്ക് സംവിധാനം ഒരുക്കൽ ഫലപ്രാപ്തിയിലെത്തിയില്ല. | 1-22 |

| | | |
|---|---|---|
| 37 | തലയാഴം പഞ്ചായത്ത്- 9ാം വാർഡ്- വയോജനവിശ്രമ കേന്ദ്രം നിർമ്മാണം- അപാകതകൾ | 1-23 |
| 38 | കേരള സംസ്ഥാന സർവ്വ വിജ്ഞാന കോശം -സമം പദ്ധതി -പ്രോജക്ട് ഉദ്ദേശ്യം വ്യക്തമല്ല | 1-24 |
| 39 | തലയാഴം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽമിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിലെ അപാകതകൾ | 1-25 |
| 40 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-26 |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-27 |
| 42 | കോട്ടയം ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയം നവീകരണം -പ്രവൃത്തി നടത്തിപ്പിൽ അപാകതകൾ | 1-28 |
| 43 | മണർകാട് റീജ്യണൽ പൗൾട്രി ഫാമിലെ കണ്ടിജന്റ് ചെലവുകളിൽ മറ്റ് പ്രോജക്ട് ചെലവുകൾ ഉൾപ്പെടുത്തി | 1-29 |
| 44 | എസ് സി എസ് ടി ഉദ്യോഗാർത്ഥികൾക്ക് കെഎഎസ്/ പി എസ് സി പരിശീലനം പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 1-30 |
| 45 | കുറിച്ചി ഹോമിയോ ആശുപത്രിയിൽ ഫിസിയോതെറാപ്പി യൂണിറ്റ് സ്ഥാപിക്കൽ– പൂർത്തീകരിച്ചിട്ടില്ല | 1-31 |
| 46 | എട്ട് മുറി കോളനി സമഗ്ര വികസനം- വിവിധ പ്രോജക്ടുകൾ–ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത്- | 1-32 |
| 47 | കസ്റ്റം ഹയറിംഗ് സെന്ററിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ സ്പെയർ പാർട്ട്സ് വാങ്ങുന്നു. | 1-33 |
| 48 | അക്രെഡിറ്റഡ് ഏജൻസികൾ വഴി നടപ്പാക്കിയ പ്രോജക്ടുകൾ– നിർവ്വഹണത്തിലെ അപാകതകൾ | 1-34 |
| 49 | സ്മൈൽ പ്ലീസ് -ദന്ത പരിപാലന പദ്ധതി - ചെലവ് രേഖകൾ പൂർണമല്ല- | 1-35 |
| 50 | സ്കൂളുകളിലേയ്ക്കുള്ള ഫർണിച്ചർ വാങ്ങൽ–സമഗ്രമായ ആവശ്യകതാ നിർണ്ണയം നടത്തിയിട്ടില്ല- സ്ഥാപനതല സ്റ്റോക്ക് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-36 |
| 51 | ജില്ലയിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലൂടെ നിർവ്വഹിക്കപ്പെടുന്ന ക്ഷീരവികസന പ്രോജക്ടുകൾക്കായി വിഹിതം കൈമാറൽ -വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. | 1-37 |
| 52 | സമഗ്ര തെരുവ് നായ നിയന്ത്രണ പദ്ധതി | 1-38 |
| 53 | ആർദ്രം പ്രോജക്ട് - ഉപകരണങ്ങളും,മരുന്നുകളും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല. | 1-39 |
| 54 | സാന്ത്വന പരിചരണ പ്രോജക്ടിനായി വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് വിവരം ലഭ്യമല്ല. | 1-40 |
| 55 | ചീഫ് മെഡിക്കൽ ഓഫീസർ ,ജില്ലാ ആശുപത്രി (ആയുർവേദം)നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പദ്ധതി- മരുന്ന് പൂർണമായി ലഭിച്ചില്ല | 1-41 |
| 56 | മുൻകൂറായി തുക നൽകിയിട്ടും ഹോംകോയിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല | 1-42 |
| 57 | എസ് എസ് കെ വിഹിതം അടവാക്കിയത്- ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തന-വിനിയോഗവിവരം ജില്ലാപഞ്ചായത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. | 1-43 |
| 58 | ലൈഫ് പ്രോജക്ടുകൾക്കായി വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ – വിനിയോഗവിവരമില്ല. | 1-44 |
| 59 | പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകളുടെ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-45 |
| 60 | ഗ്രാമസമൃദ്ധി പദ്ധതി - മതിയായ രേഖകളില്ല. | 1-46 |
| 61 | വൗച്ചർ ഫയൽ സൂക്ഷിപ്പ്-അനുബന്ധരേഖകൾ സൂക്ഷിക്കുന്നതിലെ അപര്യാപ്തത | 1-47 |
| 62 | കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-48 |
| 63 | ബാരൽ വില തനതുഫണ്ടിൽ നിലനിൽക്കുന്നു | 1-49 |
| 64 | കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം- പൊതു അപാകതകൾ | 1-50 |
| 65 | കാഞ്ഞിരപ്പള്ളി പഞ്ചായത്ത് - വാർഡ് – 16 മണങ്ങല്ലൂർ പള്ളിക്കുന്ന് കോളനി കുടിവെള്ള പദ്ധതി- വിശദാംശങ്ങൽ ലഭ്യമാക്കിയില്ല | 1-51 |
| 66 | സമഗ്രമായ ആസ്തി സംരക്ഷണപദ്ധതിയുടെ അഭാവം- ഏറ്റെടുക്കുന്ന മെയിന്റനൻസ് പ്രോജക്ടുകളുടെ മുൻഗണനാക്രമവും അനിവാര്യതയും വ്യക്തമല്ല- | 1-52 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കോട്ടയം ജില്ലാപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10-05-23 തീയതിയിലെ 4 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 12-05-23 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോട്ടയം ജില്ലാപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

ഡബിൾ എൻട്രി അക്കൗണ്ടിംഗിലേയ്ക്ക് മാറിയ പ്രാരംഭകാലഘട്ടത്തിൽ (01/04/2012 ൽ) പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള അപാകതകൾ നിലനിൽക്കുന്നതിനാലും അനുബന്ധരേഖകൾ സൂക്ഷിയ്ക്കാത്തതിനാലും 31/03/2023 തീയതിയിലെ ജില്ലാപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. ആസ്തികളുടെയും ബാധ്യതകളുടെയും മൂല്യനിർണയപ്രക്രിയ നാളിതുവരെ ശരിയായി പൂർത്തീകരിച്ചിട്ടില്ല. അതാത് വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളിലെ കമ്മി/മിച്ചം എന്നിവയുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ജനറൽ ഫണ്ടിൽ വരുത്തിയിട്ടില്ല.

### 1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-3 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല**

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിവരം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ച് ക്രമീകരിക്കൽ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ Capital Work In Progress ശീർഷകത്തിലെ മുന്നിരിപ്പ്, ക്രമീകരണം, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-4 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-1-5 Prior Period ആയി ക്രമീകരിച്ച വരവുകളുടെ ആധികാരികത വ്യക്തമല്ല**

മുൻവർഷ വരവായി ക്രമീകരിക്കപ്പെട്ട 6465244/-രൂപയുടെ ആധികാരിത നോട്ട്സ് ഓൺ അക്കൗണ്ടായി ധനകാര്യ പത്രികയോടൊപ്പം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

**1-1-6 ദീർഘനാളായി ഇടപാടുകളില്ലാത്ത അക്കൌണ്ടുകൾ -തുടർനടപടികൾ സ്വീകരിച്ചില്ല**

വാർഷികകണക്കുകൾ പ്രകാരം എസ്ബിടി മണർകാട് അക്കൗണ്ടിൽ ദീർഘനാളായി ഇടപാടുകൾ ഒന്നും ഇല്ലാതെ 4903/- രൂപയും നബാർഡ് അക്കൌണ്ടിൽ 100- രൂപയും നിലനിൽക്കുന്നു. തുക വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയെങ്കിലും വിശദാംശങ്ങൾ ബന്ധപ്പെട്ട അക്കൗണ്ട്സ് സെക്ഷനിൽ സൂക്ഷിയ്ക്കുന്നില്ല.

**1-1-7 നീക്കിയിരിപ്പു തുകകൾ വിവിധ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

RMSA അക്കൗണ്ടിൽ RP 40 (A) പ്രകാരം മുന്നിരിപ്പ് 1000000/- രൂപയും RP 40 (B) പ്രകാരം നീക്കിയിരിപ്പ് 0 യുമാണ്. എന്നാൽ B4 ഷെഡ്യൂളിൽ നിശ്ചിത ശീർഷകത്തിൽ (320100128 ) നീക്കിയിരിപ്പ് 13903439/- രൂപയാണ്.

**1-1-8 നികുതിയേതര വരുമാനങ്ങളുടെ വരവിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല**

ജില്ലാപഞ്ചായത്തിന്റെ വിവിധയിനങ്ങളിലുള്ള നികുതിയേതര വരുമാനങ്ങളുടെ കളക്ഷൻ രജിസ്റ്റർ വാടക സംബന്ധിച്ചുള്ളത് മാത്രമാണ് സാമ്പത്തിക വർഷത്തെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ളത്. ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എന്നാൽ RP-4, RP-5, RP-6 പ്രകാരമുള്ള തൻവർഷ വരവിന്റെ കൃത്യത അനുബന്ധരേഖകളുടെ അടിസ്ഥാനത്തിൽ ഉറപ്പാക്കിയിട്ടില്ല.

**1-1-9 വിവിധ ഗ്രാന്റ് , മറ്റ് വിഹിതങ്ങൾ എന്നിവയുടെ ഇനവിവരവും അക്കൗണ്ടിങ്ങിന്റെ കൃത്യതയും വ്യക്തമല്ല.**

RP 7 ഷെഡ്യൂളിൽ 160100799 എന്ന അക്കൗണ്ട് കോഡിൽ Other Revenue Grant ഇനത്തിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന 229880/- രൂപയുടെ കൃത്യമായ വരവിനം വ്യക്തമല്ല. RP 31 ഷെഡ്യൂളിൽ 320700203 എന്ന അക്കൗണ്ട് കോഡിൽ സംയുക്ത പ്രോജക്ടിനായുള്ള പഞ്ചായത്ത് വിഹിതമിനത്തിൽ 5061137- രൂപ വരവായി കാണിച്ചിരിയ്ക്കുന്നു.യഥാർത്ഥത്തിൽ പ്രസ്തുത തുക എബിസി പ്രോഗ്രാമിന് വേണ്ടി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിച്ച 5052208/- രൂപയും ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം എന്ന സ്കീം അക്കൗണ്ടിലെ പലിശ വരവ് ഇനത്തിലുള്ള 8929- രൂപയും ചേർന്നുള്ള തുകയാണ്. പ്രസ്തുത തുക ശരിയായ ശീർഷകത്തിലല്ല അക്കൗണ്ട് ചെയ്തിട്ടുള്ളത്.

**1-1-10 സ്റ്റേൽ ചെക്ക് - തുകയുടെ വിശദാംശങ്ങളില്ല.**

സ്റ്റേൽ ചെക്ക് ശീർഷകത്തിലെ തുകയുടെ വിശദാംശവും ക്രമീകരണവും രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല. ജില്ലാ പഞ്ചായത്തിന് 2019-20 വർഷം ലഭിച്ച 5,000/- രൂപയുടെ ചെക്ക് നാളിതുവരെയും ബാങ്ക് അക്കൗണ്ടിൽ എൻക്യാഷ് ചെയ്തിട്ടില്ല. റിസർവ് ബാങ്കിന്റെ റഗുലേഷൻ പ്രകാരം 01/04/2012 മുതൽ ചെക്കിന്റെ കാലാവധി മൂന്ന് മാസമാണ്. ടി ചെക്ക് ലഭിച്ച് 3 വർഷമായിട്ടും പണമാക്കിയിട്ടില്ല. ലൈഫ് കുടുംബ സംഗമത്തിനായി കാണക്കാരി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച തുകയാണ് ക്രഡിറ്റ് ആകാത്തതെന്നും ചെക്ക് റീവാലിഡേറ്റ് ചെയ്ത് ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിന് പഞ്ചായത്തിൽ കത്ത് നൽകിയിട്ടുണ്ട് എന്നും മുൻ ഓഡിറ്റ് റിപ്പോർട്ടിലെ ഇതേ പരാമർശത്തിന് മറുപടി നൽകിയിട്ടുണ്ട്. തുക ക്രഡിറ്റ് ചെയ്ത് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-1-11 ഡെപ്പോസിറ്റ്- ബാധ്യതായി നിലനിർത്തിയിട്ടുള്ള തുകയുടെ കൃത്യത വ്യക്തമല്ല.**

തൻവർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലനം തൃപ്തികരമാണ്.എങ്കിലും Contractor's EMD ഇനത്തിലെ നീക്കിയിരിപ്പ് രജിസ്റ്റർ പ്രകാരം 6000/- രൂപയും, വാർഷികകണക്കുകൾ പ്രകാരം 6200/- രൂപയുമാണ്. മാത്രമല്ല

Auction Deposit ഇനത്തിൽ വർഷങ്ങളായി 174514/- രൂപ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. വർഷങ്ങളായി ക്ലെയിം ചെയ്യപ്പെടാത്ത ഈ തുകയുടെ വിശദാംശങ്ങൾ വ്യക്തമല്ല. കാലഹരണപ്പെട്ട പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് മുതൽക്കൂട്ടാത്തതിന്റെ കാരണം വ്യക്തമല്ല.

### 1-1-12 KEL-ൽ നിക്ഷേപിച്ച തുക മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

പ്രോജക്ട് നം.100/23 പ്രകാരം KEL-ൽ (Kerala Electrical And Allied Engineering Co.ltd)നിക്ഷേപിച്ച 100000/- രൂപയുടെ ചെലവ് മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ടി തുക RP47 ൽ PWD യ്ക്ക് നൽകിയതായാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. പ്രോജക്ടിന്റെ പേരും പാറത്തോട് പഞ്ചായത്ത്- കൂരംകുക്ക് ഭാഗം ഹൈമാസ്റ്റ് ലൈറ്റ്- PWD ൽ ഡെപ്പോസിറ്റ് എന്നതുമാണ്. അക്കൗണ്ടിങ്ങ് അപാകത മൂലം ടി തുക 31/03/2023 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല. മുൻകൂർ നൽകുന്ന തുക കൃത്യമായ നിക്ഷേപ ശീർഷകത്തിൽ (460500420) അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-13 ക്യാഷ് ഫ്ലോ പത്രിക കൃത്യമല്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ തന്നെ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തുല്യമാകേണ്ടതാണ്. എന്നാൽ, 2022-23 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-14 ധനകാര്യക്കമ്മീഷൻ ഗ്രാന്റ് -ട്രഷറി ചെലവ് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല


ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ടൈഡ് - അൺടൈഡ് ഇനങ്ങളിൽ ബാങ്കിൽ വന്ന അലോട്ട്മെന്റ് ,ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷികകണക്കുകളുമായും മാന്വൽ ഏ.സി.ആർ ഉൾപ്പെടെയുള്ള രേഖകളുമായി പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ ട്രഷറിയിൽ നിന്നുള്ള ചെലവുകളും വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ് വിശകലനം

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 22.01.2022 തീയതിയിലെ 6(3)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. 23-24ലെ ബജറ്റ് അവതരിപ്പിച്ചതിനോടൊപ്പം 24.03.2023 തീയതിയിലെ 2(2)-ാം നം. തീരുമാനപ്രകാരം 22-23 വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ഒറിജിനൽ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | ഒറിജിനൽ ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 89118811.00 | 99118811.00 |
| വരവ് | 1109776000.00 | 1108963934.00 |
| ആകെ | 1198894811.00 | 1208082745.00 |
| ചെലവ് | 1093385000.00 | 1206814784.00 |
| നീക്കിയിരിപ്പ് | 105509811.00 | 1267961.00 |

തൻവർഷത്തെ ഒറിജിനൽ ബജറ്റും പുതുക്കിയ ബജറ്റും തമ്മിലുള്ള അന്തരവും പുതുക്കിയ ബജറ്റും വാർഷിക ധനകാര്യപത്രികകൾ പ്രതിഫലിപ്പിക്കുന്ന വരവ് ചെലവ് കണക്കുകൾ തമ്മിലുള്ള അന്തരവും താരതമ്യത്തിന് അതീതമാണ്. തൻവർഷത്തെ റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള ആകെ വരവ് 85 കോടി രൂപയും ആകെ ചെലവ് 65 കോടി രൂപയും മാത്രമാണെന്നത് താരതമ്യത്തിന് അതീതമായ വ്യതിചലനം വെളിവാക്കുന്നു. കൈമാറ്റം ചെയ്യപ്പെട്ട ഓഫീസുകൾക്ക് വേണ്ടിയുള്ള കണ്ടിൻജന്റ് ചെലവിന് വേണ്ടി മെയിന്റനൻസ് ഫണ്ട് റോഡിതരഫണ്ടിൽ നിന്നും പ്രത്യേകം തുക വകയിരുത്തി ക്ലെയിം അനുവദിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് വർഷാരംഭത്തിന് മുമ്പ് വിവിധ ശീർഷകം ഉപശീർഷകം തിരിച്ചുള്ള ഡിമാന്റ് ലഭ്യമാക്കി ഇപ്രകാരമുള്ള ഇനം തിരിച്ചുള്ള (ഉദാ- ഇലക്ട്രിസിറ്റി, വെള്ളക്കരം, വാടക, സ്റ്റേഷനറി, മെയിന്റനൻസ് എന്നിങ്ങനെ) വകയിരുത്തൽ



നടത്താതെയായും ഓരോ ഉപശീർഷകത്തിലെയും
വകയിരുത്തൽ പ്രകാരമുള്ള അപ്രോപ്രിയേഷൻ കൺട്രോൾ ഉറപ്പ് വരുത്താതെയുമാണ് ക്ലെയിം അനുവദിക്കുന്നത്. കേവലം നിയമവ്യവസ്ഥയുടെ അനുവർത്തനത്തിനു മാത്രമായി ബജറ്റ് നടപടിക്രമങ്ങൾ ഏറ്റെടുക്കുന്ന പ്രവണത ഒഴിവാക്കി 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കുന്നതിനും ആവശ്യമായ ബജറ്ററി കൺട്രോൾ ഉറപ്പാക്കുന്നതിനും പ്രത്യക്ഷ വ്യതിയാനം കുറിപ്പുകളിലൂടെ വിശദീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 125522710.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 732748832.00 |
| ആകെ | 858271542.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 650765333.00 |
| നീക്കിയിരിപ്പ് | 207506209.00 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 543700147.00 |
| ആകെ ചെലവ് | 520732208.00 |
| വരുമാനമിച്ചം | 22967939.00 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 6465244.00 |
| അറ്റ വരുമാന മിച്ചം | 16502695.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 223467204.00 |

## 1-4 ഗ്രാൻറ് വിനിയോഗം

കോട്ടയം ജില്ലാപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗം സംബന്ധിച്ചും വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് സംയുക്ത പ്രോജക്ടിനും മറ്റ് പ്രത്യേക ഉദ്ദേശ്യത്തിനുമായി ലഭിച്ച ഫണ്ടുകളുടെയും വിനിമയം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 282179000- | 282179000- | 192473748- | 89705252- | 68.2 |
| വികസന ഫണ്ട്- SCP | 0 | 120398000- | 120398000- | 74967215- | 45430785- | 62.3 |
| വികസന | 0 | 7896000- | 7896000- | 6985145- | 910855- | 88.5 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്-TSP | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 15208435- | 64916145- | 80124580- | 33887270- | 46237310 | 42.3 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 50857125- | 110535984- | 161393109- | 42184497- | 119208612- | 26.1 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 108004000- | 108004000- | 57963200- | 50040800- | 53.7 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 112999000- | 112999000- | 82592897- | 30406103- | 73.1 |
| SSA ഗ്രാന്റ് | 575,052- | 425- | 575477- | 575477- | 0 | - |
| RMSA ഫണ്ട് | 14,532,102- | 0 | 14532102- | 628663- | 13903439- | - |
| വെർച്ചൽ ക്ലാസ്റൂം RGPSA ഗ്രാന്റ് | 312,266- | 0 | 312,266- | 0 | 312,266- | - |
| മൃഗസംരക്ഷണ ഗ്രാന്റ് | 387,516- | 0 | 387,516- | 0 | 387,516- | - |
| ഹയർ സെക്കന്ററി ഗ്രാന്റ് | 4,098,681- | 0 | 4,098,681- | 0 | 4,098,681- | - |
| കേരളോൽ സവം | 64,573- | 400000- | 464,573- | 399900- | 64,673/- | - |
| ഹയർ സെക്കന്ററി ഗ്രാന്റ് (ശുചിത്വം) | 609,857- | 0 | 609,857- | 0 | 609,857- | - |
| നബാർഡ് ഫണ്ട് | 1142571- | 0 | 1142571- | 0 | 1142571- | - |
| കോവിഡ് ഫണ്ട് | 1333- | 0 | 1333- | 0 | 1333- | - |
| ഉണഭോക്തൃ വിഹിതം | 38677- | 0 | 38677- | 0 | 38677- | - |
| സംസ്ഥാന അവാർഡ് | 500000- | 0 | 500000- | 0 | 500000- | - |
| ഗ്രാമ പഞ്ചായത്ത് വിഹിതം (ക്യാപ്പിറ്റൽ) | 577356- | 0 | 577356- | 0 | 577356- | - |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ക്യാപ്പിറ്റൽ) | 500000- | 0 | 500000- | 0 | 500000- | - |

| | | | | | | |
|---|---|---|---|---|---|---|
| മുനിസിപ്പാലിറ്റി വിഹിതം (റവന്യൂ) | 900000- | 0 | 900,000- | 0 | 900000- | - |
| ഗ്രാമ പഞ്ചായത്ത് വിഹിതം (റവന്യൂ) | 970603- | 5061137- | 6031740- | 4360837- | 1670903- | - |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ) | 1668092- | 0 | 1668092- | 0 | 1668092- | - |
| ഗ്രാമ പഞ്ചായത്ത് പ്രത്യേക ഫണ്ട് | 55116- | 0 | 55116- | 0 | 55116- | - |

തൻവർഷം സർക്കാർ ഗ്രാന്റുകളിൽ നിന്ന് സ്രോതസ്സിൽ തുകയൊന്നും കുറവ് ചെയ്തിട്ടില്ല.

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിമയത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1.ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2.പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും ഗുണഭോക്തൃ വിഹിതത്തിന്റെയും മുന്നിരിപ്പ് വിശദാംശം എ.സി.ആറിൽ ലഭ്യമല്ല. ജില്ലാ പഞ്ചായത്ത് ഫണ്ടിലുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ഉദ്ദേശ്യം, ലഭിച്ച കാലയളവ് എന്നീ വിവരങ്ങൾ ലഭ്യമല്ല.

3.വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. പ്രസ്തുത വിഹിതങ്ങൾ ലഭിച്ചതിന്റെ ഉദ്ദേശ്യം, ലഭിച്ച കാലയളവ്, വിഹിതം ഒടുക്കിയ തദ്ദേശ ഭരണ സ്ഥാപനം തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും സൂക്ഷിച്ചിട്ടില്ല.

4.ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ തൻവർഷത്തെ ബജറ്റ് വിഹിതത്തിലും അധികമായി തുക ലഭിച്ചിട്ടുണ്ട്. ബേസിക് ഗ്രാന്റിനത്തിൽ താൽക്കാലിക ബജറ്റ് വകയിരുത്തൽ 45495200/-രൂപ ആയിരുന്നുവെങ്കിലും 2021-22 കാലയളവിലെ പലിശ ഇനത്തിൽ ലഭ്യമായ 1381174/-രൂപയും 2020.21 ലെ വിഹിതത്തിൽ ഉണ്ടായ കുറവ് 2022-23 ൽ പരിഹരിച്ച ഇനത്തിൽ 23-06-2022 ലെ സർക്കാർ ഉത്തരവ് നം.4585/2022/ധന പ്രകാരം അധികമായി അനുവദിച്ച തുക(15058943/-രൂപ) ഉൾപ്പെടെ ആകെ 85247338/-രൂപ വിനിയോഗിക്കാൻ ലഭ്യമായിരുന്നതായും ഇതിൽ 33887270/-രൂപ ചെലവഴിച്ചതായും കണക്കാക്കിയിട്ടുണ്ട്.(39.75%)(പരിഹാര വകയിരുത്തൽ പട്ടിക 2 പ്രകാരം). ഇതിൽ 43284849/-രൂപ PFMS അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉള്ളതായും ട്രഷറി മുഖേന അനുവദിച്ചതിൽ 8075219/-രൂപ താൽക്കാലികമായി സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടതായും കാണുന്നു. ടൈഡ് ഗ്രാന്റിനത്തിൽ താൽക്കാലിക ബജറ്റ് വകയിരുത്തൽ 68242800/-രൂപ ആയിരുന്നുവെങ്കിലും 2020-21 ലെ വിഹിതത്തിൽ ഉണ്ടായ കുറവ് 2022-23 ൽ പരിഹരിച്ച ഇനത്തിൽ 23-06-2022 ലെ സർക്കാർ ഉത്തരവ് നം.4585/2022/ധന പ്രകാരം അധികമായി അനുവദിച്ച 42292984/-രൂപ ഉൾപ്പെടെ ആകെ 175570549/-രൂപ വിനിയോഗിക്കാൻ ലഭ്യമായിരുന്നതായും ഇതിൽ 42184497/-രൂപ ചെലവഴിച്ചതായും കണക്കാക്കിയിട്ടുണ്ട്. (24.03%) (പരിഹാര വകയിരുത്തൽ പട്ടിക 2 പ്രകാരം). ഇതിൽ 109858542/-രൂപ PFMS അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉള്ളതായും ട്രഷറി മുഖേന അനുവദിച്ചതിൽ 23527510/-രൂപ താൽക്കാലികമായി സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടതായും കാണുന്നു. എന്നാൽ ലഭ്യമാക്കിയ ഗ്രാന്റ് പത്രിക ഇപ്രകാരമുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും മറ്റ് തദ്ദേശ ഭരണ സ്ഥാപന വിഹിതങ്ങളുടെയും കണക്കുകളിലും രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നു. പ്രസ്തുത അപാകതകൾക്ക് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.


## 1-5 പദ്ധതി അവലോകനം

ജില്ലാ പഞ്ചായത്തിന്റെ 2022-23ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 15 വർക്കിംഗ് ഗ്രൂപ്പുകൾ

രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തിട്ടുള്ളതായി കാണുന്നു. തൻവർഷത്തെ കരട് പദ്ധതി നിർദ്ദേശങ്ങൾക്കായി വർക്കിംഗ് ഗ്രൂപ്പുകൾ 07-01-22, 23-06-22, 07-01-23 തീയതികളിൽ യോഗം ചേർന്നു. പല വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങളുടെ മിനിറ്റ്സിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. വാർഷിക പദ്ധതി രൂപീകരണ സഭ 31-05-22 ലും വികസനസെമിനാർ 23-06-22 ലും ചേർന്നു.

**വാർഷികപദ്ധതി**

ജില്ലാ ആസൂത്രണസമിതിയുടെ 06-03-23 തീയതിയിലെ 80898/18/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചു. സ്പിൽ ഓവർ ഉൾപ്പെടെ വാർഷിക പദ്ധതിപ്രകാരം ആവിഷ്കരിച്ച 778 പ്രൊജക്ടുകളിൽ 386 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയത്. ആവിഷ്കരിച്ച പ്രോജക്ടുകളിൽ പകുതിയോളം നടപ്പാക്കിയിട്ടില്ല. സെക്രട്ടറി നിർവഹണം നടത്തിയവയിൽ ഭൂരിഭാഗവും സംയുക്തപ്രോജക്ടുകൾക്കായി തുക കൈമാറലും നിക്ഷേപ പ്രവൃത്തികളുമാണ്. ഗ്രാമപഞ്ചായത്തുകളിൽ തെരുവുവിളക്കുകൾക്കായി ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കൽ, കുടിവെള്ളവിതരണപദ്ധതികൾക്കായി പൈപ്പ് ലൈൻ നീട്ടൽ എന്നിവ കേരള ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിട്ടി എന്നിവ മുഖേന നിക്ഷേപപ്രവൃത്തിയായി നടപ്പാക്കുന്നു. ഇതു കൂടാതെ KEL എന്ന ഏജൻസി മുഖേനെ ഡെപ്പോസിറ്റ് വർക്ക് എന്ന നിലയിലും അല്ലാതെയും വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള പ്രവൃത്തികളുടെ സമയബന്ധിതവും അന്തിമവുമായ പൂർത്തീകരണം കൃത്യമായി നിരീക്ഷിയ്ക്കുന്നില്ല.




കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഭൂരിഭാഗവും പാടശേഖരങ്ങൾക്ക് ബണ്ട് നിർമ്മാണമാണ്. പാടശേഖരങ്ങൾക്ക് ബണ്ട് നിർമ്മിക്കുന്ന പ്രവൃത്തികളുടെ സ്ഥാനനിർണ്ണയം സംബന്ധിച്ച് കൃത്യമായ പ്ലാൻ തയ്യാറാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ ചെയ്തിട്ടുള്ളതുപോലെ കൊയ്ത്തുമെതിയന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയ്ക്ക് 15 ലക്ഷത്തിലധികം തുക തൻവർഷവും ചെലവഴിച്ചിട്ടുണ്ട്. പ്രവർത്തന ക്ഷമമല്ലാത്ത കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉപകരണങ്ങളുടെ ലേലനടപടികൾ അനന്തമായി നീണ്ടുപോകുന്നതും പുതിയയന്ത്രങ്ങളുടെ കാര്യക്ഷമവും വരുമാനദായകവുമായ ഉപയോഗം ഉറപ്പാക്കാനാവാത്തതും വീഴ്ചയാണ്. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി എല്ലാ വർഷവും നടപ്പാക്കി വരുന്ന എച്ച്.ഐ.വി രോഗബാധിതർക്കായി പോഷകാഹാരവിതരണം, എച്ച്.ഐ.വി ബാധിതരുടെ മക്കൾക്ക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാർക്കായി മുച്ചക്രവാഹനം എന്നീ സേവനപ്രദാന പ്രോജക്ടുകൾ പ്രത്യേക പരിരക്ഷ അർഹിക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രയോജനകരമാകുന്നുണ്ട്.

ജില്ലാവ്യവസായകേന്ദ്രം മാനേജർ മുഖേന ചെറുകിട വ്യവസായ സംരംഭകർക്ക് (ജെ.എൽ.ജികൾ ഉൾപ്പടെ) ധനസഹായം നൽകൽ പദ്ധതികളും കുമരകം കുമ്മായ വ്യവസായ സഹകരണസംഘം ക്ലിപ്തത്തിൽ പുകമലിനീകരണം തടയുന്നതിന് വാട്ടർ സ്ക്രബിംഗ് മെഷീൻ സ്ഥാപിയ്ക്കലുമാണ് നടപ്പാക്കിയതിൽ പ്രധാന പ്രോജക്ടുകൾ. ഇതിൽ കുമ്മായ ഫാക്ടറിയിൽ 28 ലക്ഷം രൂപ വിലവരുന്ന മെഷീൻ ആണ് സ്ഥാപിച്ചിരിയ്ക്കുന്നത്. സബ്സിഡി വിഹിതമായി 13 ലക്ഷമാണ് പ്രോജക്ട് പ്രകാരം നൽകിയത്. ടി മെഷീൻ സ്ഥാപിച്ചതോടു കൂടി കുമ്മായം ഉണ്ടാക്കുന്നതിനോടനുബന്ധിച്ച് മുൻകാലങ്ങളിൽ ചൂള പ്രവർത്തിക്കുമ്പോൾ പ്രദേശവാസികൾക്ക് അനുഭവപ്പെട്ടിരുന്ന കഠിനമായ പുകകൊണ്ടുള്ള പ്രശ്നങ്ങൾ ഒഴിവായതായി ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനാവേളയിൽ സംഘത്തിലെ ജീവനക്കാരൻ അറിയിച്ചു.

പട്ടികജാതിവികസനഓഫീസർ മുഖേന തൻവർഷം എസ്.സി, എസ്.ടി വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കെഎഎസ് പിഎസ് സി പരിശീലന പദ്ധതിയാണ് നടപ്പാക്കിയത്. പദ്ധതിയിൽ വിവിധ പഞ്ചായത്തുകളിൽ നിന്ന് തെരഞ്ഞെടുത്ത 43 ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരം Continuing Education Cell മുഖേന പരിശീലനക്ലാസ്സുകൾ നാട്ടകം ഗവ കോളേജിൽ വെച്ചു നടത്തുകയാണ് ചെയ്തിട്ടുള്ളത് .എന്നാൽ സമഗ്രമായ രീതിയിൽ ആവിഷ്കരിച്ച ടി പ്രോജക്ട് നാമമാത്രമായ രീതിയിൽ മാത്രം നടത്തിയതിനാൽ ലക്ഷ്യം കൈവരിച്ചില്ല.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പടുതാക്കുളത്തിലെ മത്സ്യകൃഷിയും ഡെപ്യൂട്ടി ഡയറക്ടർ ഡയറി മുഖേന ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് ,കാലിത്തീറ്റ വിതരണത്തിന് പഞ്ചായത്തുകൾക്ക് തുക കൈമാറൽ, ക്ഷീര സംഘങ്ങൾക്ക് AMCU സ്ഥാപിയ്ക്കൽ പദ്ധതികളും നടപ്പാക്കി. ഉൽപ്പാദന മേഖലയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ

ഭൗതിക നേട്ടം യൂണിറ്റ് അടിസ്ഥാനത്തിൽ വിലയിരുത്താത്തതും ഫലപ്രദമായ മോണിറ്ററിങ്ങിന്റെ അഭാവവും ന്യൂനതയായി അവശേഷിക്കുന്നു.
വിവിധ മെഡിക്കൽ ഓഫീസർമാർ വഴി മരുന്ന് - മെഡിക്കൽ ഉപകരണങ്ങൾ വാങ്ങലുകളും പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധമരുന്ന് വിതരണവുമാണ് പ്രധാനമായി നടപ്പാക്കിയത്.
പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ മുഖേന വിവിധ സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കലാണ് പ്രധാനമായും നടപ്പാക്കിയത്. എന്നാൽ പല സർക്കാർ സ്കൂളുകളിലും സ്ഥാപിക്കപ്പെട്ടവ കേടായിപ്പോകുകയോ കത്തിപ്പോകുകയോ ചെയ്തിട്ടുണ്ട്. സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ എന്ന പ്രോജക്ട് നിർവ്വഹിച്ചിട്ടുള്ളത് ആവശ്യകതാനിർണ്ണയം നടത്തി കൃത്യമായ മുൻഗണനാക്രമം നിശ്ചയിച്ചതിന് ശേഷമല്ല.
ദാരിദ്ര്യലഘൂകരണയൂണിറ്റ് പ്രോജക്ട് ഡയറക്ടർ വഴി ലൈഫ് ഭവനപദ്ധതിക്കായി ജനറൽ, എസ്.സി.പി, ടി.എസ്.പി വിഭാഗങ്ങൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറി നൽകിയിട്ടുണ്ട്. എന്നാൽ വീടുകളുടെ പൂർത്തീകരണം സംബന്ധിച്ച കണക്കുകൾ കീഴ് തലങ്ങളിൽ നിന്ന് ലഭ്യമാക്കി കൃത്യമായ പുരോഗതി അവലോകനം ചെയ്യുന്നുണ്ടോയെന്ന് രേഖാപരമായി പരിശോധിച്ചുറപ്പാക്കാൻ സാധിച്ചില്ല.
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി വിഭാവനം ചെയ്ത 496 പദ്ധതികളിൽ 231 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയത്. പകുതിയിൽ കൂടുതൽ പ്രോജക്ടും തൻവർഷം നടപ്പാക്കിയിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളിൽ സിംഹഭാഗവും മരാമത്ത് പ്രവൃത്തികൾ ആയതിനാൽ ഏറ്റവും കൂടുതൽ തുക വകയിരുത്തുന്നത് ഈ മേഖലയിൽ ആണ്. തൽഫലമായി മരാമത്ത് വേലകൾ നടപ്പാക്കാനാകാത്തത് ഫണ്ട് ലാപ്സാകുന്നതിനും പ്രധാന കാരണമായി തീരുന്നു. പല പ്രോജക്ടിന്റെയും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പദ്ധതിയുടെ കാലികമായ അവസ്ഥയെക്കുറിച്ചുള്ള പൊതുപരാമർശം ഉൾപ്പെടുത്തുന്നില്ല. കൃത്യമായ സൈറ്റ് കണ്ടീഷൻ വിലയിരുത്താതെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ മൂലം ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളുടെയും നിർവ്വഹണവേളയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. (ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച പരാമർശം കൂടി കാണുക) പ്രോജക്ടുകളുടെ നിർവ്വഹണ ഘട്ടം മുതൽ പൂർത്തീകരണം വരെ നിരന്തരമായി ഏറ്റെടുക്കേണ്ടതായ മോണിറ്ററിങ്ങ് പ്രക്രിയ കാര്യക്ഷമമല്ലാത്തതിനാൽ നിർവ്വഹണവേളയിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതിനും ലക്ഷ്യപ്രാപ്തി അപഗ്രഥിക്കുന്നതിലും വീഴ്ച്ച ഉണ്ടായിട്ടുണ്ട്. വിവിധ നിർവ്വഹണോദ്യോഗസ്ഥർ തൻവർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കേണ്ടിയിരുന്ന പ്രോജക്ടുകൾ | നടപ്പാക്കിയവ | പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 202 | 86 | 228875599 | 89163706 | 39 |
| ജില്ലാ ഓഫീസർ, വനിതാശിശു വികസനം | 2 | 1 | 1730000 | 335133 | 19.4 |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം. | 7 | 6 | 4101000 | 2098833 | 51.2 |
| കൃഷിഅസി. എക്സിക്യൂട്ടീവ് എൻജിനീയർ | 17 | 14 | 30713184 | 22099975 | 72 |
| ഡെപ്യൂട്ടിഡയറക്ടർ (പൊതു വിദ്യാഭ്യാസം) | 6 | 5 | 28143980 | 19849221 | 70.5 |
| ജില്ലാ മിഷൻ കോർഡിനേറ്റർ | 2 | 0 | 2500000 | 0 | 0 |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ. | 1 | 1 | 6360000 | 280036 | 4.4 |
| ഡെപ്യൂട്ടി ഡയറക്ടർ, (ഫിഷറീസ് ) | 1 | 1 | 1968000 | 383872 | 19.5 |
| ഡെപ്യൂട്ടിഡയറക്ടർ, (ക്ഷീരവികസനം) | 3 | 3 | 18450000 | 14149410 | 76.7 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ. | 3 | 3 | 5400000 | 5247500 | 97.2 |
| മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ | 4 | 4 | 7750000 | 5552861 | 71.6 |
| പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്. | 6 | 5 | 113487358 | 112557189 | 99.2 |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപാദന കേന്ദ്രം | 3 | 3 | 2000000 | 1560442 | 78 |
| ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, കോഴ | 1 | 1 | 1000000 | 1000000 | 100 |
| ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 500000 | 500000 | 100 |
| ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി ) | 3 | 2 | 6164550 | 446750 | 7.2 |
| ജില്ലാ മെഡിക്കൽ ഓഫീസർ (ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ) | 1 | 1 | 2000000 | 2000000 | 100 |
| ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി(ആയുർവേദം) | 3 | 3 | 11050000 | 11049997 | 99.9 |
| സൂപ്രണ്ട്, ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ) | 2 | 2 | 925000 | 867260 | 93.8 |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി, (അലോപ്പതി) | 11 | 10 | 18250479 | 14944800 | 81.9 |
| അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രിഫാം | 3 | 3 | 16063010 | 15147393 | 94.3 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ(ത.സ്വ.ഭ.വ) | 496 | 231 | 486596555 | 187686184 | 38.6 |
| ആകെ | 778 | 385 | 994028715 | 506920562 | 51 |

തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 22 നിർവ്വഹണോദ്യോഗസ്ഥരിൽ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ പ്രോജക്ടുകളൊന്നും നടപ്പാക്കിയില്ല. ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ(അലോപ്പതി ) എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് 10% ല്വം താഴെയും ജില്ലാ ഓഫീസർ, വനിതാശിശുവികസനം, ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്), എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് 20%വും മാത്രമാണ്. വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ | മേഖല | അംഗീകാരം | നടപ്പിലാക്കിയ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| നം. | | ലഭിച്ചത് | പദ്ധതികൾ | | | |
| 1. | ഉത്പാദനം | 86 | 53 | 132828450 | 75318514 | 56.7 |
| 2. | സേവനം | 420 | 196 | 608949296 | 320822026 | 52.7 |
| 3. | പശ്ചാത്തലം | 272 | 136 | 252250969 | 110780022 | 43.9 |
| ആകെ | | 778 | 385 | 994028715 | 506920562 | 50.99 |

മേഖലാടിസ്ഥാനത്തിൽ പരിശോധിച്ചതിൽ സേവനമേഖലയിലും പശ്ചാത്തലമേഖലയിലും ആവിഷ്കരിച്ച പകുതി പ്രോജക്ടുകൾ പോലും തൻവർഷം നടപ്പാക്കാനായിട്ടില്ലയെന്ന് കാണുന്നു. ഉല്പാദനമേഖലയിൽ ഏകദേശം 60 ശതമാനത്തോളം പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്

തൻവർഷം പ്രോജക്ട് നടപ്പാക്കിയ 22 നിർവഹണോദ്യോഗസ്ഥരിൽ നാമമാത്രമായി പ്രോജക്ടുകൾ ആവിഷ്കരിച്ച ഡെപ്യൂട്ടി ഡയറക്ടർ, (ഫിഷറീസ്), ജില്ലാ പട്ടികജാതി വികസന ഓഫീസർ, ഡെപ്യൂട്ടിഡയറക്ടർ (ക്ഷീരവികസനം), ജില്ലാസാമൂഹ്യക്ഷേമ ഓഫീസർ, മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപാദനകേന്ദ്രം ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, കോഴ, ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ജില്ലാ മെഡിക്കൽ ഓഫീസർ (ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ), ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവേദം), സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി(ഹോമിയോ), അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രിഫാം, മണർകാട് എന്നീ നിർവ്വഹണോദ്യോഗസ്ഥർ ആവിഷ്കരിച്ച പ്രോജക്ടുകളെല്ലാം നടപ്പാക്കിയെങ്കിലും വകയിരുത്തിയ മുഴുവൻ തുകയും വിനിയോഗിച്ചത് ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ജില്ലാ മെഡിക്കൽ ഓഫീസർ (ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ), ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവേദം) എന്നീ നിർവ്വഹണോദ്യോഗസ്ഥർ മാത്രമാണ്. തൻവർഷം 778 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ സെക്രട്ടറി ഉൾപ്പെടെയുള്ള 22 നിർവ്വഹണോദ്യോഗസ്ഥർ മുഖേന ആകെ 385 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കാനായത്. ആവിഷ്കരിച്ച 778 പ്രോജക്ടുകളിൽ 496 പ്രോജക്ടുകളുടെയും നിർവ്വഹണ ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനായിരുന്നു (64%). ഇതിൽ 231 പ്രോജക്ടുകൾക്ക് വേണ്ടി മാത്രമാണ് തൻവർഷം തുക വിനിയോഗിയ്ക്കാനായത്. തൻവർഷം തുക വിനിയോഗിച്ച പല പ്രോജക്ടുകളും അന്തിമമായി പൂർത്തീകരിച്ചിട്ടുമില്ല. സെക്രട്ടറിയ്ക്ക് നിർവഹണ ചുമതല ഉണ്ടായിരുന്ന 202 പ്രോജക്ടുകളിൽ കേവലം 86 പ്രോജക്ടുകൾക്ക് വേണ്ടി മാത്രമാണ് തുക വിനിയോഗിയ്ക്കാൻ സാധിച്ചത്. ഇപ്രകാരം വാർഷിക പദ്ധതിയുടെ ഭാഗമായ പ്രോജക്ടുകളുടെ 90% ത്തിന്റെയും നിർവ്വഹണചുമതല 2 നിർവഹണോദ്യോഗസ്ഥരിൽ മാത്രമായി കേന്ദ്രീകരിയ്ക്കപ്പെട്ടു. മേൽ വിവരിക്കപ്പെട്ട സാഹചര്യത്തിൽ പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കാത്തതിനാലും സമയബന്ധിതമായി ബില്ലുകൾ പ്രകാരമുള്ള വിനിയോഗം ഉറപ്പാക്കാത്തതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 89705252- |
| വികസന ഫണ്ട്-SCP | 45430785- |
| വികസന ഫണ്ട്-TSP | 910855- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 50040800- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 30406103- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ട്രഷറി മുഖേനയുള്ളത്) | 31602729- |
| ആകെ | 248096524- |

വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തതിൽ തൻവർഷത്തെ വിനിയോഗത്തിൽ 80% ൽ കുറവ് വരുന്ന തുക മാത്രമാണ് നിലവിലുള്ള ഫണ്ട് വിനിമയ വ്യവസ്ഥകൾ പ്രകാരം ആത്യന്തികമായി ജില്ലാ പഞ്ചായത്തിന് നഷ്ടമാകുന്നതെങ്കിലും ക്യാരി ഓവർ വിഹിതം പൂർണ്ണമായി ലഭ്യമാക്കാനുള്ള വിനിയോഗ വ്യവസ്ഥകൾ തുടർവർഷത്തിൽ പാലിക്കേണ്ടതുണ്ട്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നിശ്ചിത ഇടവേളകളിൽ നടത്തുന്നുണ്ട്. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പരിശോധന നിർവ്വഹിച്ച തീയതി/സമയം | ക്യാഷ് (Rs.) | ഡി.ഡി/ചെക്ക് | റിമാർക്ക്സ് |
|---|---|---|---|---|
| 1. | 20-09-23/4pm | 72155- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |
| 2. | 27-10-23/4.50pm | 47417- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |

## 1-7 ആഭ്യന്തരനിയന്ത്രണസംവിധാനം

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അഞ്ചാം പട്ടിക പ്രകാരമുള്ള നിയമാനുസൃത ചുമതലകൾ ജില്ലയിലെ ജനങ്ങളുടെ ക്ഷേമം മുൻനിർത്തി നിർവ്വഹിക്കാനുള്ള ജില്ലാപഞ്ചായത്തിന്റെ ശേഷി സ്ഥാപനത്തിലെ ആഭ്യന്തര നിയന്ത്രണത്തിന്റെ കാര്യക്ഷമതയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ചുമതലകളും സ്ഥാപനങ്ങളും ചുമതലകൾ നിർവ്വഹിക്കുന്നതിനായി കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള മനുഷ്യശേഷിയും കൈമാറ്റം ചെയ്യപ്പെടുന്ന ഫണ്ടും സമാഹരിക്കപ്പെടുന്ന മറ്റ് ഫണ്ടുകളും ആയതിന്റ വിനിമയനടപടികളും ചേർന്ന ജില്ലാപഞ്ചായത്ത് സംവിധാനം ഒരു സിസ്റ്റം എന്ന നിലയിൽ പ്രവർത്തിക്കുന്നതിന്റെ കാര്യക്ഷമത ഓഡിറ്റിൽ പൊതുവായി വിലയിരുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലുകളും നിരീക്ഷണങ്ങളുമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആഭ്യന്തര നിയന്ത്രണസംവിധാനത്തെ പ്രതികൂലമായി ബാധിക്കുന്ന ചില ഘടകങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

**1. വാർഷികപദ്ധതി -ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല.**

ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ സിംഹഭാഗവും വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി ലഭിക്കുന്ന ഫണ്ടുകളുടെ പൂർണ്ണമായ വിനിയോഗം ഉറപ്പാക്കാൻ കഴിയുന്നില്ല. ഇത് വർഷങ്ങളായി തുടരുന്ന അപാകമാണ്. വിവിധ ഫണ്ടിനങ്ങളിൽ ലഭ്യമാകുന്ന തുകയുടെ വിനിയോഗത്തിൽ വർഷാവർഷങ്ങളിൽ ചെറിയതോതിലുള്ള ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നുണ്ടെങ്കിലും മിക്ക വർഷങ്ങളിലും വലിയ തുകയാണ് വർഷാവസാനത്തിൽ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെടുന്നത്. വാർഷികപദ്ധതിയുടെ ഭാഗമായ തുകയുടെ വിനിയോഗത്തിൽ ഗണ്യമായ ഒരു വിഹിതം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിലേയ്ക്കുള്ള ഡെപ്പോസിറ്റ് ചെയ്യലും മറ്റ് തലങ്ങളിലൂടെ നിർവ്വഹിക്കപ്പെടുന്ന പദ്ധതികൾക്കുള്ള ഫണ്ട് കൈമാറലുമാണ്. ഇത്തരം പ്രോജക്ടുകൾ പ്രകാരമുള്ള വിഹിതം കൈമാറുമ്പോൾ തന്നെ വാർഷിക പദ്ധതി തുകയുടെ വിനിയോഗകണക്കുകളിൽ ഉൾപ്പെടുത്തിവരുന്നു. എന്നാൽ കൈമാറിയ തുകയ്ക്ക് അനുസൃതമായ ഭൗതീകനേട്ടം ആർജ്ജിക്കൽ, സമയബന്ധിതമായ പൂർത്തീകരണം എന്നിവ ഉറപ്പാക്കുന്നതിനുള്ള നിരീക്ഷണ സംവിധാനം അപര്യാപ്തമാണ്. ആയതിനാൽ ഓരോവർഷത്തെയും സാമ്പത്തിക ലക്ഷ്യം(Financial Target) കൈവരിക്കുന്നതോടൊപ്പം അതാത് വർഷത്തെ ഭൗതികനേട്ടവും (Physical Target) കൃത്യമായും യാഥാർത്ഥ്യബോധത്തോടെയും വിലയിരുത്തപ്പെടേണ്ടതുണ്ട്.

**2. പ്രൊജക്ടുകളുടെ വെറ്റിങ്ങ് നടപടിക്രമങ്ങൾ- സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ഫലപ്രദമാകുന്നില്ല.**

ഓരോ വർഷത്തെയും പ്രോജക്ടുകളുടെ ആവിഷ്ക്കരിക്കലും ഭേദഗതികളും മുൻഗണനാക്രമം മാറ്റലും വ്യവസ്ഥാപിതമായ പ്രക്രിയയിലൂടെയും(Due Process) ജനകീയ ആവശ്യങ്ങൾ പരിഗണിച്ചുമാണോ നടപ്പാക്കുന്നതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. പദ്ധതി ആസൂത്രണ/രൂപീകരണ പ്രക്രിയകളുടെ കാര്യക്ഷമത രേഖാപരമായി ഉറപ്പാക്കാൻ പരിമിതികൾ നേരിടുന്നുണ്ട്. പ്രോജക്ടുകളുടെ വെറ്റിങ്ങ് നടപടികൾ കാര്യക്ഷമമാകേണ്ടതുണ്ട്. പ്രോജക്ട് വെറ്റിങ്ങിന് ക്ഷമതയുള്ള ഉദ്യോഗസ്ഥർ പതിനാലാം പദ്ധതിയുടെ ആസൂത്രണ/നിർവ്വഹണ/സബ്സിഡി മാർഗ്ഗരേഖയും പദ്ധതി ലക്ഷ്യങ്ങളും മുൻനിർത്തി പ്രോജക്ടുകളുടെ സൂക്ഷ്മപരിശോധനയിൽ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

**3. മരാമത്ത് പ്രവൃത്തികൾ- എസ്റ്റിമേറ്റ് റിപ്പോർട്ട് സമഗ്രമല്ല.**

ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗത്തിലെ മരാമത്ത് പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പ് സമഗ്രമാണ്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രവൃത്തിയുടെ ആവശ്യകത, ഭൗതിക ലക്ഷ്യം, സൈറ്റ് കണ്ടീഷൻ, ഓരോ പ്രവൃത്തിയുടെ ഭാഗമായും മുൻകാലങ്ങളിൽ നിർവ്വഹിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ ,നിലവിലെ അവസ്ഥ, പ്രവൃത്തി അന്തിമമായി പൂർത്തീകരിക്കാൻ ആവശ്യമായ ഘട്ടങ്ങൾ, അന്തിമമായി പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രതീക്ഷിത ചെലവ്

എന്നിവ സ്വയംവിശദീകരണ സ്വഭാവത്തോടെ രേഖപ്പെടുത്തുന്നില്ല. പ്രോജക്ട് പ്രൊഫോർമയിൽ വിവരണാത്മകമായി രേഖപ്പെടുത്തേണ്ട വിശദാംശങ്ങൾ നിശ്ചിത കോളത്തിൽ വളരെ ചുരുക്കമായി മാത്രമാണ് രേഖപ്പെടുത്തുന്നത്.

**4. നിക്ഷേപപ്രവൃത്തികൾ- ഭൗതികനേട്ടം വിലയിരുത്തപ്പെടുന്നില്ല.**

നിർവ്വഹണ ഏജൻസികളിലൂടെയും അക്രഡിറ്റഡ്/അംഗീകൃത ഏജൻസികളിലൂടെയും നിർവ്വഹിക്കപ്പെടുന്ന പ്രോജക്ടുകളുടെ ഗുണപരവും സമയബന്ധിതവുമായ പൂർത്തീകരണം ഉറപ്പാക്കുന്നതിനായി ആവശ്യമായ സന്ദർഭങ്ങളിൽ ഇടപെടുന്നതിനുള്ള ജില്ലാപഞ്ചായത്തിനുള്ള ശേഷി പരിമിതമാണ്. ഇപ്രകാരം നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികളുടെ വിശദമായ മൂല്യനിർണ്ണയ/വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ കാര്യക്ഷമമായ മോണിറ്ററിങ് നടത്താൻ കഴിയാത്തതും ഭൗതിക നേട്ടം വിലയിരുത്താൻ സാധിക്കാത്തതും വർഷങ്ങളായി ഡെപ്പോസിറ്റ് ചെയ്യപ്പെട്ട തുക ക്രമീകരിക്കാതെ അവശേഷിക്കുന്നതും ഇത് സംബന്ധമായ നിയന്ത്രണ സംവിധാനത്തിലെ അപര്യാപ്തത മൂലമാണ്.

**5. വാർഷികധനകാര്യപത്രിക- ആസ്തി/ബാദ്ധ്യത തുകകൾ വിശദീകരിക്കപ്പെടുന്നില്ല.**

സാംഖ്യ അക്കൗണ്ടിങ് സമ്പ്രദായം തുടങ്ങിയ 2012 മുതൽ താൽക്കാലികമായി ഉൾപ്പെടുത്തിയിരുന്ന ചില ആസ്തി/ബാധ്യത തുക അന്തിമമായി സ്ഥിരീകരിക്കപ്പെടാത്ത സ്ഥിതിവിശേഷമുണ്ട്. ധനകാര്യപത്രിക പ്രതിഫലിപ്പിക്കുന്ന ബാധ്യത തുകയിൽ ഉൾപ്പെടുന്ന ഡെപ്പോസിറ്റ് തുകയുടെ വർഷംതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല. വാർഷിക ധനകാര്യപത്രിക പ്രതിഫലിപ്പിക്കാത്ത (ക്യാഷ് ഡെപ്പോസിറ്റ് അല്ലാത്തവ) ഡെപ്പോസിറ്റിൽ കാലഹരണപ്പെട്ട തുകകൾ ഉൾപ്പെടുന്നുണ്ടെന്ന് വ്യക്തമാണെങ്കിലും ഇവയുടെ വിശദാംശങ്ങൾ ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി പരിശോധിച്ച് ആയവ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിക്കുന്നതായും കാണുന്നില്ല. അതാത് നിർവ്വണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട ക്യാഷ് ഡെപ്പോസിറ്റ് അല്ലാത്ത ഡെപ്പോസിറ്റുകൾ (എഫ്.ഡി സർട്ടിഫിക്കറ്റ്, ബാങ്ക് ഗ്യാരണ്ടി സർട്ടിഫിക്കറ്റ്, ഡിമാന്റ് ഡ്രാഫ്റ്റ് മുതലായവ) അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ കൈകാര്യം ചെയ്തുവരുന്നതിനാൽ ഇവയുടെ ക്രോഡീകരിച്ച വിവരം ലഭ്യമല്ല. ധനകാര്യ പത്രിക പ്രതിഫലിപ്പിക്കുന്ന ആസ്തിയിൽ ഉൾപ്പെട്ട ക്രമീകരിക്കാനുള്ള മുൻകൂർ തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമല്ല. ആധികാരികമല്ലാത്ത വിനിയോഗ സർട്ടിഫിക്കറ്റ് കൂടാതെ മുൻകൂർ തുക ക്രമീകരിക്കുന്നതിനും ആസ്തിവൽക്കരിക്കുന്നതിനും സാധ്യതയുണ്ട്. ഇത്തരം റിസ്ക് പൂർണ്ണമായും ഒഴിവാക്കേണ്ടതുണ്ട്. ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രസീതുബുക്കുകളുടെയും സ്റ്റേഷനറികളുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള ഹാർഡ് വെയറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. തനതുഫണ്ട് വൌച്ചറുകൾ കൃത്യമായി മാസം തിരിച്ച് അടുക്കി സൂക്ഷിയ്ക്കുന്നുണ്ട്. എന്നാൽ ചെലവുകൾ സംബന്ധിച്ച പ്രാമാണികവും ആധികാരികവുമായ രേഖ വൗച്ചർ ഫയൽ ആകയാൽ എല്ലായിനം ഫണ്ടുകളിൽ നിന്നുമുള്ള ദിനംപ്രതിയുള്ള ചെലവ് സംക്ഷിപ്തം ലഭ്യമാവുന്ന വിധം വൗച്ചർ ഫയൽ സൂക്ഷിപ്പ് ക്രമപ്പെടുത്തേണ്ടതാണ്. കടലാസ് രഹിത ഓൺലൈൻ സംവിധാനം പൂർണ്ണമായി നടപ്പിലാക്കുന്നത് വരെ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

**6. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ- കാര്യക്ഷമത സ്റ്റാൻഡിങ് കമ്മറ്റികൾ നിരീക്ഷിക്കുന്നില്ല.**

ജില്ലാപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിൽ ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ കുറെക്കൂടി കാര്യക്ഷമമായി ഇടപെടേണ്ടതാണ്. പ്രത്യേകിച്ചും കാർഷിക യന്ത്രോപകരണങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കുന്നതിനും ഉപയോഗക്ഷമത ഇല്ലാത്ത പഴയ യന്ത്രോപകരണങ്ങൾ സുതാര്യമായ ലേലനടപടികളിലൂടെ കൈയ്യൊഴിയുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കൃഷിത്തോട്ടത്തിലേയും ഫാമുകളിലേയും സ്ഥിരം/താൽക്കാലിക തൊഴിലാളികളുടെ ശമ്പളം/വേതനം, മറ്റ് പ്രധാന ചെലവുകൾ സർക്കാർ നേരിട്ടാണ് നിർവ്വഹിക്കുന്നത്. ഇതുൾപ്പടെയുള്ള ചെലവുകളും പ്രസ്തുത കൃഷിത്തോട്ടത്തിലും ഫാമുകളിലും ഉൽപ്പാദിപ്പിക്കപ്പെടുന്നവയുടെ വിൽപ്പനയിലൂടെ സമാഹരിക്കാൻ വിറ്റ് വരവ് തുകയും തമ്മിൽ താരതമ്യം ചെയ്യാൻ കഴിയുന്നതിലധികമായ വിടവ് നിലനിൽക്കുന്നു. ഇപ്രകാരമുള്ള വിറ്റ് വരവിലൂടെ ലാഭം ഉദ്ദേശിക്കുന്നില്ലെന്നും വരവും ചെലവും നേർ അനുപാതത്തിൽ നിലനിർത്താൻ കഴിയുകയില്ലെന്നും വർഷങ്ങളായി വിശദീകരിക്കപ്പെടുന്നുണ്ട്. എങ്കിലും ഇവയുടെ പ്രവർത്തന കാര്യക്ഷമത എത്രത്തോളം ഉയർത്താമോ അത്രത്തോളം ഉയർത്തി വരവും ചെലവും തമ്മിലുള്ള വിടവ് പരമാവധി കുറയ്ക്കേണ്ടതാണ്. ഇതിന്മേലുള്ള ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണ സംവിധാനം വളരെ ദുർബ്ബലമാണെന്ന് കാണുന്നു.

**7. വിവിധോദ്ദേശ്യ ഫണ്ടുകൾ- കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തണം**

വിനിയോഗിക്കപ്പെടാത്ത വിവിധോദ്ദേശ്യ ഫണ്ടുകൾ, ടെണ്ടർ ഫീസ്, വിറ്റ് വരവ് തുകകൾ, സ്കീം തുകകൾ മുതലായവ വാണിജ്യ ബാങ്കുകളുടെ അക്കൗണ്ടിൽ ദീർഘകാലത്തേയ്ക്ക് നിക്ഷേപിക്കപ്പെട്ട് വിനിയോഗിക്കപ്പെടാത്ത അവസ്ഥ ഒഴിവാക്കപ്പെടേണ്ടതാണ്. ചില തുകകൾ സെക്രട്ടറിയുടെ പേരിലല്ലാത്ത സബ്സിഡിയറി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതായും ആയതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടാത്തതായും കാണുന്നു. (ഉദാ-ഇ.ടെണ്ടർ അക്കൗണ്ട്, നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകൾ). വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടാത്ത അക്കൗണ്ടുകളിൽ ദീർഘകാലത്തേയ്ക്ക് തുക നിക്ഷേപിക്കപ്പെടുന്ന പ്രവണത ആശാസ്യമല്ല.

മേൽ പരാമർശിച്ചിട്ടുള്ളവ ആഭ്യന്തര നിയന്ത്രണ സംവിധാനത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ സംബന്ധിച്ച ചില സൂചകങ്ങൾ മാത്രമാണ്. ഇവയും മറ്റ് ഘടകങ്ങളും സൂക്ഷ്മ തലത്തിൽ വിലയിരുത്തി ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. / തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-10-22 - 08-11-22 | 2021-22 ഒന്നാം ഘട്ടം | 21-03-23-ലെ 22-11/RPAW/KLM |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-04-23 - 23-05-23 | 2019-20 മുതൽ 2021-22വരെ | 27-06-22-Audit-1/AMG(HQ)11/01/C-3/GP/8A-6/2023-24 |

**1-9 ജില്ലാപഞ്ചായത്തിലെ ദൈനംദിന പണമിടപാടുകൾ രസീത് പ്രകാരമുള്ള പണം പിരിവ്, ഒടുക്ക്,പിൻവലിക്കൽ- നടപടികൾ കാലാനുസൃതമല്ല-**

ജില്ലാപഞ്ചായത്തിന്റെ തനതുഫണ്ട് എന്ന വിവക്ഷിയ്ക്കാവുന്നതും ദൈനംദിനം രസീത് പ്രകാരം പിരിച്ചെടുക്കാവുന്നതുമായ വരവിനങ്ങൾ താരതമ്യേന കുറവാണ്. എന്നാൽ കൈമാറ്റം ചെയ്യപ്പെട്ട വിവിധ ജില്ലാതല സ്ഥാപനങ്ങളുടെ പണം പിരിവിനായി മാനുവൽ രസീത് ബുക്കുകൾ ഉപയോഗിച്ചുവരുന്നു. ഇപ്രകാരം മാനുവൽ രസീത് ബുക്കുകൾ വിതരണം ചെയ്തിട്ടുള്ളത് ഫാം സൂപ്രണ്ട് ജില്ലാകൃഷിത്തോട്ടം കോഴ, ചീഫ് വെറ്റിനറി ഓഫീസർ, ജില്ലാ വെറ്റിനറി കേന്ദ്രം കോടിമത, റീജിയണൽ പൗൾട്രി ഫാം അസിസ്റ്റന്റ് ഡയറക്ടർ മണർകാട്, സീനിയർ അഗ്രികൾച്ചറൽ ഓഫീസർ, സീഡ് ഫാം വാലാച്ചിറ, എന്നിവരുടെ പേരിലാണ്.

ജില്ലാ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് മുഖേന മാത്രമാണ് സാംഖ്യ സ്റ്റേഷനറി പ്രകാരമുള്ള കളക്ഷൻ നടത്തുന്നത് . ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട പണം പിരിവ്, കൈമാറ്റം ചെയ്യപ്പെട്ട വിവിധ ജില്ലാതല സ്ഥാപനങ്ങളിൽ നിന്നുള്ള വരവുതുക നിശ്ചിത ഇടവേളകളിൽ ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കൽ എന്നീ സന്ദർഭങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിൽ നിന്നും സാംഖ്യ രസീത് നൽകി പ്രസ്തുത തുക ജില്ലാപഞ്ചായത്ത് വരവായി അക്കൗണ്ട് ചെയ്യുന്നു. കൈമാറ്റം ചെയ്യപ്പെട്ട വകുപ്പുതല സ്ഥാപനങ്ങളിൽ നിന്നുള്ള പിരിവ് തുക പഞ്ചാബ് നാഷണൽ ബാങ്കിലെ 2982000103029819 നം എസ് ബി അക്കൌണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ഹാർവെസ്റ്റർ അക്കൗണ്ട് എന്ന പേരിൽ സാംഖ്യയിൽ ചേർത്തിട്ടുള്ള പ്രസ്തുത അക്കൗണ്ടിൽ 31-03-23 ൽ 8 കോടി രൂപയും ( 80048625/- ) 30-11-23 പ്രകാരം 9 കോടി രൂപയും (90373960/-) നീക്കിയിരിപ്പുണ്ട്. ഓരോ സ്ഥാപനത്തിൽ നിന്നുമുള്ള വരവ് തുക അതാത് സ്ഥാപനത്തിന്റെ ആവശ്യത്തിന് മാത്രം വിനിയോഗിക്കേണ്ടതാകയാൽ പ്രസ്തുത തുകയുടെ നീക്കിയിരിപ്പിന്റെ ഘടകങ്ങൾ ( Break Up) കൃത്യമായി നിർണയിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ ഘടകങ്ങൾ കൃത്യമായി നിർണയിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിലെ ദൈനംദിന സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുതാര്യവും കൃത്യവുമാക്കുന്നതിനും കാലാനുസൃതമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇത് സംബന്ധമായ ഓഡിറ്റ് നിഗമനങ്ങളും ശുപാർശകളും ചുവടെ ചേർക്കുന്നു.

1.ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് വരേണ്ടതായ തുകകൾ ഭാഗികമായി നേരിട്ട് സാംഖ്യ രസീത് പ്രകാരവും മാനുവൽ രസീത് പ്രകാരവും സ്വീകരിയ്ക്കുന്ന നടപടികൾ ഘട്ടം ഘട്ടമായി കാലാനുസൃതമായുള്ള പരിഷ്കരണ നടപടികളിലൂടെ ഏകീകൃതമാക്കാവുന്നതാണ്.

2.ഓൺലൈൻ സാമ്പത്തിക ഇടപാടുകൾ സാർവത്രികമായി അവലംബിച്ചു തുടങ്ങിയിട്ടുള്ള ഈ കാലഘട്ടത്തിലും പിരിവ് തുക പണമായി ജില്ലാ പഞ്ചായത്ത് ഓഫീസിൽ നേരിട്ട് എത്തിച്ച് ഒടുക്കുന്ന രീതി ആശാസ്യമല്ല. ( ജില്ലാ കൃഷിത്തോട്ടം കോഴ, സീഡ് ഫാം വാലാച്ചിറ, എന്നിവിടങ്ങളിലെ പിരിവ് തുക താല്ക്കാലികമായി അതാത് സ്ഥാപന മേധാവികളുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിൽ ഒടുക്കി തുടർന്ന് ഡിമാന്റ് ഡ്രാഫ്റ്റ് ആക്കി മാറ്റിയാണ് ജില്ലാ പഞ്ചായത്ത് അക്കൌണ്ടിൽ ഒടുക്കുന്നത്.)

3.ജില്ലാ കൃഷി തോട്ടത്തിന്റെയും ഫാമുകളിലെയും മറ്റും സാമ്പത്തിക ഇടപാടുകൾ കാലാനുസൃതമായി

പരിഷ്കരിയ്ക്കുന്നതിനും ഡബിൾ എൻട്രി അക്കൌണ്ടിംഗ് സമ്പ്രദായം അനുവർത്തിയ്ക്കുന്നതിനും ബഹു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് നിയമസഭാസമിതി ശുപാർശ ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ജില്ലാപഞ്ചായത്തിന്റെയും കൈമാറ്റം ചെയ്യപ്പെട്ട ജില്ലാതല സ്ഥാപനങ്ങളുടെയും ദൈനംദിന പണം പിരിവ് ഒടുക്ക് രീതികളിലും അക്കൌണ്ടിംഗ് നടപടികളിലും കാലാനുസൃതമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി സജീവമായി പരിഗണിയ്ക്കേണ്ടതും ആവശ്യമായ ശുപാർശകൾ സർക്കാർ മുമ്പാകെ സമർപ്പിച്ച് സാമ്പത്തിക ഇടപാടുകൾ അക്കൗണ്ടിംഗ് രീതി എന്നിവ ശാസ്ത്രീയവും സുതാര്യവുമായ രീതിയിൽ പരിഷ്കരിയ്ക്കേണ്ടതുമാണ്.

**1-10 പണമായി പിരിച്ച തുക പൂർണ്ണമായി അടവാക്കിയതിന്റെ വിവരം ലഭ്യമായില്ല.**

സ്റ്റേറ്റ് സീഡ് ഫാം, കോഴയിൽ 22-08-22 തീയതിൽ രസീത് ബുക്ക് നമ്പർ 5811 ലെ രസീത് നമ്പർ 3 മുതൽ 8 വരെ ഉപയോഗിച്ച് ആകെ 78251/-രൂ വിവിധ ഇനങ്ങളിൽ പണമായി പിരിച്ചിട്ടുണ്ട്. പ്രസ്തുത തീയതിയിലെ കളക്ഷൻ തുകയായി കോട്ടയം ജില്ലാപഞ്ചായത്തിൽ രസീത് നമ്പർ 12201010100203/1.9.2022 അടവാക്കിയത് 76231/-രൂപ മാത്രമായിരുന്നു. കുറവ് വന്ന തുക രസീത് പ്രകാരം പിരിച്ചെടുത്ത FDT ഇനത്തിലെ 2020 രൂപയാണെന്ന് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നു. പണമായി സൂക്ഷിച്ചിരുന്ന പ്രസ്തുത തുക തുടർന്ന് FDT ഇനത്തിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചലാൻ എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല. FDT അടച്ചതിന്റെ ചലാൻ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ കത്തിന് (കെ.എസ്.എ- കെ.റ്റി.എം/പി16/627/2023/20.04.2023)നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. FDT അടച്ചതിന്റെ ചലാൻ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാത്തത് മൂലം പണമായി സൂക്ഷിച്ചിരുന്ന തുക ഒടുക്കിയിട്ടുണ്ടോയെന്നും ഒടുക്കിയിട്ടുണ്ടെങ്കിൽ എത്ര ദിവസങ്ങൾക്ക് ശേഷമാണ് ഒടുക്കിയതെന്നും ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ രേഖാമൂലം ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കാത്ത നടപടി ഉചിതമല്ല. ചെലാൻ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കുകയോ അല്ലാത്തപക്ഷം തുക പലിശ സഹിതം ഒടുക്കി രേഖകൾ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

**1-11 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങളുടെയും വിനിമയം- അപാകതകൾ**

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-13 പ്രകാരം ഓരോ ഫണ്ടുകൾക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ ഇടപാടും സാമ്പത്തിക വർഷത്തെ കണക്കുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ജില്ലാ പഞ്ചായത്ത് ഫണ്ടിലുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങളുടെയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തൻവർഷം പരിപാലിച്ചിട്ടുണ്ടെങ്കിലും 31/03/2023 ൽ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ശേഷിയ്ക്കുന്ന മിക്ക തുകകളും വർഷങ്ങളായി ഇടപാടുകളൊന്നുമില്ലാതെ ശേഷിയ്ക്കുന്ന തുകകളാണ്. ഇവ ഏതെല്ലാം കാലയളവിൽ ഏത് ഉദ്ദേശ്യത്തിന് ലഭിച്ചതാണ് എന്നുള്ള വിവരം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ മുന്നിരിപ്പായി ചേർത്തിട്ടില്ല. B4 ഷെഡ്യൂളിലെ 320100199, 320200202, 320200305, 320300199, 320700103, 320700104, 320700201, 320700204, 320700403, 320800101, 320800202, 350200301 ശീർഷകങ്ങളിലെ തുകകളെല്ലാം ഇപ്രകാരം മുന്നിരിപ്പായി നിലനിൽക്കുന്നവയാണ്. മാത്രമല്ല ഓരോ ഫണ്ടും പ്രത്യേകം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് മേൽപറഞ്ഞ ചട്ടത്തിൽ നിർദ്ദേശിച്ചെങ്കിലും വിവിധ തദ്ദേശഭരണ സ്ഥാപന വിഹിതങ്ങളും ഭൂരിഭാഗം ഗ്രാന്റുകളും പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങളും ജില്ലാ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതും വിനിമയം നടത്തുന്നതും ചട്ടലംഘനമാണ്.

**1-12 ധനകാര്യ പത്രിക പ്രകാരം 8.8 കോടി രൂപ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചത് ക്രമീകരിയ്ക്കാൻ ശേഷിയ്ക്കുന്നു-കണക്കുകളിൽ അവ്യക്തത.**

ജില്ലാ പഞ്ചായത്തിന്റെ എല്ലാ വർഷങ്ങളിലേയും വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഡിവിഷനുകളിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന നിക്ഷേപപ്രവൃത്തികൾക്കായി ഗണ്യമായ തുക വിവിധങ്ങളായ നിർവ്വഹണ ഏജൻസികളിലേയ്ക്കും അക്രഡിറ്റഡ് ഏജൻസികളിലേയ്ക്കും നിക്ഷേപിച്ച് വരുന്നു. ആധികാരികമായ കരാർ വ്യവസ്ഥകൾ കൂടാതെയാണ് തുക മുൻകൂറായി ഒടുക്കിയിട്ടുള്ളത്. ഇത്തരം പ്രോജക്ട് നിർദ്ദേശങ്ങൾ ശരിയായ ജനകീയ ആവശ്യങ്ങൾ പരിഗണിച്ച് ശരിയായ പ്രക്രിയയിലൂടെ രൂപം കൊടുക്കുന്നവയായാണോയെന്ന് രേഖാമൂലം ഉറപ്പാക്കാൻ കഴിയുന്നില്ല. ഇത്തരം പ്രോജക്ടുകളുടെ ഗുണപരവും സമയബന്ധിതവുമായ പൂർത്തീകരണം നിരീക്ഷിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ ഫലപ്രദമായ സംവിധാനമില്ലയെന്നത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ ന്യൂനതയായി എല്ലാ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചുവരുന്നതാണ്. 2022-23 വർഷത്തിന് മുൻപുള്ള കാലയളവിൽ ജില്ലാ പഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി മുൻകൂറായി നിക്ഷേപിച്ച തുകകളുടെ വിശദാംശം ആധികാരികമായ വിധത്തിൽ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ തൻവർഷത്തെ അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പിന്റെ വിശദാംശം

വർഷം തിരിച്ച് ക്യാരി ഓവർ ചെയ്ത് ചേർത്തിട്ടില്ല. നിക്ഷേപ പ്രവൃത്തികളെ സംബന്ധിച്ചുള്ള കൃത്യമായ അപഗ്രഥനത്തിന് മുൻവർഷങ്ങൾ മുതലുള്ള കണക്കുകളും മറ്റ് സ്ഥിതിവിവരകണക്കുകളും ആവശ്യമാണ്. ഓഡിറ്റ് വർഷം കേരള വാട്ടർ അതോറിറ്റിയിൽ 850000- രൂപയും കെഎസ്ഇബിയിൽ 4991748/- രൂപയും KEL ൽ 100000- രൂപയും വിവിധങ്ങളായ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി നിക്ഷേപിച്ചിട്ടുണ്ട്. വാർഷിക ധനകാര്യപത്രികയിലെ നിശ്ചിത ഷെഡ്യൂൾ (B-18) പ്രകാരമുള്ള മുന്നിരിപ്പ് വിവരവും തൻവർഷത്തെ നിക്ഷേപ തുകയും ഉൾപ്പടെയുള്ള വിശദാംശം താഴെ ചേർക്കുന്നു. ഇത് പ്രകാരം 86463427/-രൂപയാണ് വർഷാവസാനം ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നത്. ഇത്രയധികം തുകയുടെ പ്രവൃത്തികൾ യഥാവിധി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഭൗതിക നേട്ടം ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ കഴിയാത്തതും ഒട്ടും തന്നെ ആശാസ്യമല്ല.

| ഏജൻസി | മുന്നിരിപ്പ് | തൻവർഷ നിക്ഷേപം | വിനിയോഗിച്ചത്/തുക ക്രമീകരിച്ചത് | നീക്കിയിരിപ്പ് |
|---|---|---|---|---|
| സപ്ലെയർ( വിവിധ ഏജൻസികൾ) | 12836150- | - | - | 12836150- |
| കേരള വാട്ടർ അതോറിറ്റി(KWA) | 22231366- | 850000- | 5245546- | 17835820- |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്(KSEB) | 19634729- | 4991748- | - | 24626477- |
| ഭൂജല വകുപ്പ്(GWD) | 21178654- | - | 451941- | 20726713- |
| പൊതുമരാമത്ത് വകുപ്പ് | 3115918- | | | 3115918- |
| അനെർട്ട് | 3017004- | | | 3017004- |
| KEL | 1816000- | | | 1816000- |
| നിർമ്മിതി കേന്ദ്രം | 454000- | | | 454000- |
| അക്രഡിറ്റഡ് ഏജൻസി | 2426961- | | | 2426961- |
| നിർവ്വഹണ ഉദ്യോഗസ്ഥർ | 1440884- | 40000- | | 1480884- |
| മറ്റുള്ളവർ | 117500- | | | 117500- |
| ഓണം അഡ്വാൻസ്/ഇംപ്രസ്റ്റ് | 13000 | 160000- | 163000- | 10000- |

KEL ൽ തൻവർഷം നിക്ഷേപിച്ച 100000- രൂപ നിക്ഷേപശീർഷകത്തിൽ അക്കൌണ്ട് ചെയ്തിട്ടില്ല. പ്രോജക്ട് നം.100/23 പാറത്തോട് ഗ്രാ.പ. കുരംശുക്ക് ഭാഗം ഹൈമാസ്റ്റ് ലൈറ്റ് PWD യിൽ തുക നിക്ഷേപിക്കൽ എന്ന പ്രോജക്ട് പ്രകാരം ഇപ്രകാരം KEL ലേയ്ക്ക് തുക നിക്ഷേപിച്ച സാഹചര്യം വ്യക്തമല്ല.കൃത്യമായ സാക്ഷ്യപ്പെടുത്തലുകളുടെയും അനുബന്ധരേഖകളുടെയും പിൻബലമില്ലാതെയും മുന്നിരിപ്പ് വിശദാംശങ്ങൾ സൂക്ഷിക്കാതെയും വിവിധ നിക്ഷേപങ്ങൾ ക്രമീകരിച്ചതിനാൽ തൻവർഷം ക്രമീകരിച്ച തുകകളുടെ ആധികാരികതയും വ്യക്തമല്ല. B18 ഷെഡ്യൂളിൽ നീക്കിയിരിപ്പായി പല ശീർഷകങ്ങളിൽ ശേഷിയ്ക്കുന്ന മിക്ക തുകകളും 2012 ൽ സാംഖ്യ അക്കൗണ്ടിങ്ങ് സമ്പ്രദായത്തിലൂടെ കണക്കുകൾ ക്രോഡീകരിക്കാൻ തുടങ്ങിയ സമയം മുതൽ നിലനിൽക്കുന്ന തുകകളാണ്. ഇവയുടെ നിജസ്ഥിതി കണ്ടെത്തി ക്രമീകരിയ്ക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതും ഇത് സംബന്ധമായി മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-13 ടെൻഡർ ഫീസിനത്തിൽ ലഭിച്ച തുക 1.96കോടി എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നു-**

കോട്ടയം ജില്ലാ പഞ്ചായത്ത്, ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുടെ പൊതുമാരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ നടപടികളുടെ ഭാഗമായി ഓൺലൈൻ സമ്പ്രദായത്തിലൂടെ ഈടാക്കിയ ടെൻഡർ ഫീസിനത്തിലുള്ള തുകയും (ഫോറം വില+GST), ഇ.എം.ഡി ഫീ ഇനത്തിലുള്ള തുകയും എൽഎസ് ജിഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള എസ്.ബി.ടി, കളക്ടറേറ്റ് ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് (നം.67255971951) ക്രെഡിറ്റ് ചെയ്യുന്നത്. ടി അക്കൗണ്ടിന്റെ 2022-23 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക്

ലഭ്യമായില്ല. 31-03-23 ൽ ടി അക്കൗണ്ടിൽ 19175381.28രൂപയും 30-09-23 ൽ 19645979.28 രൂപയും നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ടിയിനത്തിൽ ജില്ലാ പഞ്ചായത്തിനുള്ള വരുമാനം ബന്ധപ്പെട്ട വരുമാന ഹെഡിലും, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും, സംസ്ഥാന സർക്കാരിനുമുള്ള വിഹിതം (ജി.എസ്.റ്റി) ബാധ്യത ഹെഡിലും അക്കൗണ്ട് ചെയ്യുന്നില്ല. കൂടാതെ പ്രസ്തുത വരവ് സംബന്ധിച്ച രജിസ്റ്ററുകളോ മറ്റ് അനുബന്ധ രേഖകളോ സൂക്ഷിച്ചിട്ടുമില്ല. അതിനാൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധ്യമല്ല. 2021-22, 22-23 വർഷങ്ങളിലെ ഇ- ടെണ്ടർ ഫീ 700545/- രൂപ ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. നാളിതുവരെ ഇ-ടെണ്ടർ സൈറ്റിൽ നിന്നുള്ള MIS സ്റ്റേറ്റ്മെന്റ്, അണ്ടർടേക്കിംഗ് എന്നിവ ഹാജരാക്കിയ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇ- ടെണ്ടർ ഫീ കൈമാറിയിട്ടുണ്ട്. അവശേഷിയ്ക്കുന്ന തുക എപ്രകാരം കൈകാര്യം ചെയ്യണമെന്നത് മേൽതലത്തിൽ കൂടിയാലോചിച്ച് എത്രയും വേഗം തുടർനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

**1-14 എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള SBI അക്കൗണ്ട് – അക്കൗണ്ടിന്റെ ആവശ്യകത വ്യക്തമല്ല.**

കോട്ടയം ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിൽ SBI, കളക്ടറേറ്റ് ബ്രാഞ്ചിൽ 67135362290 അക്കൗണ്ട് നമ്പരായി ഒരു സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ഉള്ളതായി കാണുന്നു. മുൻകാലങ്ങളിൽ ഡിപിസി കെട്ടിട നിർമ്മാണത്തിനും, ജില്ലാ ആയുർവേദ ആശുപത്രി പുനരുദ്ധാരണത്തിനുമായി ബന്ധപ്പെട്ട പ്രവർത്തികൾ നടപ്പാക്കുന്നതിനും ആരംഭിച്ച പ്രസ്തുത അക്കൗണ്ടിൽ 01-04-22 ൽ 2255990/- രൂപയും 25-3-2023 ൽ 2012540/-രൂപ ബാലൻസ് ഉള്ളതായും കാണുന്നു. തൻവർഷം അക്കൌണ്ടിൽ പലിശയുൾപ്പെടെ 563655/-രൂപ വരവും, 807085/- രൂപ ചെലവും ഉണ്ട്. സെക്യൂരിറ്റി ഡെപ്പോസിറ്റായി ലഭിച്ച 10000/-രൂപ ട്രഷറിയിൽ അടയ്ക്കുന്നതിനായി പിൻവലിക്കുകയും ശ്രീ ഷാജൻ ജേക്കബ് എന്നയാൾക്ക് രണ്ട് തവണയായി 2,16,747/-രൂപ വീതം നൽകിയതായും കാണുന്നു. നിലവിലെ ഫണ്ട് വിനിമയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മറ്റ് ഇംപ്ലിമെന്റിംഗ് ഓഫീസർമാരുടെ പേരിൽ സബ്സിഡിയറി അക്കൌണ്ട് നിലനിർത്തുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ അക്കൗണ്ടിൽ നിലനിൽക്കുന്ന തുക ഉചിതമായ ശീർഷകത്തിൽ തിരികെ ഒടുക്കി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

**1-15 പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കാര്യക്ഷമതയില്ലായ്മ-വിനിയോഗലക്ഷ്യം കൈവരിച്ചില്ല**

- **24.80 കോടി രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.**
- **80% എന്ന വിനിയോഗപരിധി കൈവരിക്കാത്തതിനാൽ സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 24.80 കോടി രൂപയിൽ 9.08 കോടി രൂപ ആത്യന്തികമായി നഷ്ടമായി.**
- **സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ട തുകയിൽ ക്യാരി ഓവർ വിഹിതം തുടർ വർഷത്തിൽ ലഭ്യമാകാത്ത പക്ഷം ഭീമമായ തുക ആത്യന്തികമായി നഷ്ടമാകാനുള്ള സാദ്ധ്യത നിലനില്ക്കുന്നു.**

തൻവർഷം പ്രോജക്ട് നടപ്പാക്കിയ 22 നി ർവഹണോദ്യോഗസ്ഥരിൽ നാമമാത്രമായി പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല ഉണ്ടായിരുന്ന ഡെപ്യൂട്ടി ഡയറക്ടർ, (ഫിഷറീസ്), ജില്ലാ പട്ടികജാതി വികസന ഓഫീസർ, ഡെപ്യൂട്ടിഡയറക്ടർ (ക്ഷീരവികസനം), ജില്ലാസാമൂഹ്യക്ഷേമ ഓഫീസർ, മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപാദനകേന്ദ്രം ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, കോഴ, ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ജില്ലാ മെഡിക്കൽ ഓഫീസർ (ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ), ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവേദം), സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ), അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ പൗൾട്രിഫാം,മണർകാട് എന്നീ നിർവ്വഹണോദ്യോഗസ്ഥർ ആവിഷ്കരിച്ച പ്രോജക്ടുകളെല്ലാം നടപ്പാക്കിയെങ്കിലും വകയിരുത്തിയ മുഴുവൻ തുകയും വിനിയോഗിച്ചത് ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ജില്ലാ മെഡിക്കൽ ഓഫീസർ (ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ), ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവേദം) എന്നീ നിർവ്വഹണോദ്യോഗസ്ഥർ മാത്രമാണ്.തൻവർഷം 778 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ സെക്രട്ടറി ഉൾപ്പെടെയുള്ള 22 നിർവ്വഹണോദ്യോഗസ്ഥർ മുഖേന ആകെ 385 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കാനായത്. ആവിഷ്കരിച്ച 778 പ്രോജക്ടുകളിൽ 496 പ്രോജക്ടുകളുടെയും നിർവ്വഹണ ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനായിരുന്നു. (64%). ഇതിൽ 231 പ്രോജക്ടുകൾക്ക് വേണ്ടി മാത്രമാണ് തൻവർഷം വിനിയോഗിയ്ക്കാനായത്.തൻവർഷം തുക വിനിയോഗിച്ച പല പ്രോജക്ടുകളും അന്തിമമായി പൂർത്തീകരിച്ചിട്ടുമില്ല. സെക്രട്ടറിയ്ക്ക് നിർവഹണ ചുമതല ഉണ്ടായിരുന്ന 202 പ്രോജക്ടുകളിൽ കേവലം 86 പ്രോജക്ടുകൾക്ക് വേണ്ടി മാത്രമാണ് തുക വിനിയോഗിയ്ക്കാൻ സാധിച്ചത്. ഇപ്രകാരം വാർഷിക പദ്ധതിയുടെ ഭാഗമായ പ്രോജക്ടുകളുടെ 90% ത്തിന്റെയും നിർവ്വഹണചുമതല 2നിർവഹണോദ്യോഗസ്ഥരിൽ മാത്രമായി കേന്ദ്രീകരിയ്ക്കപ്പെട്ടു.മേൽ വിവരിക്കപ്പെട്ട സാഹചര്യത്തിൽ പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കാത്തതിനാലും സമയബന്ധിതമായി ബില്ലുകൾ പ്രകാരമുള്ള വിനിയോഗം ഉറപ്പാക്കാത്തതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 89705252- |
| വികസന ഫണ്ട്-SCP | 45430785- |
| വികസന ഫണ്ട്-TSP | 910855- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 50040800- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 30406103- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 31602729- |
| ആകെ | 248096524- |

വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുത്തതിൽ തൻവർഷത്തെ വിനിയോഗത്തിൽ 80% ൽ കുറവ് വരുന്ന തുക മാത്രമാണ് നിലവിലുള്ള ഫണ്ട് വിനിമയ വ്യവസ്ഥകൾ പ്രകാരം ആത്യന്തീകമായി ജില്ലാ പഞ്ചായത്തിന് നഷ്ടമാകുന്നത് എന്ന് കണക്കാക്കപ്പെടുന്നുണ്ടെങ്കിലും തുടർ ക്യാരി ഓവർ വിഹിതം ലഭിക്കുന്നത് തുടർവർഷത്തെ അലോട്ട്മെന്റിൽ നിന്നുള്ള പൂർണ്ണമായ വിനിയോഗത്തിനും മറ്റ് വ്യവസ്ഥകൾക്കും വിധേയമാകയാൽ ക്യാരി ഓവർ വിഹിതം ലഭിച്ചില്ലെങ്കിൽ സഞ്ചിത നിധിയിലേയക്ക് തിരികെ എടുക്കപ്പെട്ട മുഴുവൻ തുകയും (ധനകാര്യകമ്മീഷൻ ഗ്രാന്റ് ഒഴികെ)ആത്യന്തീകമായി നഷ്ടമാകാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. മേൽ തുകയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റും താഴെപ്പറയുന്ന പ്രകാരം കണക്കാക്കിയിട്ടുള്ള മറ്റ് വിഭാഗങ്ങളിലെ ക്യാരി ഓവർ വിഹിതവും തുടർവർഷത്തിൽ ലഭിച്ചാൽ പോലും വികസന പ്രവർത്തനങ്ങൾക്കും സേവനപ്രദാനമായ മറ്റ് പ്രോജക്ടുകൾക്കും വിനിയോഗിക്കാൻ സാധിക്കുമായിരുന്ന 90866940/-രൂപ ജില്ലാ പഞ്ചായത്തിന് നഷ്ടമായി. തുടർവർഷത്തിൽ ലഭ്യമാവുന്ന പ്രതീക്ഷിക്കുന്ന ക്യാരി ഓവർ വിഹിതം കണക്കാക്കിയതിന്റെ വിവരം ചുവടെചേർക്കുന്നു.

| ക്രനം | വിഭാഗം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം | ഷോർട്ട്ഫോൾ(80% ൽ കുറഞ്ഞ തുക) | തുടർ വർഷത്തേക്കുള്ള ക്യാരി ഓവർ വിഹിതം |
|---|---|---|---|---|---|---|
| 1 | പൊതുവിഭാഗം (സാധാരണം) | 282179000 | 192473748 | 68.21 | 33269452 | 56435800 |
| 2 | പട്ടികജാതി ഉപ പദ്ധതി | 120398000 | 74967215 | 62.27 | 21351185 | 24079600 |
| 3 | പട്ടിക വർഗ്ഗ ഉപപദ്ധി | 7896000 | 6985145 | 88.46 | 00 | 910855 |
| 4 | മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം | 112999000 | 82592897 | 73.09 | 7806303 | 22599800 |
| 5 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 108004000 | 57963200 | 53.67 | 28440000 | 21600800 |
| | ആകെ | 631476000 | 414982205 | | 90866940 | 125626855 |

**പരിഹാര വകയിരുത്തൽ തുക കണക്കാക്കിയതിൽ അവ്യക്തത**

തൻവർഷത്തെ പദ്ധതി വിഹിതം ഇനത്തിലുള്ള തുക എല്ലാ വിഭാഗത്തിലും 3 ഗഡുക്കളായാണ് സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ളത് . അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം മൂന്നാമത്തെ ഗഡു പ്രകാരമുള്ള അലോട്ട്മെന്റ് വീണ്ടും മൂന്നായി വിഭജിച്ചാണ് ചേർത്തിട്ടുള്ളത്. ഇതിൽ ഓരോ വിഭാഗത്തിലും അവസാന ഗഡു തുകയുടെ 1/3 ഭാഗം യഥാർത്ഥത്തിൽ ട്രഷറി അലോട്ട്മെന്റായി വന്നിട്ടില്ല എന്ന നിഗമനത്തിൽ പ്രസ്തുത തുക ഒഴിവാക്കിയുള്ള ബജറ്റ് അലോട്ട്മെന്റിന്റെ ശതമാനകണക്കിലാണ് തുടർ വർഷത്തേക്കുള്ള പരിഹാര വകയിരുത്തൽ തുക

നിർണ്ണയിച്ചിട്ടുള്ളത്. ഉദാഹരണമായി പൊതു വിഭാഗം ഫണ്ടിന്റെ ബജറ്റ് വിഹിതം 282179000/- രൂപ ആയിരിക്കെ ഇതിന്റെ മൂന്നാം ഗഡു തുകയുടെ 1/3ഭാഗമായ 31353166/- രൂപ യഥാർത്ഥത്തിൽ ട്രഷറി അലോട്ട്മെന്റായി ലഭിച്ചിട്ടില്ല എന്ന് കണക്കാക്കി ബാക്കിയുള്ള തുകയുടെ 76.74%വിനിയോഗിച്ചതായി പരിഹാര വകയിരുത്തൽ സംബന്ധിച്ചുള്ള അനുബന്ധത്തിൽ സൂചിപ്പിച്ചിരിക്കുന്നു. പട്ടികജാതി ഉപപദ്ധതി വിഹിതത്തിലും ഇപ്രകാരമുള്ള കുറവ് വരുത്തിയ തുകയെ അടിസ്ഥാനമാക്കി 70.05 എന്ന വിനിയോഗശതമാനത്തിന്റെ അടിസ്ഥാനത്തിലാണ് പരിഹാര വകയിരുത്തൽ തുക നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിവിഹിതം അലോട്ട്മെന്റ് സംബന്ധിച്ച കണക്കുകളിൽ ഇപ്രകാരമുള്ള വ്യതിയാനം വന്നതിന്റെ കാരണം/നിജസ്ഥിതി ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

**1-16 എസ് സിപി ഫണ്ട് വിനിയോഗത്തിലെ കുറവ്- തുടർ വർഷത്തിൽ പരിഹാര വകയിരുത്തൽ നടത്തേണ്ടി വന്നതുമൂലം പൊതുവിഭാഗം ഫണ്ടിൽ നിന്നും1.06കോടി രൂപ കുറയുന്നു.**

തൻവർഷം എസ് സി പി ഫണ്ടിനത്തിൽ ബജറ്റ് വിഹിതമായി 120398000/-രൂപ വകയിരുത്തിയിരുന്നു. ഇതിൽ തൻവർഷം ലഭിച്ച തുകയായി കണക്കാക്കിയ 107020500/- രൂപയുടെ 70.05% തുകയായ 74967215/-രൂപ മാത്രമാണ് തൻവർഷം വിനിയോഗിച്ചത്. ലഭിച്ച തുകയുടെ 80% എന്ന വിനിയോഗ ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല. ഇക്കാരണത്താൽ തൻവർഷം കുറവ് വന്ന തുകയായ 10649185/-രൂ(85616400-74967215) തുടർ വർഷത്തേക്കുള്ള പരിഹാര വകയിരുത്തൽ എന്ന് കണക്കാക്കി 2023-24 വർഷത്തെ സാധാരണ വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് എസ് സി പി വിഹിതത്തിൽ വർദ്ധിപ്പിച്ച വിഹിതമായി ഉൾപ്പെടുത്തേണ്ടി വന്നിരിക്കുന്നു. ഓരോ വർഷത്തെയും വിഭാഗം തിരിച്ചുള്ള തുകയുടെ വിനിയോഗ ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ തുടർ വർഷങ്ങളിൽ സാധാരണ വിഹിതത്തിൽ നിന്നാണ് (Normal Share) പരിഹാര വകയിരുത്തൽ നടത്തേണ്ടത്. ഇപ്രകാരമുള്ള പരിഹാര വകയിരുത്തൽ അടിസ്ഥാനമാക്കിയുള്ള വിഹിതം കൂടി എസ് സി പി വിഭാഗത്തിൽ ഉൾപ്പെടുത്തി വിനിയോഗിക്കേണ്ടി വരുന്നതിനാൽ തുടർ വർഷങ്ങളിൽ ഈ വിഭാഗത്തിലെ പ്രോജക്ട് നിർവഹണത്തിലും വിനിയോഗ ലക്ഷ്യം കൈവരിക്കുന്നതിലും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ ജാഗ്രതാ പൂർണമായ സമീപനം പുലർത്തേണ്ടതാണ്. എസ് സി വിഭാഗത്തിൽ സേവനമേഖലയിലും പശ്ചാത്തല മേഖലയിലും (ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് /സോഷ്യൽ മാപ്പ് അടിസ്ഥാനമാക്കി ഏറ്റെടുക്കാവുന്നത്) ഏറ്റെടുക്കാവുന്ന നിരവധി പ്രൊജക്ടുകൾ അതാത് വർഷം നിർവഹിക്കപ്പെടാനാവാത്തതിന്റെ കാരണങ്ങൾ കൃത്യമായി വിശകലനം ചെയ്യേണ്ടതുണ്ട്. തൻവർഷം സേവന - പശ്ചാത്തല മേഖലകളിലായി 119273000/- രൂപ വകയിരുത്തി 73 പ്രോജക്ടുകൾ ഏറ്റെടുത്തുവെങ്കിലും 74967215/- രൂപ ചെലവഴിച്ച് 34 പ്രോജക്ടുകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂവെന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

പ്രത്യേക പരിരക്ഷ അർഹിക്കുന്ന വിഭാഗത്തിന് വേണ്ടിയുള്ള പ്രോജക്ട് ലക്ഷ്യങ്ങൾ /ഭൗതിക നേട്ടങ്ങൾ അതാത് വർഷം തന്നെ കൈവരിക്കുന്നതിനും തുടർ വർഷങ്ങളിൽ പരിഹാര വകയിരുത്തൽ നടത്തേണ്ടി വരുന്നതു മൂലമുള്ള വിഭാഗം തിരിച്ചുള്ള ഫണ്ട് വകയിരുത്തൽ / വിനിയോഗത്തിലെ അസന്തുലിതാവസ്ഥ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-17 ക്യാൻ കോട്ടയം-ഉദാത്തമായ ലക്ഷ്യം മുൻനിർത്തിയുള്ള പ്രോജക്ട്-കാര്യക്ഷമമായ ബോധവൽക്കരണ പ്രചരണപരിപാടികൾ അനിവാര്യം.**

30 വയസിനു മുകളിലുള്ള സമൂഹത്തിലുള്ള എല്ലാവരുടെയും ആരോഗ്യസ്ഥിതി, പ്രത്യേകിച്ചും ജീവിതശൈലീ രോഗങ്ങൾ സ്ക്രീൻ ചെയ്ത് ക്യാൻസർ ഉൾപ്പടെയുള്ള മാരക രോഗങ്ങൾ അവയുടെ രോഗലക്ഷണങ്ങൾ പ്രത്യക്ഷത്തിൽ പ്രകടമാകുന്നതിനു മുൻപേ കണ്ടെത്തി ചികിൽസ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ ആശുപത്രി സൂപ്രണ്ട് (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കി വരുന്ന പ്രോജക്ടാണ് ക്യാൻ കോട്ടയം.മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇൻഡ്യയിൽ വ്യക്തികളുടെ സമഗ്ര ആരോഗ്യ പരിശോധന നിശ്ചിത ഇടവേളകളിൽ നടത്തി രോഗലക്ഷണങ്ങൾ പ്രാരംഭഘട്ടത്തിൽ കണ്ടെത്തുന്ന രീതി സാർവ്വത്രീകമായിട്ടില്ല. ക്യാൻസർ പോലുള്ള രോഗങ്ങൾ പ്രാരംഭഘട്ടത്തിലെ കണ്ടെത്തിയാൽ ഫലപ്രദമായ ചികിൽസയും രോഗമുക്തിയും സാധ്യമാണ്.പ്രാരംഭഘട്ടത്തിലെ ചികിൽസയ്ക്ക് താരതമ്യേന ചെലവും കുറവായിരിക്കും. ഈ സാഹചര്യത്തിലാണ് രോഗലക്ഷണങ്ങൾ പ്രാരംഭഘട്ടത്തിലെ കണ്ടെത്തുന്നതിനുള്ള സമഗ്രമായ ആരോഗ്യപരിശോധന എന്നത് സംസ്ഥാനത്തെ ആരോഗ്യനയത്തിന്റെ ഭാഗമായത്. ഇത് സംബന്ധമായ സമഗ്രമായ സർക്കാർനയത്തിന്റെ ചുവട്പിടിച്ച് വികസനഫണ്ടിൽ നിന്നും 6000000-രൂപ വകയിരുത്തി 5 വർഷം നീളുന്ന തുടർപ്രോജക്ടായി ഇപ്രകാരമുള്ള ഒരു പദ്ധതി ഏറ്റെടുത്തത് ശ്ലാഘനീയമാണ്. ഈ പദ്ധതിക്കായി ജില്ലാതലത്തിൽ ഓരോ വർഷവും വകയിരുത്തുന്ന ഫണ്ടിന്റെയും പ്രോജക്ട് ലക്ഷ്യത്തിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അടങ്കൽ |
|---|---|
| ഒന്നാം വർഷം | 1500000- |

| | |
|---|---|
| രണ്ടാം വർഷം | 1500000- |
| മൂന്നാം വർഷം | 1000000- |
| നാലാം വർഷം | 1000000- |
| അഞ്ചാം വർഷം | 1000000- |
| ആകെ | 6000000- |

ജില്ലാ പഞ്ചായത്ത് തലത്തിലെ പ്രവർത്തനലക്ഷ്യങ്ങൾ-

- ജില്ലാതല ലാബ് കോട്ടയം ജനൽ ആശുപത്രിയിൽ സജ്ജീകരിയ്ക്കുക.
- ഇവിടേയ്ക്ക് ആവശ്യമായ ജീവനക്കാർ, ഉപകരണങ്ങൾ, റീഏജന്റ്സ് എന്നിവ ലഭ്യമാക്കുക .ഇതിനായി 30 ലക്ഷം ജില്ലാപഞ്ചായത്ത് തലത്തിൽ പ്രത്യേകം വകയിരുത്തുക.
- ശ്വാസകോശ അർബുദം കണ്ടുപിടിയ്ക്കാനുള്ള ബ്രോങ്കോസ്കോപ്പി നിർണയ പരിശോധന ശക്തിപ്പെടുത്തുക.
- കീഴ്ത്തലത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് പദ്ധതിയിലെ സ്ക്രീനിംഗിലൂടെ റഫർ ചെയ്ത് ജനറൽ/താലൂക്ക് ആശുപത്രികളിൽ നടത്തുന്ന മാമ്മോഗ്രാം, സി.ടി സ്കാൻ, എഫ് എൻ എ സി, പാപ്സ്മിയർ,സ്ലൈഡ് റിവ്യൂ, ട്യൂബർ മാർക്കർ ടെസ്റ്റ് തുടങ്ങിയ കാൻസർ നിർണയ പരിശോധനകളുടെ ചെലവ് ജില്ലാപഞ്ചായത്ത് വഹിക്കുക. ആവശ്യമായ പരിശോധനയ്ക്കുള്ള സൗകര്യം സൗജന്യമായി ഉപഭോക്താവിന് ചെയ്ത് നൽകിയതിന് ശേഷം ജില്ലാപഞ്ചായത്ത് പദ്ധതി മുഖേന എച്ച് എംസി നിരക്കിൽ ജനറൽ/ താലൂക്ക് ആശുപത്രികൾക്ക് തുക റിഇംപേഴ്സ് ചെയ്ത് നൽകുക എന്നതും പ്രോജക്ട് ലക്ഷ്യമാണ്.
- ഈ വരുമാനമുപയോഗിച്ച് മാമ്മോഗ്രാം സൗകര്യം നിലവിലുള്ള സർക്കാർ ആശുപത്രികളിൽ ഇൻസെന്റീവ് നിരക്കിൽ എച്ച് എം സി ടെസ്റ്റ് നിരക്കിന്റെ 50% ൽ കൂടാൻ പാടില്ല എന്ന വ്യവസ്ഥയിൽ ഒരു റേഡിയോളജിസ്റ്റിനെ കൂടി കരാറടിസ്ഥാനത്തിൽ ഏർപ്പെടുത്താവുന്നതാണ്.

മേൽ പ്രവർത്തനലക്ഷ്യങ്ങളോടെ തുടങ്ങിയ പ്രോജക്ടിന്റെ ആദ്യവർഷത്തിൽ (പ്രോജക്ട് നം.705/23) വികസനഫണ്ടിൽ നിന്നും 1500000- വകയിരുത്തിയതിൽ നിന്ന് വിവിധ ബില്ലുകളിലായി ആകെ 941794 -രൂപ ചെലവഴിച്ചിട്ടുണ്ട്. തൻവർഷം ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങളും വകയിരുത്തിയിരുന്ന തുകയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| പ്രവർത്തനം | വകയിരുത്തിയ തുക |
|---|---|
| ഉപകരണങ്ങൾ വാങ്ങൽ | 1025000- |
| സ്റ്റാഫിനെ നിയോഗിയ്ക്കൽ | 75000- |
| അർബുദനിർണയ ടെസ്റ്റ് ചാർജ് നൽകൽ | 400000- |
| ആകെ | 1500000- |

വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| അടങ്കൽ | ചെലവ് - | |
|---|---|---|
| | ബിൽ നം/ തീയതി | തുക |
| വികസനഫണ്ട്- 1500000- | 55/22-23/20-02-23 | 63036- |
| | 1046/ 11-03-2023 | 1000- |
| | 61/22-23/28-02-23 | 20090- |
| | 70/22-23/10-03-23 | 105593- |
| | 74/22-23/- | 55146- |
| | 78/22-23/29-03-23 | 266192- |
| | 83/22-23/27-03-23 | 110537- |
| | 86/22-23/29-03-23 | 321200- |
| ആകെ-1500000- | | 942794- |

ആകെ ചെലവഴിച്ച 941794- രൂപയിൽ 620594- രൂപ ഉപയോഗിച്ച് കോട്ടയം ജനറൽ ആശുപത്രിയിലെ പാത്തോളജി വിഭാഗത്തിലേയ്ക്ക് മെഡിക്കൽ ഉപകരണങ്ങൾ , മരുന്നുകൾ, ഫർണിച്ചർ എന്നിവ വാങ്ങി നൽകുകയാണ് തൻവർഷം ചെയ്തിരിയ്ക്കുന്നത്. ഇതുകൂടാതെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ എച്ച്എംസികളുടെ അക്കൗണ്ടിലേയ്ക്ക് ടെസ്റ്റുകളുടെ ചാർജ് റീക്ലപ്പ് ഇനത്തിൽ 321200- രൂപ ചെലവഴിയ്ക്കുകയും ചെയ്തു.

- ഉപകരണങ്ങളും മരുന്നുകളും സ്റ്റോക്കിലെടുത്തതിന്റെയും ഉപയോഗിച്ചു തുടങ്ങിയതിന്റെയും വിശദാംശങ്ങളും നിരക്ക് സംബന്ധിച്ചും നൽകിയ അന്വേഷണകുറിപ്പിന് (നം 19/15-09-23)) മറുപടിയും സ്റ്റോക്ക് വിശദാംശങ്ങളും ലഭ്യമാക്കിയെങ്കിലും മരുന്നിന്റെ മെയിൻ സ്റ്റോക്കിനു പകരം ഓൺലൈൻ ആയി രേഖപ്പെടുത്തുന്ന DDMS മുഖേനയുള്ള സ്റ്റോക്ക് ആണ് ലഭ്യമാക്കിയത്. ഓൺലൈൻ സ്റ്റോക്ക് ഉള്ളതിനാൽ ഭൗതിക സ്റ്റോക്ക് ആവശ്യമില്ല എന്നും മറുപടി ലഭ്യമാക്കിയിരിയ്ക്കുന്നു. എന്നാൽ മരുന്നിന് മാത്രമേ ഓൺലൈൻ സ്റ്റോക്ക് ഉള്ളുവെന്നതിനാലും ആയത് തന്നെ പലപ്പോഴും മരുന്നിന്റെ കോഡുകൾ മാത്രമായി രേഖപ്പെടുത്തലുകൾ നടത്തുന്നതിനാലും DDMS സംവിധാനം സമഗ്രമായ രീതിയിൽ നടപ്പിലാക്കുന്നതുവരെ സ്റ്റോക്ക് എൻട്രി പരിശോധന സുഗമമാക്കുന്നതിനായി താൽക്കാലികമായെങ്കിലും മാനുവലായി മെയിൻ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നത് ഉചിതമാവും.
- കമ്പ്യൂട്ടർ, പ്രൊജക്ടർ, മൈക്രോസ്കോപ്പ് എന്നിവ വാങ്ങിയത് പാതോളജി ഡിപ്പാർട്ട്മെന്റിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്ന കത്ത് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ സ്റ്റോക്ക് വിവരം പ്രത്യേകം ഹാർഡ് വെയർ രജിസ്റ്ററിൽ രേഖപ്പെടുത്തിയാണോ സൂക്ഷിച്ചിരിയ്ക്കുന്നതെന്ന് വ്യക്തമല്ല. മാത്രമല്ല ഇവയുടെ AMC യെ കുറിച്ചും വ്യക്തതയില്ല. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്.
- ആരോഗ്യപ്രവർത്തകരെയും ആശാപ്രവർത്തകരെയും ഉൾക്കൊള്ളിച്ചും ശൈലീ ആപ്ലിക്കേഷൻ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ചും പ്രവർത്തനം ഏകോപിപ്പിച്ച് മുഴുവൻ ആളുകളെയും സ്ക്രീനിംഗിന് വിധേയമാക്കുക എന്നത് എത്രമാത്രം നടപ്പാക്കാനായി എന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ നിന്ന് ലഭ്യമല്ല. ഇത് സംബന്ധമായ പ്രചരണപരിപാടിയുടെയും ബോധവൽക്കരണ നടപടികളുടെയും ഫലപ്രാപ്തി വ്യക്തമല്ല. ഇത്തരം പ്രോജക്ടുകളുടെ ഫലപ്രാപ്തി ബോധവൽക്കരണ നടപടികളെ ആശ്രയിച്ചിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.
- പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ച് പദ്ധതി ആരംഭിച്ച 11/22 മുതൽ 3/23 വരെ ആകെ 1488പേർക്ക് ടെസ്റ്റ് നടത്തിയതായി പാതോളജി ഡിപ്പാർട്ട്മെന്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

**ഓഡിറ്റ് നിഗമനം/ശുപാർശകൾ**

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ കൂടി പരിഹരിച്ച് പ്രവർത്തനം സുതാര്യമാക്കി പ്രോജക്ട് തുടർവർഷങ്ങളിൽ മുൻപോട്ട് കൊണ്ടു പോയാൽ സാമ്പിൾ പരിശോധനയ്ക്കുള്ള സർക്കാർ മേഖലയിലെ സംവിധാനങ്ങളുടെ പരിമിതി ഒരു പരിധിവരെ മറികടക്കാൻ കഴിയും. ഭാവിയിൽ അർബുദ നിർണയ ടെസ്റ്റുകളുടെ പരിശോധനയ്ക്കായി NABL/NABH അക്രഡിറ്റഡ് സഹകരണ/ സ്വകാര്യസ്ഥാപനങ്ങൾ / ആശുപത്രികൾ / ലാബുകൾ എന്നിവയുമായി വാർഷിക റേറ്റ് കോൺട്രാക്ടിൽ ഏർപ്പെടുന്നതുൾപ്പെടെയുള്ള ഭാവി പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു ഈ പദ്ധതി ഫലപ്രദമാക്കുന്നതിനും അതുവഴി കാൻസർരോഗലക്ഷണങ്ങൾ ശരീരത്തിൽ പ്രകടമാകും മുൻപ് തന്നെ കണ്ടെത്തി ചികിത്സ ആരംഭിയ്ക്കുന്നതിനും അതുവഴി ജില്ലയിലെ കാൻസർ രോഗം ഒരു പരിധി വരെ നിയന്ത്രണവിധേയമാക്കുന്നതിനും സാധിയ്ക്കുന്നതാണ്.

**1-18 ജില്ലയിലെ വിവിധ പാടശേഖരങ്ങളിൽ വെർട്ടിക്കൽ ഫ്ലോ പമ്പ് സ്ഥാപിക്കൽ-വാങ്ങൽ നടപടികളിൽ അപാകം-ഇൻവോയ്സ് തുക നിശ്ചിത പരിധി അധീകരിച്ചിട്ടും ആദായനികുതി ഡിഡക്ഷൻ നടത്തിയില്ല.**

പ്രോജക്ട് നം.668/23

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അടങ്കൽ – 1.3 കോടി രൂപ (വികസന ഫണ്ട്-1.15 കോടി രൂപ, തനത് ഫണ്ട്-15 ലക്ഷം)

ചെലവ് – 1.15 കോടി (വികസന ഫണ്ട്)

ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ആറ് പാടശേഖരങ്ങളിൽ വെർട്ടിക്കൽ ആക്സിയൽ ഫ്ളോ പമ്പുകൾ വാങ്ങി സ്ഥാപിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 85 ലക്ഷം രൂപ വകയിരുത്തി ആവിഷ്കരിച്ച ഒറിജിനൽ പ്രോജക്ട് പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ, ക്വോട്ട് ചെയ്യപ്പെട്ട തുക അടങ്കൽ തുകയെ അധികരിച്ചതിനാലാണ് മേൽവിവരിച്ച പ്രകാരം അടങ്കൽ തുക 1.3 കോടി രൂപയായി പുതുക്കി നിശ്ചയിച്ചത്. ആർപ്പൂക്കര പഞ്ചായത്തിലെ പണ്ടാരകരി പാടശേഖരത്തിന് പകരം ആര്യാട്ടുഴം പാടശേഖരത്തിലും പായിപ്പാട് പഞ്ചായത്തിലെ കപ്പോണപുരം പാടശേഖരത്തിന് പകരം കൈപ്പുഴാക്കൽ പാടശേഖരത്തിലുമാണ് ആക്സിയൽ ഫ്ളോപമ്പ് സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശ കണക്കിലെടുത്ത് 16-1-23ലെ 2(13) നമ്പർ തീരുമാനപ്രകാരം വാഴപ്പള്ളി പഞ്ചായത്തിലെ കൈപ്പുഴാക്കൽ പാടശേഖരത്തിന് പകരം മുളക്കുളം പഞ്ചായത്തിലെ ഇടയാറ്റ് പാടശേഖരത്തിൽ 50 HPസബ്മേഴ്സിബിൾ വെർട്ടിക്കൽ ആക്സിയൽ ഫ്ലോപമ്പ്സെറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതൊഴികെയുള്ള മറ്റ് മാറ്റങ്ങൾ ജില്ലാ പഞ്ചായത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഇത്

അംഗീകരിച്ച് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

സബ്മേഴ്സിബിൾ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്സെറ്റ് (4 എണ്ണം), വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്സെറ്റ് (2എണ്ണം) എന്നിവയുടെ വാങ്ങലിനായി ഇ-ടെണ്ടർ നടപടികളാണ് സ്വീകരിച്ചത്. (ടെണ്ടർ ID യഥാക്രമം-2022 AGRI 5321161, 2022 AGRI 5320841) സബ്മേഴ്സിബിൾ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കുന്നതിനായി ചെന്നൈയിലുള്ള വിജയൻ എന്റർപ്രൈസസ് എന്ന സ്ഥാപനവും വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കുന്നതിനായി മണ്ണാശ്ശേരിൽ ഫൗണ്ടറി (ഉടമ-എം.എ ജയിംസ്) എന്ന സ്ഥാപനവും ആണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഇത് സംബന്ധമായ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും പത്രപരസ്യം, മറ്റ് രീതിയിലുള്ള പ്രചാരണം എന്നിവ നൽകിയതായി കാണുന്നില്ല. ഒരു കോടി രൂപയിൽ അധികരിച്ച തുകയുള്ള വാങ്ങൽ ആയിട്ടുപോലും ആക്സിയൽ പമ്പ് സെറ്റിന്റെ ശേഷിക്കനുസരിച്ചും സ്പെസിഫിക്കേഷൻ അനുസരിച്ചുമുള്ള വില സംബന്ധിച്ച് ഏകദേശ ധാരണ പോലുമില്ലാതെയാണ് അടങ്കൽ നിശ്ചയിച്ചത്. ഇ-ടെണ്ടർ നോട്ടീസിൽ (Notice Inviting Tender) പരാമർശിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ (Description) തീരുമാനിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കുന്നതിലേയ്ക്കായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(34/21-12-23) മറുപടിയോടൊപ്പം ലഭ്യമാക്കിയ അനുബന്ധരേഖയിൽ ആക്സിയൽ ഫ്ലോ പമ്പുകളുടെ സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്നതിലേയ്ക്കായി 19-11-2022ൽ നടന്ന ടെക്നിക്കൽ കമ്മറ്റിയുടെ മിനിറ്റ്സ് ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത മിനിറ്റ്സിൽ ഓരോ പാടശേഖരത്തിലെയും സൈറ്റ്കണ്ടീഷൻ പരിഗണിച്ച് സ്പെസിഫിക്കേഷൻ നിശ്ചയിച്ചതായി പരാമർശിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ നടപടികൾക്ക് മുമ്പ് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ വിവിധ പാടശേഖരങ്ങൾ സന്ദർശിച്ച് പ്രസ്തുത പാടശേഖരങ്ങളിൽ നിലവിൽ ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങൾ (പെട്ടി-പറ ഉൾപ്പെടെ) വിലയിരുത്തിയും അതാതിടത്തെ സാഹചര്യങ്ങൾ പരിഗണിച്ചും തയ്യാറാക്കിയ സൈറ്റ് പരിശോധനാ റിപ്പോർട്ട് ഫയലിൽ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. പമ്പിന്റെ വിതരണം, സ്ഥാപിക്കൽ, തുടർ മെയിന്റനൻസ് എന്നിവ ഉറപ്പാക്കി കുറെക്കൂടി മൽസരക്ഷമത ഉറപ്പാക്കി വാങ്ങൽ നടത്തുന്നതിനുള്ള സാധ്യത പരിഗണിച്ചതായും കാണുന്നില്ല. കോട്ടയം ജില്ലയിൽ 2022-23 വർഷം ബാധകമായ ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരമുള്ള (ജിഎസ്റ്റി കൂടി പരിഗണിക്കുമ്പോൾ) 50 HP ഫ്ലോ പമ്പിന്റെ തുകയിൽ അധികരിച്ചിട്ടുണ്ട്. 2 സ്ഥാപനങ്ങളുടെ ടെണ്ടർ നിരക്ക് മാത്രം കണക്കിലെടുത്ത് നെഗോസിയേഷൻ പോലും നടത്താതെയാണ് വാങ്ങൽ നടത്തിയത്. തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ ഡീലർഷിപ്പ് മാത്രമുള്ളവരാണ്.

2) പമ്പ് സ്ഥാപിക്കാനുള്ള പാടശേഖരങ്ങളെ തെരഞ്ഞെടുത്തതിന്റെയും ചില പാടശേഖരങ്ങൾ ഒഴിവാക്കി പുതിയവ ഉൾപ്പെടുത്തിയതിന്റെയും ഓരോ പാടശേഖരത്തിലും സ്ഥാപിക്കേണ്ട പമ്പിന്റെ ശേഷി നിർണ്ണയിച്ചതിന്റെയും മാനദണ്ഡം എന്താണെന്ന് വ്യക്തമല്ല. ഇത്തരം തെരഞ്ഞെടുപ്പുകൾ നടത്തിയത് ശരിയായ ജനകീയ ഇടപെടൽ ഉറപ്പാക്കിയുള്ള നടപടികളിലൂടെയാണെന്ന് (Due Process) രേഖാമൂലം ഉറപ്പാക്കാൻ കഴിയുന്നില്ല.

3) ഇ-ടെണ്ടറിൽ 2 സ്ഥാപനങ്ങൾ വീതം പങ്കെടുത്തതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മേൽ സ്ഥാപനങ്ങൾക്ക് 24/1/23 ൽ സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. വിജയൻ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നൽകിയ സപ്ലൈ ഓർഡറിൽ 7950/-രൂപയുടെ മുദ്രപത്രത്തിൽ കരാർ ചമയ്ക്കണമെന്നും 397000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഒടുക്കണമെന്നും 40 ദിവസത്തിനകം താഴെ പറയുന്ന പാടശേഖരങ്ങളിൽ 50 HP സബ്മേഴ്സിബിൾ വെർട്ടിക്കൽ ആക്സിൽ ഫ്ളോ പമ്പുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി (ട്രയൽ റൺ) റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

1) ആർപ്പൂക്കര-മംഗലശേരി പാടശേഖരം

2) ആർപ്പൂക്കര-ആര്യാട്ടുഴം പാടശേഖരം

3) തലയോലപ്പറമ്പ്-പൊന്നരുക്കുംപാറ പാടശേഖരം

4) മുളക്കുളം-ഇടയാറ്റ് പാടശേഖരം

എന്നാൽ കരാർ ചമയ്ക്കുന്നതിന് 4 ആഴ്ചത്തെ സാവകാശം ആവശ്യപ്പെട്ട് വിജയൻ എന്റർപ്രൈസസിൽ നിന്ന് കത്ത് ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനവുമായി 27.02.2023ൽ 500/- രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ മാത്രമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കരാർ ചമയ്ക്കാൻ താമസിച്ചതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കിയിട്ടില്ല. മാത്രമല്ല മുദ്രപത്ര വിലയിനത്തിൽ സർക്കാരിന് 7450/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സിവിൽ വർക്ക് എന്ന് പരിഗണിക്കാനാവാത്തതിനാലാണ് കുറഞ്ഞ മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ട് ഒരു സിവിൽ വർക്ക് എന്ന രീതിയിലാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. (ട്രാൻസ്പോർട്ടേഷൻ, ട്രയൽ റൺ,സ്ഥാപിക്കൽ, പരിശീലനം, ഉൾപ്പടെ). ഇതോടൊപ്പം കരാറിൽ ഏർപ്പെട്ട മണ്ണാശ്ശേരിൽ എന്ന സ്ഥാപനവുമായുള്ള കരാർ തുക കുറവായിരുന്നിട്ടും 3000/-രൂ മൂല്യമുള്ള മുദ്രപ്പത്രത്തിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

സർക്കാരിനുണ്ടായ നഷ്ടം നികത്തുന്നതിന് ഇതിന്മേൽ 1959ലെ കേരള സ്റ്റാമ്പ് ആക്ട് പ്രകാരമുള്ള ഇംപൗണ്ടിങ്ങ് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

50 HP/60 HP കപ്പാസിറ്റിയുള്ള വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്സെറ്റ് വിതരണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന മണ്ണാശ്ശേരിൽ ഫൗണ്ടറി എന്ന സ്ഥാപനം 50 HP പമ്പ് സെറ്റ് വെള്ളൂർ പഞ്ചായത്തിലെ മേവെള്ളൂർ പാടശേഖരത്തിലും 60 HP പമ്പ് കടുത്തുരുത്തി പഞ്ചായത്തിലെ മാന്നാർ തെക്കുംപുറം പാടശേഖരത്തിലും സ്ഥാപിക്കുന്നതിനായി വിതരണം ചെയ്യുകയും 31.01.2023-ൽ തന്നെ 3000/- രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ആവശ്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റിനുള്ള നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങൾ ഹാജരാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിലുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ട്രഷറി/ബാങ്ക് മാനേജരുടെ സാക്ഷ്യപ്പെടുത്തലോടുകൂടി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലേയ്ക്ക് പണയപ്പെടുത്തിയിട്ടില്ല (Pledging). യഥാവിധി പണയപ്പെടുത്താത്ത സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ വാങ്ങി സൂക്ഷിച്ചുവെന്നത്കൊണ്ട് മാത്രം ആയവ സാധുവായ സെക്യൂരിറ്റി ഡെപ്പോസിറ്റായി പരിഗണിക്കാനാവില്ല.

4) വിവിധ വിതരണ സ്ഥാപനങ്ങൾക്ക് നിശ്ചിത പരിധി അധികരിച്ച് തുക നൽകിയിട്ടും സ്രോതസ്സിൽ നിന്നും 1% നിരക്കിൽ ആദായനികുതി കിഴിവ് ചെയ്തിരുന്നില്ല. (ആദായനികുതി നിയമം) സ്ഥാപനങ്ങൾക്ക് ബിൽ പ്രകാരം തുക പിൻവലിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **പാട ശേഖരത്തിന്റെ പേര്** | **സപ്ലയർ സ്ഥാപനം** | **ഇൻവോയ്സ് നം/തീയതി** | **ഇൻവോയ്സ് തുക (നികുതി കൂടാതെ)** | **ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (%)** | **മറ്റ് വിവരങ്ങൾ (ബിൽ നം/ തീയതി/തുക)** |
|---|---|---|---|---|---|---|
| 1. | പൊന്നുരുക്കും പാറ | വിജയൻ എന്റർപ്രൈസസ് (50 HP സബ്മേഴ്സിബിൾ വെർട്ടിക്കിൾ ആക്സിയൽ ഫ്ലോ പമ്പുകൾ) | 165/27.02.23 | 1985000/- | 19850/- | CB30/22-23 /6.3.23 2342300/- രൂപ |
| 2. | മംഗലശ്ശേരി തൊള്ളായിരം | ,, | 168/6.3.23 | 1985000/- | 19850/- | CB34/22-23 /6.3.23 2342300/- രൂപ |
| 3. | ആര്യാട്ടുഴം | ,, | 175/12.03.23 | 1985000/- | 19850/- | CB36/22-23 /6.3.23 2342300/- രൂപ |
| 4. | പനച്ചിക്കാവ് പൂവം (വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്) | ,, | 190/21.3.23 | 1985000/- | 19850/- | CB38/22-23 /23.3.23 1873840/- രൂപ CB43/22-23 /28.3.23 250000/- രൂപ |
| 5. | മേവെള്ളൂർ (വെള്ളൂർ ഗ്രാമ പഞ്ചായത്ത്) | മന്നാശ്ശേരിൽ ഫൗണ്ടറി (50 HP വെർട്ടിക്കൽ ആക്സിയൽ ഫ്ലോ | 027/27.3.23 | 1450000/- | 14500/- | CB48/22-23 /28.03.23 520260/- രൂപ (ബാക്കി |

| | | | | | | |
|---|---|---|---|---|---|---|
| | | പമ്പ്) | | | | തുക 2023-24ൽ നൽകി) |
| 6. | മാന്നാർ തെക്കോപുരം | മന്നാശ്ശേരിൽ ഫൗണ്ടറി (60 HP വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്) | 024/22.3.23 | 1550000/- | 15500/- | CB39/22-23 /23.3.23 1829000/- |
| | **ആകെ** | | | | **109400/-** | **11500000/-** |

ആദായനികുതി നിയമത്തിലെ 194 C വകുപ്പ് പ്രകാരം ഏതെങ്കിലും ഇനങ്ങളുടെ സപ്ലൈയുമായി ബന്ധപ്പെട്ട് നിശ്ചിത തുക അധികരിച്ചുള്ള തുക വിതരണക്കാരന് കരാർ പ്രകാരം നൽകുമ്പോൾ വിതരണക്കാരന്റെ PAN അടിസ്ഥാനമാക്കി 1% തുക സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ് (TDS By Deductor). ഇക്കാര്യം റിട്ടേണിലൂടെ വെളിപ്പെടുത്തേണ്ടതുമാണ്. ഒരു വിതരണ കരാറുകാരന് ഒരു വർഷം നൽകുന്ന ആകെ തുകയും (Aggregate Amount) ആദായനികുതി കണക്കാക്കാൻ പരിഗണിക്കേണ്ടതുമാണ്. ഈ സാഹചര്യത്തിൽ ആദായനികുതി നിയമത്തിലും ഫിനാൻസ് ആക്ടിലും അനുശാസിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് മേൽ തുക ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ചില പാർട്ട് ബില്ലുകളിൽ നോമിനൽ GSTയുടെ റിക്കവറി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന മറുപടി നിയമപ്രകാരം നിലനിൽക്കുന്നതല്ലാത്തതിനാൽ അംഗീകരിക്കാവുന്നതല്ല.

5) <u>ജില്ലാതല യൂണിറ്റ് കോസ്റ്റ് അധികരിച്ചുള്ള ചെലവ്</u>

14-ാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം (19.04.22ലെ സ.ഉ.(കൈ) നം.84/22/തസ്വഭവ) ഇത്തരം പ്രോജക്ടുകൾക്ക് അതാത് വർഷത്തേയ്ക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ജില്ലാതല യൂണിറ്റ് കോസ്റ്റിന്റെ 100% സബ്സിഡി നൽകാവുന്നതാണ്. കോട്ടയം ജില്ലയ്ക്ക് ബാധകമായ 2022-23ലെ ജില്ലാതല യൂണിറ്റ് കോസ്റ്റ് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 16.06.2022ലെ 82898/22/ഡി.പി.സി/സി.പി.ഒ/ കെടിഎം. ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ കൃഷി വകുപ്പിന് ബാധകമായ ഇനങ്ങളിൽ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പിന്റേയും സബ്മേഴ്സിബിൾ പമ്പ് സെറ്റിന്റേയും 20 HP മുതൽ 50HP വരെയുള്ളവയുടെ യൂണിറ്റ് കോസ്റ്റ് പരാമർശിച്ചിട്ടുണ്ട് (യഥാക്രമം ക്രമ നമ്പർ 15, 16). ഇതിൽ 60 HPയുടെ യൂണിറ്റ് കോസ്റ്റ് പരാമർശിച്ചിട്ടില്ല. 50 HP വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പിന്റെ ജില്ലാതല യൂണിറ്റ് കോസ്റ്റ് 18.50 ലക്ഷവും സബ്മേഴ്സിബിൾ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പിന്റെ യൂണിറ്റ് കോസ്റ്റ് 22.5 ലക്ഷം രൂപയുമാണ്. എന്നാൽ ജി.എസ്.ടി. ഉൾപ്പെടെ ഇതിൽ അധികരിച്ച തുകയാണ് വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. യൂണിറ്റ് കോസ്റ്റ് അധികരിച്ച തുക പാടശേഖര സമിതി സ്വന്തം നിലയിൽ കണ്ടെത്തുകയായിരുന്നു ഉചിതമായ നടപടി. യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാതെ 60 HP പമ്പ് വിതരണം ചെയ്ത സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ആവശ്യമായ സാധൂകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധിക തുക തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

6) <u>മറ്റ് അപാകതകൾ</u>

(1) ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത് 20 HP മുതലുള്ള കപ്പാസിറ്റിയിലുള്ള പമ്പ് സെറ്റുകൾക്കാണ്. ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിലും വിശദമായ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഇത്തരം പമ്പ് സെറ്റുകൾ ഓരോ സൈറ്റിനും അനുയോജ്യമായ രീതിയിൽ Tailor Made ആയി നിർമ്മിക്കുകയാണെന്ന് പരാമർശിച്ചിട്ടുണ്ട്.അപ്രകാരമാണെങ്കിൽ പമ്പിന്റെ കുതിര ശക്തി മാത്രം അടിസ്ഥാനമാക്കി ജില്ലാതല യൂണിറ്റ് കോസ്റ്ററ് നിശ്ചയിച്ച പരിധി എപ്രകാരം പാലിക്കുമെന്ന് വ്യക്തമല്ല. എല്ലാ പാടശേഖരങ്ങളിലും പരമാവധി കപ്പാസിറ്റിയുള്ള പമ്പുകൾ ആവശ്യമായിരുന്നോയെന്ന് വ്യക്തമല്ല. തുടർവർഷത്തിൽ (2023-24) ശേഷി കുറഞ്ഞ പമ്പ്സെറ്റുകളാണ് വാങ്ങി സ്ഥാപിച്ചിട്ടുള്ളത്.

(2) ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഇ-വേ ബിൽ പരിശോധിച്ചതിൽ പമ്പ്സെറ്റ് സ്ഥാപിക്കലുമായി ബന്ധപ്പെട്ട നിസ്സാരമായ അനുബന്ധ സാമഗ്രികൾ മാത്രമാണ് ചെന്നൈയിൽ നിന്നും ട്രാൻസ്പോർട്ട് ചെയ്തതായി കാണുന്നത്. പ്രധാന ഇനമായ പമ്പ്സെറ്റ് അഹമ്മദാബാദിലുള്ള അക്വാ മെഷിനറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നുമാണ് ട്രാൻസ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത കമ്പനിയുമായി ബന്ധപ്പെട്ട് പമ്പിന്റെ ഫാക്ടറി വില സംബന്ധിച്ച് അന്വേഷണം നടത്തിയതായോ ഡീലർഷിപ്പ് സ്ഥാപനം ക്വോട്ട് ചെയ്ത നിരക്കുമായുള്ള വ്യത്യാസം അപഗ്രഥിച്ചതായോ കാണുന്നില്ല.

(3) സപ്ലൈ ഓർഡർ നൽകിയതിന് ശേഷം പമ്പിന്റെ ഫാക്ടറി ടെസ്റ്റിങ്ങിനായി രണ്ട് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരെ അഹമ്മദാബാദിലേയ്ക്ക് അയക്കാൻ ഉത്തരവിട്ടതായി കാണുന്നു. സപ്ലൈ ഓർഡർ നൽകിയതിന് ശേഷം

മാത്രം ഇപ്രകാരം ഫാക്ടറി ടെസ്റ്റിങ്ങിനായി ഉദ്യോഗസ്ഥരെ നിയോഗിച്ച സാഹചര്യം വ്യക്തമല്ല. പ്രസ്തുത ഉദ്യോഗസ്ഥർ യഥാർത്ഥത്തിൽ ഇപ്രകാരമുള്ള പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമാവുന്നില്ല.

(4) വിജയൻ എന്റർപ്രൈസസിന് നൽകിയ സപ്ലൈ ഓർഡറിൽ വിതരണം ചെയ്യുന്ന 4 സബ്മേഴ്സിബിൾ പമ്പ് ഏതൊക്കെ പാടശേഖരങ്ങളിലാണ് സ്ഥാപിക്കേണ്ടതെന്ന് പരാമർശിച്ചിരുന്നു. ഇതിൽ മുളക്കുളം പഞ്ചായത്തിലെ ഇടയാറ്റ് പാടശേഖരത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന പമ്പ് ഏറ്റുവാങ്ങി താൽക്കാലികമായി കോഴയിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷിക്കുകയും തുടർന്ന് വാഴപ്പള്ളി പഞ്ചായത്തിലെ പൂവം പാടശേഖരത്തിലെ ഉപയോഗത്തിനായി കൈമാറിയതായും കാണുന്നു. ഇപ്രകാരമുള്ള മാറ്റത്തിന്റെ കാരണം ഫയൽ പരിശോധിച്ചതിൽ വ്യക്തമല്ല.

**നേട്ടങ്ങൾ/ഭൗതിക പരിശോധനാ വിവരങ്ങൾ**

മേൽ സൂചിപ്പിച്ച അപാകങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും പരമ്പരാഗത രീതിയിൽ ഉപയോഗിച്ച് വരുന്ന പെട്ടി/പറ സംവിധാനത്തെ അപേക്ഷിച്ച് ആക്സിയൽ ഫ്ലോ പമ്പിന്റെ ഉപയോഗക്ഷമത വളരെ കൂടുതലാണ്. ഇത് സംബന്ധമായി ഓഡിറ്റ് നടത്തിയ പരിമിതമായ ഭൗതീക പരിശോധനയിലും അന്വേഷണത്തിലും പരമ്പരാഗത രീതിയിൽ ഉപയോഗിച്ച് വന്നിരുന്ന പെട്ടി/പറയുടെ പരിപാലനത്തിനും വാർഷിക അറ്റകുറ്റപണികൾക്കുമായി വലിയ തുക ചെലവഴിക്കേണ്ടി വന്നത് ഒഴിവാക്കാനാകുന്നുണ്ടെന്ന് പാടശേഖരസമിതി അധികൃതർ അറിയിച്ചിട്ടുണ്ട്. ആവശ്യമായ വോൾട്ടേജ് നിലനിർത്തിയുള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയാൽ പമ്പിങ്ങ് സുഗമമാവും. മാന്നാർ തെക്കുംപുറം പാടശേഖരത്തിൽ സ്ഥാപിച്ചിട്ടുള്ള 60 HP വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സെറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭ്യമാകാത്തതിനാൽ നിലവിലും 60 HP പെട്ടിയും പറയുമാണ് ഉപയോഗിച്ച് വരുന്നത്. മേവെള്ളൂരിലും പൂവം പാടശേഖരത്തിലും സമാനമായ സാഹചര്യം മൂലം പമ്പ് പ്രവർത്തിക്കുന്നില്ലയെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.ഈ സാഹചര്യത്തിൽ എപ്രകാരമാണ് ട്രയൽ റൺ നടത്തിയതെന്ന് വ്യക്തമല്ല. കരാർ പ്രകാരമുള്ള തുക പൂർണ്ണമായി ചെലവഴിച്ചതിന് ശേഷവും പമ്പ് സെറ്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തത് ഗൗരവസ്വഭാവമുള്ള വീഴ്ച്ചയാണ്. മറ്റ് പാടശേഖരങ്ങളിൽ സ്ഥിരതയുള്ള വോൾട്ടേജ് ഉറപ്പാക്കി ആക്സിയൽ ഫ്ലോ പമ്പ് പ്രവർത്തിപ്പിക്കുന്നുണ്ടോയെന്ന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകളിന്മേലുള്ള ന്യൂനതാ പരിഹാര റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. തൻവർഷത്തെ പ്രോജക്ട് ചെലവ് തുകയായ 1,15,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 പ്രോജക്ട് നം.157/23- കരിങ്കണ്ടം കുരിശ് പന്തിരുപറ പുറംബണ്ട് ബലപ്പെടുത്തൽ പ്രവൃത്തി- അപാകതകൾ

- **പുറംബണ്ടിൽ മണ്ണ് നിറയ്ക്കുന്നതിനുള്ള വകയിരുത്തൽ നടത്തിയിരുന്നത് പ്രവൃത്തിയുടെ പൂർത്തീകരണഘട്ടത്തിൽ പുതുക്കിയ എസ്റ്റിമേറ്റിലൂടെ ഒഴിവാക്കി.**
- **ഫൈൻ ഈടാക്കാതെ കരാർ കാലയളവ് ദീർഘിപ്പിക്കരണം നൽകി.**
- **മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.**

പ്രോജക്ട് നം.1428/20 പ്രകാരം 2019-20 വർഷം ആരംഭിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം പുതുപ്പള്ളി ഡിവിഷനിലെ വാകത്താനം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കരിങ്കണ്ടം കുരിശ് പന്തിരുപറ പുറംബണ്ട് നിർമ്മാണത്തിന്റെ ഭാഗമായി പാടശേഖരത്തിന്റെ ഭാഗത്ത് ഫൌണ്ടേഷൻ ഉൾപ്പെടെ 100 മീറ്ററിൽ ഡി.ആർ മേസൺറി എന്ന ഇനവും (കോഡ് 60.7.1) സമീപസ്ഥമായ തോടിന്റെ ഭാഗത്ത് 100 മീ നീളത്തിൽ സിമെന്റ് കോൺക്രീറ്റ് ചെയ്യുന്നതിനും (കോഡ് 4.3.2 ) തുക വകയിരുത്തിയിരുന്നു. കൂടാതെ, ഇടഭാഗങ്ങളിൽ ഏകദേശം 622.50 ഘ.മീ മണ്ണ് നിറയ്ക്കൽ പ്രവൃത്തിയ്ക്കായും തുക വകയിരുത്തിയിരുന്നു. (Od 3971/2019-20) ഇപ്രകാരം അനുബന്ധ പ്രവൃത്തികൾ നികുതി വിഹിതം ഉൾപ്പെടെ ആകെ 2000000- രൂപ വികസനഫണ്ടിൽ നിന്നും കൃഷി മേഖലയിലെ പ്രസ്തുത പ്രോജക്ടിനായി വകയിരുത്തിയിരുന്നു. കരാർ പ്രകാരം പൂർത്തീകരണ കാലാവധി 5 മാസമായിരുന്നു. ഇ-ടെണ്ടർ പ്രകാരം 1704894.23 എന്ന തുകയ്ക്ക് ശ്രീ ഷാജി ആന്റണി, തരകൻപറമ്പിൽ എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകി. ടിയാൻ എല്ലാ ഇനങ്ങൾക്കും എസ്റ്റിമേറ്റ് നിരക്കാണ് ക്വാട്ട് ചെയ്തിരുന്നത്. 24-12-19 ൽ സെലക്ഷൻ നോട്ടീസ് അയച്ചു. 29-02 -20 ലെ 123/19-20 നം പ്രകാരം കരാറിൽ ഏർപ്പെട്ട ടിയാൻ 29-02-20 ൽ തന്നെ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് വാങ്ങിയെങ്കിലും കോവിഡ് പ്രതിസന്ധി ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ലെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. ഭാഗികമായി മാത്രം പൂർത്തിയായ പ്രവൃത്തിയുടെ പാർട്ട്ബിൽ നൽകുന്നതിന് വേണ്ടി 20-21 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽഓവറായി വിഹിതം ഉൾപ്പെടുത്തി. (പ്രോജക്ട് നം.1453/20-21. 1300000-രൂപ) മുൻവർഷം 2000000-രൂപ വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികളുടെ ഇനങ്ങളിൽ യാതൊരു മാറ്റവും വരുത്തിയിരുന്നില്ല. പ്രോജക്ട് ആവിഷ്കരിച്ച വർഷത്തിൽ (2019-20ൽ) പ്രസ്തുത പ്രോജക്ടിനായി തുക ചെലവഴിച്ചിരുന്നുമില്ല. ഈ സാഹചര്യത്തിൽ സ്പിൽ ഓവർ പ്രോജക്ടിനായി 13 ലക്ഷം

മാത്രം വകയിരുത്തിയ സാഹചര്യം വ്യക്തമല്ല. വകയിരുത്തിയ വിഹിതങ്ങളിൽ കുറവ് വരുത്തിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കോട്ടയം കൃഷി അസി.എക്സി.എഞ്ചിനീയറുടെ 16-12-20 ലെ എ.ഇ(3) 1037/19 പ്രകാരം 484400- രൂപയുടെ മൂല്യം നിശ്ചയിച്ച് ( MB.No.16/19-20) 10%റിട്ടെൻഷൻ കിഴിച്ച് പാർട്ട് ബിൽ പാസാക്കി നൽകിയിട്ടുണ്ട്.

| | |
|---|---|
| ബിൽ നം. BRN...4013/14-12-20 | |
| തുക – (Gross) | 436000- |
| (-) നികുതി( IT) | 4360- |
| | 431640- |
| (-)ക്ഷേമനിധി | 4360- |
| (-)ജിഎസ്ടി | 8720- |
| കരാറുകാരന് നൽകിയ അറ്റ തുക | 418560- |

പ്രസ്തുത കരാർ പ്രവൃത്തി വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണെന്നും പൂർത്തിയാക്കേണ്ട ഇനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയും 21-22 വർഷത്തെ പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുള്ളതായും വ്യക്തമാക്കി കരാർ പുതുക്കുന്നതിനായി 05-01-22 ലെ AE( 3) 1037/19 നം കത്ത് പ്രകാരം കരാറുകാരന് അറിയിപ്പ് നൽകി . 03-02-22 ലെ സപ്ലിമെന്ററി എഗ്രിമെന്റ് (123(1)/2019-20 ) പ്രകാരം കരാർ പുതുക്കിയിട്ടുണ്ട്. ഇപ്രകാരം പ്രോജക്ട് വിഹിതത്തിൽ ക്രമപ്രകാരമല്ലാതെ കുറവ് വരുത്തി വർഷങ്ങൾ കഴിഞ്ഞതിന് ശേഷമാണ് എസ്റ്റിമേറ്റ് പുതുക്കി ആയതിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ സാങ്കേതികാനുമതിയ്ക്കായി അപേക്ഷിച്ചത്. (AE (3) 1037/19/08-03-22). പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള അടങ്കൽ 1298464.51 രൂപ മാത്രമാണ്. (ജിഎസ് ടി വിഹിതം ഉൾപ്പെടെ) ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന 1066620.65 രൂപയുടെ വിഹിതങ്ങൾ ഒഴിവാക്കുകയും 440953.44 രൂപയുടെ വിഹിതങ്ങൾ അധികമായി ഉൾപ്പെടുത്തുകയും ചെയ്തു. ഒറിജിനൽ എസ്റ്റിമേറ്റ് ശരിയായ സൈറ്റ് കണ്ടീഷൻ മനസ്സിലാക്കിയല്ല തയ്യാറാക്കിയിട്ടുള്ളത് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ചുള്ള പ്രവൃത്തികളുടെ നിർവ്വഹണം മിക്കവാറും പൂർത്തിയായതിന് ശേഷമാണ് എസ്റ്റിമേറ്റ് പുതുക്കിയതെന്നും വ്യക്തമാണ്. ഇത്തരം ഘടകങ്ങൾ ഒന്നും പരിഗണിയ്ക്കാതെയും പദ്ധതിമാർഗ്ഗരേഖ പ്രകാരമുള്ള ഫലപ്രദമായ വെറ്റിംഗ് നടപടികൾ സ്വീകരിയ്ക്കാതെയും കൃഷി എക്സി.എഞ്ചി, ആലപ്പുഴ പുതുക്കിയ സാങ്കേതികാനുമതി നൽകിയതായി കാണുന്നു. ( Order No. EE (2)393/2022/17-03-22 ) ഇത് പ്രകാരം 18-03-22 ൽ സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ട് കരാറുകാരൻ പ്രവൃത്തി തുടരുകയും (Agr No.123 (E)/19-20) താഴെപ്പറയുന്ന പ്രകാരം ഫൈനൽ ബിൽ തുക കൈപ്പറ്റുകയും ചെയ്തു. (പൂർത്തീകരണ തീയതി- 17-06-22 ).

<u>സ്പിൽ ഓവർ പ്രോജക്ട് നം157/23</u>

<u>കൃഷി എക്സി.എഞ്ചിനീയറുടെ 27-06-22 ലെ ഉത്തരവ് നം. AE (3)1037/2019</u>

(പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അടങ്കലിൽ കുറവ് വരുത്തിയിട്ടും ആകെ അടങ്കൽ തുക 2000000- രൂപ എന്നും PAC തുക 1784094.23 രൂപ എന്നും തെറ്റായി മേൽ ഉത്തരവിൽ പരാമർശിച്ചിരിയ്ക്കുന്നു.)

| | |
|---|---|
| MB No | 16/19-20 |
| ആകെ മൂല്യം | 977326- |
| (-) പാർട്ട്ബിൽ | 436000- |
| | 541326- |
| (+) 12% ജിഎസ് ടി | 117279- |
| | 658605- |
| (-)GST-10826- | 21652- |
| (-)WF-5413- | |
| (-)IT- 5413- | |
| കരാറുകാരന് നൽകിയ അവസാനതുക | 636953- |
| Bill No. 53/25-06-22 | 658605- |

<u>മറ്റ് അപാകതകൾ-</u>

മേൽ നിരീക്ഷണത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് പുറമെ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

- ഒറിജിനൽ എസ്റ്റിമേറ്റിൽ ബണ്ട് നിർമ്മാണത്തിന്റെ ഭാഗമായി 622.5 ഘന മീ. അളവിൽ പുതിയതായി ബലപ്പെടുത്തുന്ന പുറംബണ്ടിൽ മണ്ണ് നിറയ്ക്കുന്നതിനുള്ള വകയിരുത്തൽ നടത്തിയിരുന്നത് പ്രവൃത്തിയുടെ പൂർത്തീകരണഘട്ടത്തിൽ പുതുക്കിയ എസ്റ്റിമേറ്റിലൂടെ ഒഴിവാക്കി. തൻമൂലം പുറംബണ്ട് യഥാർത്ഥത്തിൽ ഉപയുക്തമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ ബണ്ടിന്റെ ഒരു ഭാഗത്ത് ഡിആർ മേസൺറിയ്ക്ക് പകരം സിമന്റ് കോൺക്രീറ്റ് 1:3:6 ലൂടെ ബലപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നത് ഇരുഭാഗത്തും ഡിആർ മേസൺറി വർക്ക് ആക്കി അവസാനഘട്ടത്തിൽ ഭേദഗതി ചെയ്തു. ഒറിജിനൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഇക്കാര്യം പരിഗണിയ്ക്കാത്ത സാഹചര്യം വ്യക്തമല്ല.
- പ്രവൃത്തിയുടെ ആരംഭഘട്ടത്തിൽ കോവിഡ് വ്യാപനം മൂലമുള്ള പ്രതിസന്ധി നിലനിന്നിരുന്നുവെങ്കിലും ഇക്കാര്യം ചൂണ്ടിക്കാട്ടി 2021 ന് ശേഷവും പൂർത്തീകരണകാലാവധി ഫൈൻ കൂടാതെ ദീർഘിപ്പിച്ച് നൽകി. ഇത് സംബന്ധിച്ച് ഏർപ്പെട്ടിട്ടുള്ള സപ്ലിമെന്ററി എഗ്രിമെന്റിൽ ഫൈൻ കൂടാതെയാണ് കാലാവധി ദീർഘിപ്പിയ്ക്കുന്നതെന്ന് പരാമർശിച്ചിട്ടില്ല. ഇക്കാരണത്താൽ ഫൈൻ ഈടാക്കാതെയുള്ള കരാർ കാലയളവ് ദീർഘീകരണം ക്രമപ്രകാരമല്ല. ആവശ്യമായ ഫൈൻ കണക്കാക്കി ഈടാക്കേണ്ടതാണ്.
- പ്രവൃത്തിയുടെ പൂർത്തീകരണത്തെ തുടർന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൃഷി മേഖലയിൽ ഈ പ്രോജക്ട് നിർവ്വഹണം മൂലം ഉണ്ടായ നേട്ടങ്ങൾ അപഗ്രഥിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
  മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.31) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിയ്ക്കുന്നതു വരെ തൻവർഷത്തെ 658605- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 വാകത്താനം ഡിവിഷനിലെ കളപ്പുരയ്ക്കൽക്കടവ് തെക്ക് വല്ലേരിച്ചാൽ പാടശേഖരം പമ്പ് ഹൗസ് നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിച്ചില്ല-നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 159/22-23വാകത്താനം ഡിവിഷൻ -വാകത്താനം പഞ്ചായത്ത് കളപ്പുരയ്ക്കൽക്കടവ് തെക്ക് വല്ലേരിച്ചാൽ പാടശേഖരം പമ്പ് ഹൗസ് നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സി .എഞ്ചിനീയർ(കൃഷി) |
| അടങ്കൽ | 6,00,000/- |
| ചെലവ് | 5,42,308/- (Bill No 4/27.07.2022) |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം) |
| കരാർ നമ്പർ | 15/2020-21/19.02.2021 |
| കരാറുകാരൻ | രജിമോൻ ഏലിയാസ് |

2019-20 വർഷം സാങ്കേതികാനുമതി ലഭിച്ച പ്രോജക്ടിന് 6 മാസമാണ് പൂർത്തീകരണ കാലാവധി. കുറഞ്ഞ നിരക്കായ 999831 (0.0169% Below) രൂപ ക്വോട്ട് ചെയ്ത രജിമോൻ ഏലിയാസ്-ന്റെ ടെണ്ടർ 04.12.21 -ലെ ജനറൽ കമ്മിറ്റി 3(2) അംഗീകരിച്ചു. 19.02.21 -ൽ 15/2020-21- ൽ പ്രവൃത്തിയുടെ കരാർ വച്ചതിൽ പൂർത്തീകരണ തീയതി 18.8.2021 ആണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 18.03.2022 -ൽ ആണ്.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു. സമയം ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, കരാർ പുതുക്കി നൽകുകയോ ചെയ്തിട്ടില്ല. 18.03.2022 -ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും ലഭ്യമല്ല.

ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കരാർ പ്രകാരം പൂർത്തീകരണ തീയതി | 18.8.2021 | |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 18.03.2022 | |
| കാലതാമസം | 7 മാസം | |
| ഗ്രേസ് പീരിഡ് (25%) | ഒന്നര മാസം | |
| കാലതാമസം | അഞ്ചര മാസം | |
| ആദ്യത്തെ 3 മാസം(1% നിരക്കിൽ ) | | 9998 |

| | | |
|---|---|---|
| അടുത്ത മൂന്ന് മാസം (2% നിരക്കിൽ ) | | 19996 |
| ആകെ ഈടാക്കേണ്ട പിഴ | | 29994 |

പിഴ ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 27/22-23/28.11.2023) പ്രവൃത്തിയുടെ കാലാവധി രണ്ടു തവണ ദീർഘിപ്പിച്ചത് സംബന്ധിച്ച സപ്ലിമെന്ററി എഗ്രിമെന്റ് ഹാജരാക്കി. (18-08-21 മുതൽ 18-11-21 വരെയും 18-12-21 മുതൽ 18-03-22 വരെയും ). സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നത് കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് വേണ്ടിയാണെന്നതിനാലും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചതു കൊണ്ട് മാത്രം നിയമാനുസൃതം ഈടാക്കേണ്ട പിഴയിൽ നിന്നും ഒഴിവാക്കാനാവില്ലയെന്നതിനാലും കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**1-21 നിരീക്ഷണ ഡാറ്റ അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കിയതിൽ വൈരുദ്ധ്യം-മുൻ വർഷങ്ങളിൽ അധിക നിരക്ക് കണക്കാക്കിയതിന്മേൽ സാങ്കേതിക തല പുനർ വിശകലനം -അനിവാര്യം**

നെൽകൃഷി വികസനത്തിന്റെ ഭാഗമായി വിവിധ പാടശേഖരങ്ങളിലെ തോടുകൾക്ക് ആഴം കൂട്ടി പുറം ബണ്ട് ബലപ്പെടുത്തുന്ന നിരവധി പ്രവൃത്തികൾ കൃഷി അസി.എക്സി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വർഷങ്ങളായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് വരുന്നു, ഇത്തരം പ്രവൃത്തികളുടെ പ്രധാന ഇനമായ യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള ചെളി നീക്കവും നീക്കം ചെയ്യുന്ന ചെളി ഉപയോഗിച്ചുള്ള പുറം ബണ്ട് ബലപ്പെടുത്തലും എന്നയിനം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിരക്ക് മുൻ വർഷങ്ങളിൽ നിരീക്ഷണ ഡാറ്റ പ്രകാരം സംയോജിപ്പിച്ച് ഒരു ഇനം ആയി കണക്കാക്കിയിരുന്നു. എന്നാൽ 2022-23 വർഷത്തിൽ ഇവ വെവ്വേറെ ഇനങ്ങളായി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കിയത്.

ഉദാഹരണമായി തലയാഴം പഞ്ചായത്തിലെ വടക്കേവനം പാടശേഖരം- തോടിന് ആഴം കൂട്ടി പുറം ബണ്ട് നിർമ്മാണം എന്ന പേരിൽ 2019-20 വർഷത്തിൽ പ്രോജക്റ്റ് നം 1329/20 ഏറ്റെടുത്ത പ്രവൃത്തിയിൽ പ്രസ്തുത ഇനത്തിന് കണക്കാക്കിയ എസ്റ്റിമേറ്റ് നിരക്കും 2022-23 വർഷത്തിൽ പ്രോജക്റ്റ് നം. 866/23 പ്രകാരം കുറവിലങ്ങാട് വലിയതോട് കോഴ മുതൽ വെമ്പള്ളി വരെ ആഴം കൂട്ടൽ ബണ്ട് നിർമ്മിക്കൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇതേ ഇനങ്ങൾ വെവ്വേറെ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കിയതിന്റെയും താരതമ്യം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി/ഇനം | എസ്റ്റിമേറ്റ് വിവരണം /നിരക്ക് (2019-20 ലെ പ്രോജക്റ്റ് പ്രകാരമുള്ളത് ) | എസ്റ്റിമേറ്റ് വിവരണം /നിരക്ക് ( 2022-23 ലെ പ്രോജക്റ്റ് പ്രകാരമുള്ളത് ) |
|---|---|---|---|
| 1 | പ്രോജക്റ്റ് നം 1329/20 തലയാഴം പഞ്ചായത്തിലെ വടക്കേവനം പാടശേഖരം- തോടിന് ആഴം കൂട്ടി പുറം ബണ്ട് ബലപ്പെടുത്തൽ | OD No.1394/ 2019-20 ഹൈഡ്രോളിക്ക് എസ്കവേറ്റർ ഉപയോഗിച്ച് ആഴം കൂട്ടലും ബണ്ട് ഫോർമേഷനും -ക്യു.മീറ്ററിന് 162.85 Cost Index (37.93)ഉൾപ്പടെ -185.42 | |
| 2 | പ്രോജക്റ്റ് നം 866/23 കുറവിലങ്ങാട് വലിയതോട് കോഴ മുതൽ | ക്യു.മീറ്ററിന് 77.98 | OD No.3674/ 21ഹൈഡ്രോളിക്ക് എസ്കവേറ്റർ ഉപയോഗിച്ച് ആഴം കൂട്ടൽ |

| | | | |
|---|---|---|---|
| | വെമ്പള്ളി വരെ ആഴം കൂട്ടൽ ബണ്ട് നിർമ്മിക്കൽ | | (Cost Index ഉൾപ്പടെ -36.44 ക്യൂ.മീറ്ററിന് 77.98<br>OD No.3945/ 21 സൈഡ് ബണ്ട് ഫോർമേഷൻ(cost Index ഉൾപ്പെടെ) ക്യൂ.മീറ്ററിന് 61.88.<br>ആകെ 139.76/ക്യൂ.മീറ്റർ |

ഒരേയിനം പ്രവൃത്തിയുടെ ഘടകങ്ങൾ വ്യത്യസ്തമായി കണക്കാക്കിയപ്പോൾ 4 വർഷങ്ങൾക്ക് ശേഷം കണക്കാക്കിയ നിരക്കിൽ ഒരു ഘന മീറ്ററിന് 45.66/-രൂപ കുറവ് വന്നിരിക്കുന്നു. ഈ മേഖലയിലെ പ്രവൃത്തി 2022-23 വർഷം ഏറ്റെടുത്ത സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പ്രവൃത്തിയുടെ ഘടകങ്ങൾ വേർതിരിച്ച് നിർണ്ണയിച്ച് എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കിയപ്പോൾ എസ്റ്റിമേറ്റ് നിരക്കിൽ കുറവ് വന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ മുൻ വർഷങ്ങളിലെ എസ്റ്റിമേറ്റ് നിരക്കിന്റെ കണക്കാക്കൽ കൃത്യമല്ലായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ വിവരിച്ച പ്രകാരമുള്ള പ്രവൃത്തികളാണ് മുൻ വർഷങ്ങളിൽ ഏറ്റെടുത്ത് നിർവ്വഹിച്ചിട്ടുള്ളത്. ഇതിൽ മേൽ വിവരിച്ച ഇനം പ്രവൃത്തിയാണ് പ്രധാനമായും ഉൾപ്പെട്ടിട്ടുള്ളത്. ഈ സാഹചര്യത്തിൽ മുൻ വർഷങ്ങളിൽ യുക്തിസഹമല്ലാത്ത വിധത്തിൽ നിരീക്ഷണ ഡാറ്റ പ്രകാരം ഉയർന്ന നിരക്ക് അനുവദിക്കുക വഴി കരാറുകാർക്ക് അവിഹിതമായ ലാഭം ഉണ്ടായതായും വികസന ഫണ്ടിനത്തിൽ ലക്ഷങ്ങളുടെ അധിക ചെലവ് ഉണ്ടായതായും ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധമായി സാങ്കേതിക തലത്തിൽ ആവശ്യമായ പുനർ വിശകലനം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതും അധിക നിരക്ക് മൂലം അധിക ചെലവ് ഉണ്ടായതായി സ്ഥിരീകരിക്കുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-22 വൈക്കം ഡിവിഷൻ-ഉദയനാപുരം ,മറവൻതുരുത്ത് ഗ്രാമപഞ്ചായത്തുകളിൽ ടേക്ക് എ ബ്രേക്ക് സംവിധാനം ഒരുക്കൽ ഫലപ്രാപ്തിയിലെത്തിയില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 234/22-23 വൈക്കം ഡിവിഷൻ-ഉദയനാപുരം ,മറവൻതുരുത്ത് ഗ്രാമപഞ്ചായത്തുകളിൽ 'ടേക്ക് എ ബ്രേക്ക് 'സംവിധാനം ഒരുക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സി .എഞ്ചിനീയർ(LSGD) |
| അടങ്കൽ | 24,20,000/- |
| ചെലവ് | 835311(Bill No 288/25.10.23)<br>49537(Bill No 1204/20.03.23)<br>1042800(Bill No 1376/28.03.23)<br>19,27,648/- |
| ഫണ്ട് | വികസന ഫണ്ട് (CFC) |
| കരാർ നമ്പർ | 205/AEE/LSGD/21-22/07.02.22 |
| കരാർകാരൻ | ശിവശങ്കരൻ നായർ.ഡി |

2021-22 വർഷം സാങ്കേതികാനുമതി (65524/21-22) ലഭിച്ച പ്രോജക്ടിന്റെ പൂർത്തീകരണ കാലാവധി 7 മാസമായിരുന്നു. കുറഞ്ഞ നിരക്കായ 2057311.83(7.819% Below) രൂപ ക്വോട്ട് ചെയ്ത ശിവശങ്കരൻ നായർ.ഡി-യുടെ ടെണ്ടർ അംഗീകരിച്ചു. 07.02.22 ലെ 205/AEE/LSGD/21-22- നമ്പർ കരാർ പ്രകാരം ഏറ്റെടുത്ത പ്രവൃത്തി 27.04.23ൽ പൂർത്തീകരിച്ച് ഫൈനൽ ബിൽ (08/2023) നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

1.കോട്ടയം ജില്ലാ പഞ്ചായത്ത് 21.10.21 ലെ ജനറൽ കമ്മിറ്റി 2(6) തീരുമാന പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വടക്കേമുറി വില്ലേജ് സർവ്വേ നം.7/ABCD ൽപ്പെട്ട സ്ഥലത്ത് 25 ലക്ഷം രൂപ വിനിയോഗിച്ച് ടേക്ക് എ ബ്രേക്ക് സമുച്ചയം നിർമ്മിക്കുന്നതിന് തീരുമാനിച്ചു.എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽപ്പെട്ട ടി സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് ലഭിച്ച അനുമതി രേഖകളും സ്ഥലം കൈമാറി ലഭിച്ചതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല.

2)പ്രവൃത്തി പൂർത്തീകരിച്ച് തുടർനടത്തിപ്പിനായി ഉദയനാപുരം ഗ്രാമപഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല. 12.10.23 -ൽ നടത്തിയ സ്ഥല പരിശോധനയിൽ പരിസരം കാട് പിടിച്ച നിലയിലും കെട്ടിടം ഉപയോഗക്ഷമമല്ലാത്ത അവസ്ഥയിലും കാണപ്പെട്ടു. 19-4-22 ലെ സ.ഉ കൈ നം.84/22/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള 14 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.1(13) ൽ ഇത്തരം പ്രോജക്ട് ഗ്രാമ പഞ്ചായത്ത് തലത്തിലാണ് ഏറ്റെടുക്കേണ്ടത് എന്ന് പരാമർശിച്ചിട്ടുണ്ട്.ആയതിനാൽ പ്രോജക്ട് നേരിട്ട് ഏറ്റെടുക്കുന്നതിന് പകരം വിഹിതം കൈമാറുന്നതായിരുന്നു ഉചിതം.



മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (28/16.12.23)ന് മറുപടി ലഭിച്ചിട്ടില്ല.ഇതിനോടകം നിർമ്മിക്കപ്പെട്ടിട്ടുള്ള ടേക്ക് എ ബ്രേക്ക് കെട്ടിടം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും സജ്ജീകരിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ജനങ്ങൾക്ക് പ്രയോജനകരമാവുന്നതിനും ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം നിരാക്ഷേപമായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കി തുടർനടത്തിപ്പ് ചുമതല രേഖാമൂലം ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണ്.ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള 27-7-2020 സ.ഉ( സാ ധാ ) നം.1401/2020 /തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ആവശ്യമായ വിശ്രമ സ്ഥലം, കുടിവെള്ളം,നാപ്കിൻ വെൻഡിങ്ങ് സംവിധാനം എന്നിവ സജ്ജീകരിക്കേണ്ടതുമാണ്.പൊതുജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഗുണനിലവാരത്തോടെ ഏർപ്പാടാക്കുന്നതോടൊപ്പം തുടർനടത്തിപ്പ് ചുമതലയുള്ള ഗ്രാമപഞ്ചായത്തിന് ഇത് വരുമാനദായകമാക്കുക എന്ന ലക്ഷ്യം കൂടി കൈവരിക്കേണ്ടതുണ്ട്.എന്നാൽ നാളിതുവരെ പ്രസ്തുത പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാലും ഗ്രാമ പഞ്ചായത്തിന് വരുമാനദായകമാകാത്തതിനാലും ചെലവ് തുകയായ 19,27,648/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-23 തലയാഴം പഞ്ചായത്ത്- 9ാം വാർഡ്- വയോജനവിശ്രമ കേന്ദ്രം നിർമ്മാണം- അപാകതകൾ**

| | |
|---|---|
| അടങ്കൽ -ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2000000- |
| ചെലവ്- | 1339005- Bill No1172 /18-03-23 |
| TS | Order No.LSGD/TS/2019-20 /35310/18-02-20 |
| പൂർത്തീകരണകാലയളവ് | 10 മാസം |
| കരാറുകാരൻ | ഉമേഷ്.കെ.യു, കളത്തിൽ(H),തലയാഴം |
| PAC | 1678358- |
| MB No | 55/22-23 |

എൽ.എസ്.ജി.ഡി അസി.എക്സി എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20ൽ ആരംഭിച്ച പദ്ധതിയാണ് തലയാഴം ഗ്രാമപഞ്ചായത്ത് 9- ാം വാർഡിൽ വയോജന വിശ്രമ കേന്ദ്രം നിർമ്മാണം. ഹൌസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകിട്ടുന്നതിനും, സ്ഥലത്തെ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിനും സൈറ്റിലൂടെ ഉണ്ടായിരുന്ന വഴി തർക്കപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉണ്ടായ കാലതാമസം മൂലം മൂന്ന് വർഷത്തോളം വൈകിയാണ് പദ്ധതി നടപ്പാക്കിയത്. സൈറ്റിലെ പ്രശ്നങ്ങൾ പരിഹരിച്ച് 19-03-22 ലാണ് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്. 10 മാസമാണ് പൂർത്തീകരണ കാലാവധിയെങ്കിലും 22-23 വർഷം കഴിഞ്ഞപ്പോഴും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പാർട്ട് ബില്ലിൽ ഫൈനൽപ്പെടെ പിടിച്ചിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ബിൽ തുക | 1339005- Bill No.1172/18/03/23 |
| (-)ആദായനികുതി | 11955- |
| | 1327050- |
| (-)ക്ഷേമനിധി | 11955- |
| (-)റിട്ടെൻഷൻ | 29890- |
| (-)ഫൈൻ | 16784- |
| (-)ജിഎസ്ടി | 23910- |
| കോൺട്രാക്ടർക്ക് കൊടുത്ത തുക | 1244511- |

പദ്ധതി സംബന്ധിച്ച അപാകതകൾ

- പ്രോജക്ട് നടപ്പാക്കുന്നതിനുള്ള തീരുമാനം (Initiative Step) ഗ്രാമപഞ്ചായത്തിന്റെയോ അതോ ജില്ലാപഞ്ചായത്തിന്റേതോ എന്നത് വ്യക്തമല്ല.
- സ്ഥലം കെട്ടിടം പണിയുന്നതിന് മാത്രമാണ് ഹൌസിംഗ് ബോർഡ് വിട്ടുകൊടുത്തിരിക്കുന്നത്. നിലവിൽ കെട്ടിടം തുടർനടത്തിപ്പിനായി ഗ്രാമപഞ്ചായത്തിനോ, ജില്ലാപഞ്ചായത്തിനോ വിട്ടുകിട്ടിയിട്ടുണ്ടോയെന്നത് വ്യക്തമല്ല.
- 18-01-23 വരെ ഫൈനോടു കൂടി എക്സ്റ്റൻഷൻ അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഒരു കേസ് കോട്ടയം സിജെഎം കോടതിയിൽ നിലനിൽക്കുന്നുവെന്ന് അറിയിച്ച് പ്രവൃത്തിയുടെ എം ബുക്ക് തലയാഴം പഞ്ചായത്ത് അധികൃതർ കൈപ്പറ്റിയിട്ടുണ്ട്. കേസിനെ സംബന്ധിച്ച വിശദാംശങ്ങളില്ല.
- ഫയലിലെ ബില്ലിൽ പ്രവൃത്തിയുടെ 15 മുതൽ 19വരെയും 21മുതൽ 22 വരെയുമുള്ള ഇനങ്ങൾ ( Panelled &Glazed Shutters- Doors And Windows...) തൻവർഷം ചെയ്തിട്ടില്ല. തുടർപ്രോജക്ട് വെച്ച് പ്രവൃത്തി പൂർത്തികരിച്ചുവോയെന്നത് വ്യക്തമല്ല.
- പ്രോജക്ടിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കേണ്ടതാണ്.
- ഈ പ്രോജക്ട് വയോജനങ്ങൾക്ക് പ്രയോജനപ്രദമാണോയെന്നതിന്റെയും പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ടോയെന്നതും കൃത്യമായ മോണിറ്ററിംഗ് നടത്തിയിട്ടുണ്ടോയെന്നതും വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.35) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിയ്ക്കുന്നതുവരെ 1339005- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 കേരള സംസ്ഥാന സർവ്വ വിജ്ഞാന കോശം -സമം പദ്ധതി -പ്രോജക്ട് ഉദ്ദേശ്യം വ്യക്തമല്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | കേരള സംസ്ഥാന സർവ്വ വിജ്ഞാന കോശം -സമം പദ്ധതി (992/22-23) |
| നിർവ്വണോദ്യോഗസ്ഥൻ | ജില്ലാ ഓഫീസർ, വനിതാ ശിശു വികസനം |
| ഫണ്ടിനം | തനത് ഫണ്ട് |
| അടങ്കൽ | 3,70,000 |
| ചെലവ് | 3,35,133- ബിൽ നം. 1485/30-03-23 |

കേരള സംസ്ഥാന സർവ്വ വിജ്ഞാന കോശം - സമം പദ്ധതിയുടെ ഉദ്ഘാടനം, പരിശീലനം, ഭക്ഷണം, താമസം , മെമന്റോ, സർട്ടിഫിക്കറ്റ് എന്നീയിനങ്ങൾക്കായിട്ടാണ് മുഴുവൻ തുകയും ചെലവഴിച്ചിരിയ്ക്കുന്നത്. എന്നാൽ പ്രോജക്ടിന്റെ ഉദ്ദേശ്യം, പരിശീലനം നൽകിയ വിഷയം, പരിശീലനാർത്ഥികളുടെ തെരഞ്ഞെടുപ്പ് മാനദണ്ഡം, പങ്കെടുത്തവരുടെ പേരുവിവരങ്ങൾ, ഹാജർ എന്നിവയൊന്നും ഓഡിറ്റിൽ ലഭ്യമാക്കിയ ഫയലിൽ നിന്ന് വ്യക്തമല്ല. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/07.09.2023) മറുപടി ലഭിച്ചിട്ടില്ല. വിശദമായ മറുപടി മതിയായ രേഖകൾ സഹിതം ലഭ്യമാക്കുന്നതുവരെ 335133/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 തലയാഴം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽമിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | 838/22-23 തലയാഴം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് |

| | |
|---|---|
| | സ്ഥാപിക്കൽ |
| നിർവ്വണോദ്യോഗസ്ഥൻ | സെക്രട്ടറി, കോട്ടയം ജില്ലാ പഞ്ചായത്ത് |
| നിർവ്വഹണം | അക്രെഡിറ്റഡ് ഏജൻസി വഴി (KEL) |
| ഫണ്ടിനം | വികസന ഫണ്ട്(പൊതു) |
| അടങ്കൽ | 10,00,000/- |
| ചെലവ് | 7,74,080/-( Bill No.1477/ 30-03-2023) |

പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

(1)മേൽ പ്രോജക്ട് പ്രകാരം കല്ലറ (വൈക്കം ) ഗ്രാമ പഞ്ചായത്തിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. കല്ലറ (വൈക്കം) ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം കുറവായതിനാൽ ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് ബുദ്ധിമുട്ടായതിനാൽ സോളാർ ലൈറ്റ് അനുവദിക്കാൻ ഗ്രാമപഞ്ചായത്ത് ഭരണ സമിതി 24.01.23 ലെ 1(4) ലെ തീരുമാനപ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ഈ തീരുമാനം ജില്ലാ പഞ്ചായത്ത് പരിഗണിച്ചതായി കാണുന്നില്ല.

(2) 20.03.23 ലെ KDP /KEL/C1-3901/2022-23/20.03.23ലെ ത്രികക്ഷി കരാർ പ്രകാരം 10 സ്ഥലങ്ങളിൽ 9,79,400/-രൂപയ്ക്ക് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കാനായിട്ടുള്ളതാണ് പ്രോജക്ട്. ഫയലിൽ KEL ( Kerala Electrical And Allied Engineering Co.Ltd) ഒൻപത് സ്ഥലങ്ങളിൽ 989197/-രൂപയുടെ ലൈറ്റുകൾ സ്ഥാപിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഡിവിഷൻ മെമ്പറുടെ കത്ത് പ്രകാരം പത്ത് സ്ഥലങ്ങളിൽ ലൈറ്റുകൾ സ്ഥാപിച്ചതായി കാണുന്നു.

(3)KEL ലൈറ്റുകൾ സ്ഥാപിച്ച തലയാഴം ഗ്രാമ പഞ്ചായത്തിലെ വാർഡ് 1 ലെ തോട്ടകം പള്ളി ജംഗ്ഷൻ, വാർഡ് 2 ലെ കേശവൻ മെമ്മോറിയൽ സ്കൂൾ, കല്ലറ (വൈക്കം) ഗ്രാമ പഞ്ചായത്തിലെ പറവൻതുരുത്ത് ജവഹർ ആർട്ട്സ് &സ്പോർട്ട്സ് ക്ലബ്ബ് എന്നീ സ്ഥലങ്ങളിൽസ്ഥാപിയ്ക്കുന്നതിന് 20.12.22 ലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ ഭരണസമിതി 1(27)നമ്പരായി തീരുമാനിച്ചിരുന്നു. എന്നാൽ ടി സ്ഥലങ്ങൾ 18.03.23 ലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 1(17) തീരുമാനപ്രകാരം റദ്ദ് ചെയ്തതായി കാണുന്നു.

(4) ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-34 ൽ പരാമർശിച്ചിരിയ്ക്കുന്ന പൊതു അപാകതകൾ ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിലും സംഭവിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/08.11.2023) മറുപടി ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

1)കല്ലറ (വൈക്കം )ഗ്രാമ പഞ്ചായത്തിൽ ലൈറ്റ് സ്ഥാപിച്ചിട്ടില്ലെന്നും 9 സ്ഥലങ്ങളിൽ ലൈറ്റ് സ്ഥാപിക്കുന്നതിന് FL/MKTG/HML/36/1905/2022/P-838 എസ്റ്റിമേറ്റ് മാത്രമാണ് സമർപ്പിച്ചിട്ടുള്ളതെന്നും ത്രികക്ഷി കരാറിലും ഡിവിഷൻ മെമ്പറുടെ സാക്ഷ്യപത്രത്തിലും കല്ലറ ഗ്രാമ പഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ലാത്തതുമാണെന്ന വിവരം അറിയിച്ചിട്ടുണ്ട്.

2) കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 26.10.22 ലെ 1 (4) തീരുമാനപ്രകാരം 1000000/-രൂപായുടെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ 15.01.23 ലെ FL/MKTG/HML/36/2307/2022 നമ്പർ ഉത്തരവ് പ്രകാരം 4x200വാട്ട്സിന്റെ ഒന്നും ,3x100 വാട്ട്സിന്റെ എട്ടും ചേർത്ത് 9 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 989194/-രൂപയുടെ സാങ്കേതികാനുമതി KEL ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 18.03.23 ലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 1(17) തീരുമാനം പദ്ധതിയുടെ അടങ്കൽ തുകയിൽ അധികരിക്കാതെ 10 സ്ഥലങ്ങളിൽ ലൈറ്റ് സ്ഥാപിക്കുന്നതിന് ത്രികക്ഷി കരാറിൽ ഏർപ്പെടുകയും ആയത് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് 114 ഇൻവോയ്സ് നമ്പർ പ്രകാരം3x100 വാട്ട്സിന്റെ 10 എണ്ണം മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ 80% തുക 774080/- ഡിവിഷൻ മെമ്പർ സാക്ഷ്യപ്പെടുത്തിയതിന്റെയും അടിസ്ഥാനത്തിൽ നിയമാനുസൃത കിഴിവുകൾക്കു ശേഷം KEL നടത്തിയ ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ട M/S JN LIGHTINGS, തിരുവല്ലയ്ക്ക് അനുവദിച്ചിട്ടുള്ളതാണ്. KEL ഒൻപത് സ്ഥലങ്ങളിൽ 989197/-രൂപയുടെ എസ്റ്റിമേറ്റ് മാത്രമാണ് സമർപ്പിച്ചത്.

3)തലയാഴം ഗ്രാമ പഞ്ചായത്തിലെ വാർഡ് 1 ലെ തോട്ടകം പള്ളി ജംഗ്ഷൻ, വാർഡ് 2 ലെ കേശവൻ മെമ്മോറിയൽ സ്കൂൾ, കല്ലറ (വൈക്കം )ഗ്രാമ പഞ്ചായത്തിലെ പറവൻതുരുത്ത് ജവഹർ ആർട്ട്സ് &സ്പോർട്ട്സ് ക്ലബ്ബ് എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് മാത്രമാണ് KEL സമർപ്പിച്ചതെന്നും ടി സ്ഥലങ്ങളിൽ ലൈറ്റുകൾ സ്ഥാപിച്ചതിനുള്ള ബില്ലുകൾ KEL സമർപ്പിച്ചിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്.

മറുപടിയുടെ അടിസ്ഥാനത്തിൽ ഫയൽ പുനഃ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത നിലനിൽക്കുന്നു.

1) 9 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 989194/-രൂപയുടെ സാങ്കേതികാനുമതി KEL ലഭ്യമാക്കിയിട്ടുള്ളത്. Detailed എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല.

2)കരാർ വച്ച് 60 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയ എം ബുക്ക്, കെ.എസ്.ഇ.ബി യിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം, ഫോട്ടോ, മിനി മാസ്റ്റ് ലൈറ്റ് തദ്ദേശ സ്ഥാപനത്തിന് കൈമാറിയതിന്റെ

രേഖകൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, ഫൈനൽ ബിൽ എന്നിവ ഹാജരാക്കിയിട്ടില്ല.

Detailed എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ് ,എം ബുക്ക്, കെ.എസ്.ഇ.ബി യിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം, മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ച സ്ഥലങ്ങളുടെ വിശദാംശങ്ങൾ, അവ തദ്ദേശ സ്ഥാപനത്തിന് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-26 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

2022-23 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾപ്രകാരം കെ എസ് ഇ ബിയിൽ തുക നിക്ഷേപം നടത്തിയിട്ടുണ്ട്.കൂടാതെ അക്രെഡിറ്റഡ് ഏജൻസി വഴിയും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട് .എന്നാൽ ഭൂരിഭാഗം നിക്ഷേപ പ്രവൃത്തികളും പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം ,മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

1. 2022-23 വർഷം കെ.എസ്.ഇ.ബിയിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 741/22-23<br>മാടപ്പള്ളി , വാഴപ്പള്ളി പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ -തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 999,175/- | വികസന ഫണ്ട് (പൊതു) | 1140/16.3.2023 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, തെങ്ങണ | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, ബില്ല് എന്നിവ ഹാജരാക്കിയിട്ടില്ല |
| 2 | 739/22-23<br>ആർപ്പൂക്കര പഞ്ചായത്ത് -വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ തുക കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്യൽ | 3,00,000/- | വികസന ഫണ്ട് (പൊതു) | 1142/16.3.2023 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, പള്ളം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കിയിട്ടില്ല |
| 3 | 752/22-23<br>അയർകുന്നം പഞ്ചായത്ത് - വാർഡ് 6- വെട്ടകാട് മുടപ്പാല മുന്നോടിക്കുന്ന് റോഡിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ- തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 2,50,000/- | വികസന ഫണ്ട് (പൊതു) | 1193/20.3.2023 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, അയർകുന്നം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കിയിട്ടില്ല |
| 4 | 150/22-23<br>തലയാഴം ഡിവിഷൻ-തലയാഴം, വെച്ചൂർ, ടിവി പുരം പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 499624/- | വികസന ഫണ്ട് (പൊതു) | 58/27.06.22 | കെ.എസ്.ഇ.ബി, വൈക്കം സെക്ഷൻ | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കിയിട്ടില്ല |
| 5 | 155/22-23<br>കല്ലറ പഞ്ചായത്ത് മുണ്ടാർ 9-ാം നമ്പർ ഹരിജൻ കർഷക കോർപ്പറേഷൻ മണിമല പാടശേഖരങ്ങളുടെ ട്രാൻസ് ഫോർമർ പവ്വർ അലോക്കേഷൻ- തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 215060 | വികസന ഫണ്ട് (പൊതു) | 70/15.07.22 | കെ.എസ്.ഇ.ബി, തലയാഴം | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 6 | 454/22-23<br>പള്ളിപ്പാറ മലങ്കോട് സ്ട്രീറ്റ് ലൈൻ വലിയ്ക്കലും ട്രാൻസ്ഫോർമർ സ്ഥാപിക്കലും - കെ.എസ്.<br>ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 15,00,000+<br>9738*<br>15,09,738 | വികസന ഫണ്ട് (പൊതു), തനത് | 276/20.10.22,<br>UTR No.RBI 3662220133608/ 31.12.2022 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കൊല്ലപ്പള്ളി | 1)പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം,<br>എന്നിവ ഹാജരാക്കിയിട്ടില്ല.<br>2)അടങ്കൽ തുകയിൽ 9738*രൂപ ഉൾപ്പെടുത്തിയതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. |
| 7 | 771/22-23 *<br>കുറോപ്പട പഞ്ചായത്ത് -1,7,11,17 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ- തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 19589 | തനത് | 1262/22-03-2023 | കെ.എസ്.ഇ.ബി | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം,<br>എന്നിവ ഹാജരാക്കിയിട്ടില്ല. |
| 8 | 679/22-23*<br>കുറവിലങ്ങാട് പഞ്ചായത്ത് -വാർഡ് 11 -മാവിൻചുവട് നസ്രത്ത് ഹിൽ റോഡിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ -തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 199893 | വികസന ഫണ്ട് (പൊതു) | 482/ 22-12-2022 | കെ.എസ്.ഇ.ബി | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം,<br>എന്നിവ ഹാജരാക്കിയിട്ടില്ല. |
| 9 | 850/22-23 *<br>കിടങ്ങൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ- തുക കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്യൽ | 998669 | വികസന ഫണ്ട് (പൊതു) | 470/ 20-12-2022 | കെ.എസ്.ഇ.ബി | പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം,<br>എന്നിവ ഹാജരാക്കിയിട്ടില്ല. |
| ആകെ | | 49,91,748 | | | | |

*** ക്രമ നമ്പർ 7,8,9 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല .**

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/08.11.2023) മറുപടി ലഭിച്ചിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം , പ്രോജക്ട് പൂർത്തീകരണപത്രം ഹാജരാക്കുന്നത് വരെ 49,91,748/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2.** 2022-23 വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | നിക്ഷേപം നടത്തിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | നിക്ഷേപം നടത്തിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 149/22-23<br>തുക്കൊടിത്താനം ഡിവിഷൻ -കടമാഞ്ചിറ എസ് സി കോളനി അടിസ്ഥാന സൗകര്യ വികസനം - തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 850,000/- | വികസന ഫണ്ട് (SCP) | 114/31.08.22 | EE,PH ഡിവിഷൻ,KWA തിരുവല്ല | പ്രവൃത്തിയുടെ , ധനവിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. SC Development Officer ഹാജരാക്കിയ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 30.03.22,27.06.22 ലെ ഗുണഭോക്തൃ ലിസ്റ്റ് പേര്,എസ് സി വീടുകളുടെ എണ്ണത്തിലും വ്യത്യാസം കാണുന്നു. |
| ആകെ | | 850,000/- | | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/08.11.2023) മറുപടി ലഭിച്ചിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം, പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 850,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-27 സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.**

2022-23 സാമ്പത്തിക വർഷം സംയുക്ത പ്രോജക്ടുകൾക്ക് വിഹിതം നൽകുന്നതിനായി സെക്രട്ടറി പ്രോജക്ടുകൾ ആവിഷ്കരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. പ്രോജക്ടുകൾക്ക് പൂർത്തീകരിച്ച് അതത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുണ്ട് .എന്നാൽ താഴെ പറയുന്ന പ്രോജക്ടുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | കൈമാറിയ തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | തുക ലഭിച്ച സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 730/22-23 അഗതി ആശ്രയ പദ്ധതി | 100000 | വികസന ഫണ്ട് (ജനറൽ) | 602/17.01.2023 | എലിക്കുളം ഗ്രാമ പഞ്ചായ ത്ത് | ധനവിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | 92/22-23 തലയാഴം ഗ്രാമ പഞ്ചായത്ത്- CKN ബ്ളോക്ക് പാടശേഖരത്തിന് -പമ്പ് ഹൗസ് നിർമ്മാണം -ഗ്രാമ പഞ്ചായ ത്തിന് വിഹിതം നൽകൽ | 305810+ 193153 498963/- | വികസന ഫണ്ട് (ജനറൽ) | 731/13.02.2022, 1041/09.03.23 | തലയാഴം ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 3 | SO 94/22-23 മീനടം പിഎച്ച്സി-ക്ക് ചുറ്റു മതിൽ നിർമ്മാണം -പഞ്ചായത്തിന് തുക കൈമാറൽ | 514914+ 46683 561597/- | വികസന ഫണ്ട് (ജനറൽ) | 481/22.12.2022, 1324/26.03.23 | മീനടം ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 4 | 960/22-23 പൂഞ്ഞാർ ഡിവിഷൻ -തീക്കോയി പ്രാഥമിക ആരോഗ്യ കേന്ദ്രം നവീകരണം തുക കൈമാറൽ | 10,00,000/- | വികസന ഫണ്ട്(ജനറൽ) | 1203/ 20.03.2023 | മെഡിക്കൽ ഓഫീസർ, തീക്കോയി PHC | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 5 | 622/22-23 ഉഴവൂർ പഞ്ചായത്ത്- വാർഡ് 8 -സ്മാർട്ട് അംഗനവാടി നിർമ്മാണം -പഞ്ചായത്തിന് വിഹിതം നൽകൽ | 10,00,000/- | വികസന ഫണ്ട്(CFC Untied) | 1143/16.03.2022 | ഉഴവൂർ ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 6 | 86/22-23<br>കടുത്തുരുത്തി ഡിവിഷൻ-തിരുവമ്പാടി പാടശേഖരത്തിന് വാച്ചാൽ നിർമ്മിച്ച് ബണ്ട് നിർമ്മാണത്തിന് ഞീഴൂർ പഞ്ചായത്തിന് തുക കൈമാറുന്നു. | 80,900/- | വികസന ഫണ്ട്(വികസന ഫണ്ട്<br>(CFC Tied) | 484/22.12.2022 | ഞീഴൂർ പഞ്ചായത്ത് | പൂർത്തീകരണ/ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 7 | 103/22-23<br>തലയാഴം പഞ്ചായത്ത് -മാന്നാത്ത്ശ്ശേരി പാടശേഖരത്തിന് മോട്ടോർ ഷെഡ് നിർമ്മാണം -തലയാഴം -പഞ്ചായത്തിന് വിഹിതം നൽകൽ | 1,22,761/- | വികസന ഫണ്ട്(CFC Untied) | 827/21.02.2023 | തലയാഴം ഗ്രാമ പഞ്ചായത്ത് | മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 8 | 82/22-23<br>പൊൻകുന്നം ഡിവിഷൻ-വാഴൂർ ഗ്രാമ പഞ്ചായത്ത് -വടക്കേൽ ചൂഴിക്കുന്നേൽ കുടിവെള്ള വിതരണവും കളിക്കടവ് നിർമ്മാണവും -പഞ്ചായത്തിന് വിഹിതം കൈമാറൽ | 5,00,000/- | വികസന ഫണ്ട്<br>(CFC Tied) | 206/26.09.2022 | AxE,വാഴൂർ ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 9 | 115/22-23<br>മുണ്ടക്കയം പഞ്ചായത്ത് -വാർഡ് 8-വണ്ടൻപതാൽ -മൂന്ന് സെന്റ് പ്ളാന്റേഷൻ റോഡ് പുനരുദ്ധാരണം -വിഹിതം കൈമാറൽ | 2,97,821 | MF(Road) | 205/26.09.2022 | മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 10 | 112/22-23<br>പൊൻകുന്നം ഡിവിഷൻ-ചിറക്കടവ് ഗ്രാമ പഞ്ചായത്ത് -NSS കരയോഗം-ഏർത്തേൻപടി റോഡ് മെയിന്റനൻസ് | 6,88,489/- | MF(Road) | 257/15.10.22 | ചിറക്കടവ് ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 11 | 119/22-23<br>തലയാഴം ഡിവിഷനിലെ വിവിധ പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മ സേനകൾക്ക് വാഹനങ്ങൾ വാങ്ങി നൽകുന്നതിന് വിഹിതം നൽകൽ | 227959+<br>253950+<br>293407<br>7,75,316/- | വികസന ഫണ്ട്<br>(CFC Tied) | 617/<br>23.01.23,<br>756/<br>15.02.23,<br>1512/<br>31.3.23 | നീണ്ടൂർ,<br>കല്ലറ,<br>തലയാഴം ഗ്രാമ പഞ്ചായത്ത് | വാഹനത്തിന്റെ രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ രേഖകൾ,GST സർക്കാരിലേക്ക് അടവാക്കിയതിന്റെ ചെല്ലാൻ പകർപ്പ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 12 | 452/22-23<br>വെള്ളൂർ ഡിവിഷൻ-മുളക്കുളം പഞ്ചായത്തിൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം -പഞ്ചായത്തിന് വിഹിതം നൽകൽ | 8,00,000/- | വികസന ഫണ്ട്<br>(CFC Tied) | 215/<br>29-09-2022 | മുളക്കുളം<br>ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം /<br>പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 13 | 1015/22-23<br>വൈക്കം ഡിവിഷൻ- മറവന്തുരുത്ത് ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം തുക കൈമാറൽ | 10,00,000/- | വികസന ഫണ്ട്(CFC Untied) | 1281/<br>24-03-2023 | മറവന്തുരുത്ത്<br>ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം<br>പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 14 | 101/22-23<br>തൃക്കൊടിത്താനം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കിച്ചൺ വിത്ത് മെസ്സ് ഹാൾ നിർമ്മാണം -തൃക്കൊടിത്താനം പഞ്ചായത്തിന് വിഹിതം കൈമാറൽ | 5,44,876 | വികസന ഫണ്ട് (CFC Untied) | 1036/08.03.2023 | പ്രശോബ് (കോൺട്രാക്ടർ) | ധനവിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 15 | 680/22-23<br>ഇല്ലം നിറ വല്ലം നിറ -സമഗ്ര നെൽകൃഷി വികസനം ബഹു വർഷ പ്രോജക്ട് | 275000+<br>491900+<br>50000+<br>8,16,900 | വികസന ഫണ്ട് (ജനറൽ) | 1163/18.03.23,<br>1214/21.03.23,<br>1379/28.03.23 | പള്ളം ബ്ളോക്ക്പഞ്ചായത്ത് ,കല്ലറ<br>ഗ്രാമ പഞ്ചായത്ത്,<br>കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് | ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം /<br>പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ<br>പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 16 | 537/22-23<br>പൊൻകുന്നം ഡിവിഷൻ- വാഴൂർ പഞ്ചായത്ത് വാർഡ് 6-റ്റി പി പുരം ശാസ്താംകാവ് റോഡ് പുനരുദ്ധാരണം- പഞ്ചായത്തിന് വിഹിതം കൈമാറൽ | 6,99,921 | MF (Road) | 1489/31.03.23 | വാഴൂർ<br>ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം /<br>പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ<br>പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 17 | 1019/22-23<br>ജി 20 ഉച്ചക്കോടി കമരകം 2023 തെരുവിളക്ക് സ്ഥാപിക്കുന്നതിനും അനുബന്ധ ചെലവുകൾക്കും കമരകം,വെച്ചൂർ പഞ്ചായത്തുകൾക്ക് തുക കൈമാറൽ | 4,50,591 | തനത് ഫണ്ട് | 1292/25.03.23 | വെച്ചൂർ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം /<br>പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ<br>പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 18 | 151/22-23<br>അതിരമ്പുഴ ഡിവിഷൻ- ആർപ്പൂക്കര പഞ്ചായത്ത് വാർഡ് 2-മറ്റം വിലങ്ങ് ചുറ പാടശേഖരം മോട്ടോർ ഷെഡ് നിർമ്മാണം -പഞ്ചായത്തിന് വിഹിതം കൈമാറൽ | 2,48,201 | വികസന ഫണ്ട് (പൊതു) | 483/22.12.2022 | ആർപ്പൂക്കര പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ<br>പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 19 | 557/22-23<br>കുമരകം ഡിവിഷൻ- വയോ ക്ളബ് രൂപീകരണം -കുമരകം, തിരുവാർപ്പ് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 99826 | വികസന ഫണ്ട് (പൊതു) | 1471/29.03.23 | തിരുവാർപ്പ് ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം, പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| 20 | 152/22-23<br>എരുമേലി ഡിവിഷൻ -എരുമേലി , മുണ്ടക്കയം ഗ്രാമ പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങുന്നതിന് വിഹിതം നൽകൽ | 1131836+<br>1144317<br>2276153 | വികസന ഫണ്ട് (CFC Untied) | 255/15.10.22,<br>256/15.10.22 | Force Motors | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് ജി എസ് റ്റി അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 21 | 2/22-23<br>ഭിന്നശേഷി സ്കോളർഷിപ്പ് -ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 99,99,212 | വികസന ഫണ്ട് (പൊതു) | ഓൺലൈൻ അലോട്ട്മെന്റ് | വിവിധ ഗ്രാമ പഞ്ചായത്തുകൾ | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 22 | SO 138/22-23<br>കുറവിലങ്ങാട് ഡിവിഷൻ- കാണക്കാരി പഞ്ചായത്ത് ചാത്തമല എസ് സി കോളനി കുടിവെള്ള പദ്ധതി -പഞ്ചായത്തിന് വിഹിതം<br>കൈമാറൽ | 13,72,871+<br>255343<br>16,28,214 | വികസന ഫണ്ട്(CFC Tied) | 1044/ 09-03-2023,<br>1511/ 31-03-2023 | കാണക്കാരി ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 23 | SO 144/22-23<br>കാഞ്ഞിരപ്പള്ളി ഡിവിഷൻ-വാഴൂർ പഞ്ചായത്ത് വാർഡ് 10- ഇളങ്ങോയി ചാമംപതാൽ റോഡ് പുനരുദ്ധാരണം- പഞ്ചായത്തിന് വിഹിതം<br>കൈമാറൽ | 483933 | MF (Road) | 1205/20.03.23 | വാഴൂർ<br>ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 24 | 704/22-23<br>മണർകാട് പഞ്ചായത്ത്-154 -ാം നമ്പർ അംഗൻവാടിക്ക് ചുറ്റമതിൽ നിർമ്മാണം -പഞ്ചായത്തിന് വിഹിതം<br>കൈമാറൽ | 187345 | വികസന ഫണ്ട് (പൊതു) | 267/ 17-10-2022 | മണർകാട് ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 25 | 3/22-23<br>ഐ.കെ.എം വിഹിതം നൽകൽ | 467889 | വികസന ഫണ്ട് (പൊതു) | 302/27.10.22 | ഐ.കെ.എം | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 26 | 837/22-23<br>പാലിയേറ്റീവ് കെയർ- വിഹിതം | 1,97,635+<br>1,16,300+<br>70940+ | വികസന ഫണ്ട് (പൊതു) | 567/ 10-01-2023,<br>565/ 10-01- | പാറത്തോട്,<br>അയ്മനം,<br>തിരുവാർപ്പ്, | പാറത്തോട്,<br>അയ്മനം,<br>തിരുവാർപ്പ്, |

| | | | | | | |
|---|---|---|---|---|---|---|
| | നൽകൽ | 100000+<br>35470+<br>84413+<br>31713+<br>36762+<br>110150+<br>73334+<br>300000+<br>256971+<br>35470+<br>150000+<br>257668+<br>14633+<br>123640+<br>2999<br>19,98,098 | | 2023,<br>566/ 10-01-2023,<br>622/ 24-01-2023,<br>754/ 14-02-2023,<br>826/ 21-02-2023,<br>825/ 21-02-2023,<br>824/ 21-02-2023,<br>1039/ 09-03-2023,<br>1040/ 09-03-2023,<br>1147/ 16-03-2023,<br>1148/ 16-03-2023,<br>1151/ 16-03-2023,<br>1152/ 16-03-2023,<br>1275/ 23-03-2023,<br>1276/ 23-03-2023,<br>1286/ 24-03-2023,<br>1375/ 28-03-2023 | കൂട്ടിക്കൽ, നീണ്ടൂർ, പഞ്ചായത്തുകൾ | കൂട്ടിക്കൽ, നീണ്ടൂർ, പഞ്ചായത്തുകൾ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 27 | 130/22-23<br>കടുത്തുരുത്തി ഡിവിഷൻ-ഞീഴൂർ പഞ്ചായത്ത് കണക്കംഞ്ചേരി പാലം നിർമ്മാണം -ഞീഴൂർ പഞ്ചായത്തിന് വിഹിതം നൽകൽ | 971199 | MF (Road) | 100/ 05-08-2022 | ഞീഴൂർ ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 28 | 132/22-23<br>പാമ്പാടി ഡിവിഷൻ-അകലകുന്നം പഞ്ചായത്ത്-വാർ് 7-കാഞ്ഞിരമറ്റം സത്യനാഥ ടെമ്പിൾ റോഡ് പുനരുദ്ധാരണം-പാമ്പാടി ബ്ളോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | 960513 | വികസന ഫണ്ട് (പൊതു) | 200/ 26-09-2022 | പാമ്പാടി ബ്ളോക്ക് പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 29 | 1/22-23<br>അങ്കണവാടി പോഷകാഹാരം-വിഹിതം<br>നൽകൽ | 7499363 | വികസന ഫണ്ട് (പൊതു) | ഓൺലൈൻ അലോട്ട്മെന്റ് | വിവിധ ഗ്രാമ പഞ്ചായത്തുകൾ | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 30 | 468/22-23<br>കാഞ്ഞിരപ്പള്ളി പഞ്ചായത്ത്-വാർഡ് 21-പുത്തനങ്ങാടി കറുക്ക റോഡ് മെയിന്റനൻസ് -പഞ്ചായത്തിന് വിഹിതം<br>കൈമാറൽ | 1000000 | MF (Road) | 1470/ 29-03-2023 | കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത്- | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 31 | 539/22-23<br>പൊൻകുന്നം ഡിവിഷൻ-വാഴൂർ പഞ്ചായത്ത് ഇടപ്പള്ളി താഴെ വാകപ്പറമ്പ് കൺടാച്ചി റോഡ് പുനരുദ്ധാരണം -പഞ്ചായത്തിന് വിഹിതം<br>കൈമാറൽ | 300000 | MF (Road) | 1372/ 28-03-2023 | വാഴൂർ ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 32 | 556/22-23<br>തൃക്കൊടിത്താനം ഡിവിഷൻ -പായിപ്പാട് പഞ്ചായത്ത്-ബാബു സദനം വള്ളവൻചിറകുളം റോഡ് നവീകരണം -പഞ്ചായത്തിന് വിഹിതം<br>കൈമാറൽ | 995220 | MF (Road) | 1414/ 28-03-2023 | പായിപ്പാട്ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 33 | 916/22-23<br>കാഞ്ഞിരപ്പള്ളി ഡിവിഷൻ-മണിമല പഞ്ചായത്ത്-വാർഡ് 4-എം കെ ജോസഫ് മണ്ണനാൽ റോഡ് റീ ടാറിംഗ് പഞ്ചായത്തിന് വിഹിതം നൽകൽ | 308290+<br>691710<br>1000000 | വികസന ഫണ്ട്(CFC Untied) | 1516/31-03-2023,<br>1517/31-03-2023, | മണിമല ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 34 | 902/22-23<br>രാമപുരം പഞ്ചായത്ത്-വാർഡ് 11-അംബേദ്ക്കർ കുടിവെള്ള പദ്ധതി -ഉഴവൂർ ബ്ളോക്ക് പഞ്ചായത്തിന് തുക<br>കൈമാറൽ | 447914 | വികസന ഫണ്ട് (SCP) | 1442/ 29-03-2023 | ഉഴവൂർ ബ്ളോക്ക് പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 35 | 734/22-23<br>പ്ളാക്കൽപ്പടി വെള്ളാവൂർ റോഡ് പിഎം ജി എസ് വൈ സർവ്വേയുമായി ബന്ധപ്പെട്ട് നാറ്റ് പാക്ക്-ന് ഫണ്ട് കൈമാറുന്നത് | 173460 | വികസന ഫണ്ട് (പൊതു) | 555/ 06-01-2023 | നാറ്റ് പാക്ക് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 36 | 558/22-23<br>കുമരകം ഡിവിഷൻ-വയോജനങ്ങൾക്ക് | 200000+<br>300000<br>500000 | വികസന ഫണ്ട് (പൊതു) | 716/ 10-02-2023,<br>1167/ 18-03- | കുമരകം ,അയ്മനം ഗ്രാമ പഞ്ചായത്തുകൾ | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് |

| | | | | | | |
|---|---|---|---|---|---|---|
| | ആയുർവേദ മരുന്ന് നൽകൽ -കുമരകം ,അയ്മനം പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | | | 2023 | | ഹാജരാക്കിയിട്ടില്ല. |
| 37 | 988/22-23 കടുത്തുരുത്തി ഡിവിഷൻ- കല്ലറ കുടുംബശ്രീ കെട്ടിട നിർമ്മാണം കല്ലറ പഞ്ചായത്തിന് തുക കൈമാറൽ | 900805 | വികസന ഫണ്ട് (പൊതു) | 1272/ 23-03-2023 | കല്ലറ ഗ്രാമ പഞ്ചായത്ത് | ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| | ആകെ | 42075480/- | | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/08.11.2023) മറുപടി ലഭിച്ചിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം, പ്രോജക്ട് പൂർത്തീകരണപത്രം എന്നിവ ഹാജരാക്കുന്നത് വരെ 42075480/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-28 കോട്ടയം ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയം നവികരണം -പ്രവൃത്തി നടത്തിപ്പിൽ അപാകതകൾ

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ,പേര് | 677/22-23 കോട്ടയം ജില്ലാ പഞ്ചായത്ത്ഓഡിറ്റോറിയം നവീകരണം | | |
| നിർവ്വണോദ്യോഗസ്ഥൻ | സെക്രട്ടറി,കോട്ടയം ജില്ലാ പഞ്ചായത്ത് | | |
| നിർവ്വഹണം | അക്രഡിറ്റഡ് ഏജൻസി വഴി (ആർട്ട്കോ(Non PMC) | | |
| ഫണ്ടിനം | വികസന ഫണ്ട്(പൊതു) | തനത് | ആകെ |
| അടങ്കൽ | 5,00,000/- | 20,00,000/- | 25,00,000/- |
| ചെലവ് | 500,000/- (Bill No.1472/30.03.23) | 18,98,385/-(Bill No.1473/30.03.23) | 23,98,385/- |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ ടി പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ സ്റ്റേജ് കാർപ്പറ്റ് വിരിയ്ക്കൽ, 1.5 ടൺ ഇൻവെർട്ടർ ഏസി സ്ഥാപിയ്ക്കൽ, 12w വാട്ടിന്റെ 40 എൽ ഇ ഡി ബൾബുകൾ ഘടിപ്പിച്ച് സീലിംഗ്, 18 കസേര (Armed Cushioned Chair) വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ ആർട്ട്കോ എന്ന ഏജൻസി മുഖേന നിർവ്വഹിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതു സംബന്ധമായ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആർട്ട്ക്കോ പ്രവൃത്തി പൂർത്തീകരിച്ച് 2492484/-രൂപയുടെ ബിൽ ഹാജരാക്കിയിട്ടുണ്ട്(KKD 418/04.03.23). നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളിൽ ജിപ്സം സീലിംഗ്,വാൾ പാർട്ടീഷൻ, വാൾ പാനലിംഗ്,സ്റ്റേജ് കാർപറ്റ്,ആർട്ട്കോ നിർമ്മിച്ച ഫർണിച്ചർ എന്നിവ ഉൾപ്പെടുന്നു. ഐറ്റം നം 12ആയി രണ്ട് 1.5 ടൺ ഇൻവർട്ടർ എസികളുടെ തുകയും (@39876) ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട് . എന്നാൽ വാങ്ങിയ 2 ഏസികളും ഓഡിറ്റോറിയത്തിൽ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നില്ല.

2) ആർട്ട്കോ ഹാജരാക്കിയ ബില്ലിൽ നിന്നും ഐറ്റം 2- Wall Partition ചെയ്തതിലെയും Stage Carpet വിരിച്ചതിന്റെയും മൂല്യം വ്യത്യാസപ്പെടുത്തി പ്രവൃത്തിയുടെ മൂല്യം 2485132 /-രൂപയായി എക്സി. എഞ്ചിനീയർ പരിമിതപ്പെടുത്തിയിട്ടുണ്ട്. എസി ഇൻസ്റ്റലേഷന് വകയിരുത്തിയിരുന്ന തുക കിഴിച്ച് 23,98,385/-രൂപ മാത്രമെ ഏജൻസിക്ക് നൽകിയിട്ടുള്ളൂ .പ്രവൃത്തിയുടെ എം ബുക്ക് , ടെക്ക്നിക്കൽ സാംഗ്ഷൻ എന്നിവ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ളതും വാങ്ങിയതുമായ ഇനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുള്ളതായും കാണുന്നില്ല( എ.സി ഉൾപ്പെടെ). ആർട്ട്ക്കോയ്ക്ക് നൽകാനുള്ള 86747/-രൂപ നാളിതു വരെ നൽകിയതായും കാണുന്നില്ല.

3) ഓഡിറ്റോറിയത്തിന്റെ ഏരിയ കണക്കാക്കുമ്പോൾ 1.5 ടൺ ന്റെ രണ്ടു ഏസി എന്നത് തീർത്തും അപര്യാപ്തമാണ്. കൃത്യമായ ശാസ്ത്രീയപരിശോധന കൂടാതെയാണ് എ.സിയുടെ പ്രൊവിഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തിയത്.ഇതു സംബന്ധമായ അന്വേഷണത്തിൽ ഏജൻസി വിതരണം നടത്തിയ എ.സി കൾ താൽക്കാലികമായി ബഹു. ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ ചേമ്പറിൽ സ്ഥാപിച്ചിട്ടുള്ളതായും തുടർവർഷങ്ങളിൽ ഓഡിറ്റോറിയത്തിലെ വിസ്തൃതിക്കനുസൃതമായ ശേഷിയിലുള്ള എ.സി ഓഡിറ്റോറിയത്തിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമെന്നും

അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പ്രോജക്ട് ഘടകങ്ങളിൽ ക്രമപ്രകാരമല്ലാതെ മാറ്റം വരുത്തുന്നത് ഉചിതമല്ല.

4) ആർട്കോ യ്ക്ക് ഇന്റീരിയർ പ്രവൃത്തികൾ നോൺ പി എം സി ആയി ഏറ്റെടുത്ത് ചെയ്യുന്നതിന് അനുമതി ഉണ്ടെങ്കിലും ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്യുന്നതിന് അനുമതി ഇല്ല, ഈ സാഹചര്യത്തിൽ പ്രസ്തുത ഏജൻസി മുഖാന്തിരം ഇലക്ട്രിക്കൽ പ്രവർത്തികൾ ഏറ്റെടുത്തത് നിയമാനുസൃതമല്ല. കൂടാതെ ആർട്കോയ്ക്ക് നൽകാൻ ബാക്കിനിൽക്കുന്ന തുക എപ്രകാരം ക്രമീകരിക്കുമെന്നും വ്യക്തമല്ല.

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/08.11.2023) കോൺഫറൻസ് ഹാളിന്റെ വിസ്തൃതിയ്ക്ക് 1.5 ടൺ ഇൻവെർട്ടർ ഏസി പര്യാപ്തമായിരുന്നില്ലെന്നും കൂടാതെ പല പ്രധാന യോഗങ്ങളും നടക്കുന്ന ബഹു.പ്രസിഡന്റിന്റെ മുറിയിലെ ഏസികൾ ആ സമയം തകരാറിലായതിനാൽ ഹാളിനായി വാങ്ങിയ ഏസികൾ താല്കാലികമായി പ്രസിഡന്റിന്റെ മുറിയിൽ സ്ഥാപിയ്ക്കുകയായിരുന്നുവെന്നും പുതിയ ഏസി വാങ്ങുന്ന മുറയ്ക്ക് പ്രസ്തുത ഏസികൾ ഓഡിറ്റോറിയത്തിൽ പുന:സ്ഥാപിയ്ക്കുന്നതാണെന്നും ആയതിനുള്ള പദ്ധതി 24-25 ൽ ഉൾപ്പെടുത്തുന്നതാണെന്നും  മറുപടി നൽകി. ട്രസ്സ് വർക്ക് നടത്തി ഉപയോഗിക്കുന്ന ഭാഗത്തുള്ള ഓഡിറ്റോറിയമെന്ന നിലയിലും നിലവിൽ ഓഡിറ്റോറിയത്തിന്റെ വാടകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട് എന്നത്പരിഗണിച്ചും ഹാളിൽ പൂർണ്ണമായും എയർകണ്ടീഷൻ സംവിധാനം ക്രമീകരിക്കേണ്ടത് ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി ലക്ഷ്യമിട്ടിരുന്ന വിധം പൂർത്തിയാക്കിയും ഹാളിലെ അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തിയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-29 മണർകാട് റീജ്യണൽ പൗൾട്രി ഫാമിലെ കണ്ടിജന്റ് ചെലവുകളിൽ മറ്റ് പ്രോജക്ട് ചെലവുകൾ ഉൾപ്പെടുത്തി**

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | മണർകാട് റീജ്യണൽപൗൾട്രിഫാം-കണ്ടിജന്റ് ചെലവുകൾ (8/22-23) |
| നിർവ്വണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ,റീജ്യണൽ പൗൾട്രി ഫാം |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട്,(റോഡിതരം) |
| അടങ്കൽ | 2800000/- |
| ചെലവ് | 2800000/- |

കണ്ടിജന്റ് ചെലവുകൾക്കായി (ടെലിഫോൺ, വാഹനങ്ങളുടെ ഇന്ധനം,വൈദ്യുതി ചാർജ്ജ് സ്റ്റേഷനറി, മെയിനന്റനൻസ് എന്നിവയ്ക്കായി) തുക ചെലവഴിക്കാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തത്. ആകെ ചെലവിൽ 2300000- രൂപയും വൈദ്യുതി, വെള്ളം, കോഴികൾക്കാവശ്യമായ തീറ്റ വാങ്ങൽ, ട്രാൻസ്പോർട്ടേഷൻ ചാർജ്, ഫ്യൂവൽ ചാർജ്, മറ്റ് കണ്ടിജന്റ് ചെലവുകൾ എന്നിവയ്ക്കാണ് വിനിയോഗിച്ചത്. എന്നാൽ മേൽ ചെലവുകൾക്ക് പുറമേ കൊത്ത് മുട്ടകൾ ( Hatching Eggs) വാങ്ങുന്നതിനും ഭീമമായ തുക ഈ പ്രോജക്ട് വഴി ചെലവഴിച്ചതായി ഫയൽ പരിശോധനയിൽ കാണപ്പെട്ടു. ഇപ്രകാരം കണ്ടിജന്റ് ചെലവുകളിൽപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റ് കൊത്തുമുട്ടകൾ വാങ്ങുന്നതിന് വിനിയോഗിച്ചത് റോഡിതര സംരക്ഷണഗ്രാൻറ് വിനിയോഗ മാർഗ്ഗരേഖയിലെ (ജി.ഒ.(എം.എസ് ) 300/2010/തസ്വഭവ /10-12-2010) നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് വാങ്ങിയ കൊത്തുമുട്ടയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ ,തീയതി, തുക | വാങ്ങിയ കൊത്തുമുട്ടയുടെ വിശദാംശങ്ങൾ | തുക |
|---|---|---|---|
| 1 | 28/22-23 /19.12.2022, ₹173011/- | 6000 Hatching Eggs @₹20/egg From RPF Koovapadi | 1,20,000 |
| 2 | 32/22-23 /15.12.2022, ₹199136/- | 6500 Hatching Eggs @₹20/egg From RPF Koovapadi | 1,30,000 |
| 3 | 38/22-23 /06.01.2023, ₹268822/- | 6500 Hatching Eggs @₹20/egg From RPF Koovapadi, 6000 Hatching Eggs @₹20/egg From RPF Koovapadi | 2,50,000 |

| | | | |
|---|---|---|---|
| | ആകെ | | 500,000 |

മേൽ പ്രോജക്ടിൽപെടുത്തി വാങ്ങിയതു കൂടാതെ ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ട് വൗച്ചർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന പ്രകാരവും കൊത്ത് മുട്ടകൾ ( Hatching Eggs) വാങ്ങിയതായി കാണുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ ,തീയതി | വാങ്ങിയ സാധനം | തുക |
|---|---|---|---|
| 1 | 2220021/07.04,2022 | 3000 Hatching Eggs @₹15/egg From RPF Koovapadi * | 13800 |
| 2 | 2220023/07.04,2022 | 5000 Hatching Eggs @₹30/egg From Central Poultry Development Corporation | 1,55,950 |
| | ആകെ | | 1,69,750 |

ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തിയും അല്ലാതെയും കൊത്തുമുട്ടകൾ ( Hatching Eggs) 33000 എണ്ണം പലപ്പോഴായി പല നിരക്കിൽ വാങ്ങിയതിനും, വാങ്ങാനിടയായ സാഹചര്യവും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

2.* കൂവപ്പാടി ആർ പി എഫിൽ നിന്നും മുട്ട ഒന്നിന് 15 രൂപ നിരക്കിൽ 3000 എണ്ണം വാങ്ങിയതിന് ആകെ വില 45000/- ആകുമെങ്കിലും 13800/-രൂപ മാത്രമാണ് നൽകിയിരിക്കുന്നത് . ബാക്കി നൽകാനുള്ള തുക 31200/-രൂപ RPF Koovapadi ക്ക് നൽകിയിട്ടുള്ളതായി കാണുന്നില്ല.

3.വാങ്ങിയ മുട്ടകൾ എപ്രകാരം ഉപയോഗിച്ചു എന്നത് സംബന്ധിച്ചും, മുട്ടയുടെ നിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും, പ്രോജക്ടിനായി ചെലവഴിച്ചതാണെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/04.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കാത്തതിനാൽ കൊത്തുമുട്ടകൾ വാങ്ങിയ ഇനത്തിൽ പ്രോജക്ട് പ്രകാരമുള്ള 500,000/-രൂപയുടെയും, ജില്ലാപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നുള്ള 1,69,750 /-രൂപയുടെയും ഉൾപ്പെടെ 669750/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 എസ് സി എസ് ടി ഉദ്യോഗാർത്ഥികൾക്ക് കെഎഎസ്/ പി എസ് സി പരിശീലനം പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

| അടങ്കൽ | ചെലവ് |
|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം(വികസനഫണ്ട് ജനറൽ)- 200000- | 189871- |
| ഗ്രാമപഞ്ചായത്ത് വിഹിതം- 4970000- | 90165- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-770000- | |
| മറ്റുള്ളവ ( മുനിസിപ്പാലിറ്റി) - 420000- | |
| ആകെ - 6360000 | 280036- |

ജില്ലയിലെ എസ് സി എസ് ടി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്ക് KAS/PSC പരീക്ഷയ്ക്ക് നിരന്തരവും തീവ്രവുമായ പരിശീലനം നൽകി സർക്കാർ സർവീസിൽ ജോലി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം തിരുവനന്തപുരം കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ സെൽ മുഖേന മൂന്നു മാസത്തെ പരിശീലനപരിപാടി നടത്തിയിട്ടുണ്ട്. ഈ പ്രോജക്ടിൽ ഉദ്യോഗാർത്ഥികളുടെ ഭക്ഷണ ചെലവ്, യാത്രാബത്ത, ട്രെയിനിങ് നടത്തുന്ന സ്ഥാപനത്തിനുള്ള പ്രതിഫലം എന്നീ ഇനങ്ങളിലുള്ള തുകയാണ് ജില്ലാപഞ്ചായത്ത് മുഖേന ചെലവഴിച്ചത്. ആകെ 63.60 ലക്ഷം രൂപ അടങ്കലായി നിശ്ചയിച്ചിരുന്നുവെങ്കിലും പ്രോജക്ടിനായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 189871 രൂപയും മറ്റു പഞ്ചായത്തുകളിൽ നിന്നും ലഭിച്ച 90165 രൂപയുമായി ആകെ 280036- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവു തുക | ബിൽ നം | |
|---|---|---|---|
| വികസനഫണ്ട് | 112000/- | 01/KAS /22-23 /28-03-23 | പരിശീലനാർത്ഥികൾക്കുള്ള ഭക്ഷണചെലവ് |
| വികസനഫണ്ട് | 77871/- | 02/KAS /22-23 /28-03-23 | യാത്രാപ്പടി |
| ഗ്രാമപഞ്ചായത്ത് വിഹിതം | 18033/- | 03/KAS /22-23 /30-03-23 | ട്രെയിനിംഗ് ഫീ |
| ഗ്രാമപഞ്ചായത്ത് വിഹിതം | 36066/- | 04/KAS /22-23 /30-03-23 | ട്രെയിനിംഗ് ഫീ |
| ഗ്രാമപഞ്ചായത്ത് വിഹിതം | 18033/- | 05/KAS /22-23 /31-03-23 | ട്രെയിനിംഗ് ഫീ |
| ഗ്രാമപഞ്ചായത്ത് വിഹിതം | 18033/- | 06/KAS /22-23 /31-03-23 | ട്രെയിനിംഗ് ഫീ |
| ആകെ | 280036/- | | |

നാട്ടകം ഗവൺമെൻറ് കോളേജിൽ വെച്ചാണ് പരിശീലന പരിപാടി നടത്തിയത്. ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയിരുന്ന തുകയിൽ പരിശീലനം നൽകിയതിന്റെ പ്രതിഫലമിനത്തിൽ കൺടിന്യൂയിംഗ് എജ്യൂക്കേഷൻ സെല്ലിന് തുക നൽകിയിട്ടുണ്ട്. കണ്ടിന്യൂയിങ് എജ്യൂക്കേഷൻ സെല്ലുമായുള്ള ധാരണ പത്രം അനുസരിച്ച് 1180500- രൂപയാണ് 435 മണിക്കൂർ ദൈർഘ്യമുള്ള പരിശീലനത്തിന് ആകെ ഫീസ് . ഒരു ദിവസം ഒന്നരമണിക്കൂർ ദൈർഘ്യമുള്ള നാല് പീരിയഡുകൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതനുസരിച്ച് മൂന്ന് മാസത്തേയ്ക്ക് ഒരു ഉദ്യോഗാർത്ഥിക്ക് 18033/- രൂപയാണ് കോച്ചിംഗ് ഫീസായി നിശ്ചയിച്ചിട്ടുള്ളത്. ഈ തുകയാണ് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കി കൈമാറിയിട്ടുള്ളത്.

പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ-

- വിവിധ തലങ്ങളിലായി ആകെ 63.60ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ കേവലം 2.80ലക്ഷം രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ആയതിനാൽ സമഗ്രമായ രീതിയിൽ ആവിഷ്ക്കരിച്ചിരുന്ന പ്രോജക്ടിന്റെ എല്ലാ ഘടകങ്ങളും നിർവ്വഹിക്കപ്പെട്ടിട്ടില്ലെന്നും നാമമാത്രമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും വ്യക്തമാണ്.
- തൻവർഷം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ആകെ 90165 രൂപ മാത്രമാണ് ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കിയിട്ടുള്ളത്. (അതായത് അഞ്ചു പരിശീലനാർത്ഥികൾക്കുള്ള വിഹിതം). പരിശീലന പരിപാടിയിലെ അറ്റൻഡൻസ് ലിസ്റ്റ് പ്രകാരം ജനുവരിയിൽ 56 , ഫെബ്രുവരിയിൽ 46, മാർച്ചിൽ 46 എന്നിങ്ങനെയാണ് പങ്കെടുത്തിട്ടുള്ള പരിശീലനാർത്ഥികളുടെ ഹാജർ.
- പ്രോജക്ടിന്റെ ധനവിനിമയത്തിലും ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമാക്കിയ ഫയലിൽ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ സെൽ പ്രോഗ്രാം കോ ഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തി നൽകിയ ഭക്ഷണബില്ലുകളും യാത്രാപ്പടി സ്റ്റേറ്റ്മെന്റുകളും എല്ലാം ഉണ്ടെങ്കിലും ഇവയെല്ലാം തമ്മിൽ പൊരുത്തപ്പെടുത്തി കൃത്യമായ വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി വിശകലനം ചെയ്തതിനു ശേഷം തുക നൽകുന്നതിന് പകരം ലഭ്യമാക്കിയ ബില്ലുകൾ പ്രകാരമുള്ള തുക കൈമാറുകയാണ് ചെയ്തിരിക്കുന്നത് .
- തെരഞ്ഞെടുക്കപ്പെട്ട 43 ഉദ്യോഗാർത്ഥികളും പരിശീലന പരിപാടിയിൽ മൂന്നുമാസവും തുടർച്ചയായി പങ്കെടുത്തുവെന്നുറപ്പാക്കിയിട്ടില്ല. മൂന്നു മാസത്തെ പരിശീലനപരിപാടി 23-12-22 ൽ ആരംഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 12/22 ലെ ഹാജർ ലഭ്യമാക്കിയിട്ടില്ല. പരിശീലനം 2023 ഏപ്രിൽ മാസം പകുതി വരെ നീളുമെന്നും സൂചിപ്പിച്ചിട്ടുണ്ടെങ്കിലും പരിശീലനം പൂർത്തിയാക്കി പരിശീലനാർത്ഥികളുടെ വിലയിരുത്തൽ റിപ്പോർട്ട്

ഫയൽ ചെയ്തിട്ടില്ല. (Feedback Of Trainees)

- പരിശീലനപരിപാടിയിൽ ഉദ്യോഗാർത്ഥികളെ പങ്കെടുപ്പിച്ച എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ആനുപാതികമായ തുക ഈടാക്കിയിട്ടില്ല. തുക നൽകാത്തവ ഏതെന്ന് കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.
- ചുരുക്കത്തിൽ ഉദാത്തമായ ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രോജക്ട് നിർവ്വഹണത്തിലെയും വിഭവസമാഹരണത്തിലെയും പാളിച്ച മൂലവും ഏകോപനത്തിലെ അപാകത മൂലവും ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ അന്വേഷണകുറിപ്പ് (നം. 36) മുഖേന നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 280036- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-31 കുറിച്ചി ഹോമിയോ ആശുപത്രിയിൽ ഫിസിയോതെറാപ്പി യൂണിറ്റ് സ്ഥാപിയ്ക്കൽ- പൂർത്തീകരിച്ചിട്ടില്ല**

| ഫണ്ട് | അടങ്കൽ | ചെലവ് | |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 500000- | Bill No.1/2022-23 /27-03-23 | 149544- |
| | | Bill No.2/2022-2 /27-03-23 | 101853- |
| | | Bill No. 3/2022-23 | 248603- |
| ആകെ | 500000- | | 500000- |

ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ കുറിച്ചി ഹോമിയോ ആശുപത്രിയിൽ സീതാലയം പദ്ധതിയിൽ ഉൾപ്പെടുത്തി ഫിസിയോതെറാപ്പി യൂണിറ്റ് സ്ഥാപിയ്ക്കൽ (പ്രോ.നം.867/23) എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 500000- ചെലവഴിച്ച് ഫിസിയോതെറാപ്പി യൂണിറ്റിനാവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്. ആകെ തുകയിൽ 101853- രൂപ ചെലവഴിച്ച് ARTCO യിൽ നിന്നും ഫർണിച്ചർ ( കസേര - 5 എണ്ണം, റിവോൾവിംഗ് ചെയർ - ഒരെണ്ണം, അലമാര-ഒരെണ്ണം,മേശ (Executive)- ഒരെണ്ണം ) വാങ്ങുകയും സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 398147- രൂപ ഫിസിയോതെറാപ്പി യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് രണ്ടു പ്രൊഫോമ ഇൻവോയ്സ് പ്രകാരം KMSCL ന് അടച്ച തുകയാണ്.

1.KMSCL ൽ നിന്ന് ഫിസിയോതെറാപ്പി യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമായതിന്റെ വിശദാംശങ്ങളും കാഷ് ഇൻവോയ്സുകളും ഫയലിലില്ല.

2.10-02-23 ൽ കൂടിയ എക്സ്പെർട്ട് കമ്മിറ്റി/വിദഗ്ധസമിതി യോഗത്തിൽ യൂണിറ്റ് പ്രവർത്തിപ്പിയ്ക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ KMSCL ൽ നിന്നും KMSCL ൽ ലഭ്യമല്ലാത്തത് പുറമേ നിന്നു വാങ്ങുന്നതിനും ഫർണിച്ചറുകൾ ARTCO ൽ നിന്ന് വാങ്ങുന്നതിനും തീരുമാനിയ്ക്കുകയും ARTCO ൽ നിന്ന് നിശ്ചയിച്ച പ്രകാരമുള്ളത് വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ KMSCL ന്റെ പ്രൊഫോമ ഇൻവോയ്സിൽ സമിതി തീരുമാനിച്ച ലിസ്റ്റിലെ Moist Heat Unit, Lens ( 2 Units) എന്നിവ വാങ്ങുന്നതിന് തുക അടച്ചതായി കാണുന്നില്ല.

3.KMSCL ന്റെ പ്രൊഫോമ ഇൻവോയ്സ് നം.336/22-23/28-03-23 പ്രകാരം Microwave Diathermy Unit ന്റെ വില 592581- രൂപയാണ്. ഇതിൽ 248603- രൂപ മാത്രമാണ് തൻവർഷം നൽകിയത്. വകയിരുത്തിയ തുക മുഴുവൻ തൻവർഷം ചെലവഴിച്ചിട്ടുള്ളതിനാൽ ബാക്കി തുക എപ്രകാരം അടച്ചു എന്നത് വ്യക്തമല്ല.

4.മാത്രമല്ല ഫിസിയോതെറാപ്പി യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായതും KMSCL ൽ ലഭ്യമല്ലാത്തതുമായ 13 ഇനം ഉപകരണങ്ങൾ വാങ്ങിയിട്ടില്ല. എന്നാൽ പദ്ധതിയ്ക്കായി വകയിരുത്തിയ തുക മുഴുവനും ചെലവഴിച്ചതായും കാണുന്നു.

5.രേഖകൾ പരിശോധിച്ചതിൽ നിലവിൽ ഫർണിച്ചർ മാത്രമാണ് ലഭ്യമായതെന്ന് കാണുന്നു.

6.പദ്ധതി പൂർത്തീകരണ / മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.



7.അപാകത സംബന്ധിച്ച് നൽകിയ



അന്വേഷണകുറിപ്പിന് (നം 5/14-07-23) മറുപടി ലഭ്യമാക്കിയില്ല.
15-12-23 ൽ നടത്തിയ സ്ഥലപരിശോധനയിൽ KMSCL ന് നൽകിയ തുകയിൽ 149544- രൂപയുടെ ഉപകരണങ്ങൾ ലഭ്യമായതായി കണ്ടെത്തി. എന്നാൽ ഇവയെല്ലാം ഒരു മുറിയിൽ ചിലത് ഭിത്തിയിൽ ഘടിപ്പിച്ചും ചിലത് പാഴ്സൽ പോലും പൊട്ടിക്കാത്ത നിലയിൽ ഒരു മുറിയിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടെത്തി. കൂടാതെ KMSCL ന് അടച്ച രണ്ടാമത്തെ ബിൽ തുകയായ 248603- രൂപയുടെ (592581- രൂപ വിലയുള്ള Microwave Diathermy Unit ന് ഭാഗികമായി അടച്ച തുക) പ്രൊഫോമ ഇൻവോയ്സ് കാൻസൽ ചെയ്ത് 255920- രൂപയുടെ 4 ഇനം ഉപകരണങ്ങൾ ( 159538- രൂപ വിലയുള്ള ADL {Activities Of Daily Living }, 107633-രൂപ വിലയുള്ള Tilt Table, 340-രൂപ വിലയുള്ള Elbow Crutches, 28409- രൂപ വിലയുള്ള Static Cycle) വാങ്ങുന്നതിനായുള്ള മറ്റൊരു പ്രൊഫോമ ലഭ്യമാക്കി. എന്നാൽ ക്യാൻസൽ ചെയ്ത ബില്ലിലെ തുകയിൽ നിന്നും അധികരിച്ചിട്ടുള്ള 7317-രൂപ (255920 – 248603 ) എപ്രകാരം അടച്ചുവെന്നോ /അടയ്ക്കുമെന്നോ വ്യക്തമല്ല. ഇവയൊന്നും ലഭിച്ചിട്ടുമില്ല. മാത്രമല്ല ഇവ പർച്ചേസ് കമ്മിറ്റി ശുപാർശയിൽ ഉൾപ്പെട്ടിട്ടുള്ളവയുമല്ല.
8.നിലവിൽ ആശുപത്രിയിൽ ഫിസിയോതെറാപ്പിസ്റ്റ് തസ്തികയില്ല. ദിവസവേതനത്തിൽ ഒരാളെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുമില്ല.

മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ആകെ ചെലവഴിച്ച തുകയിൽ നിന്ന് ഫർണിച്ചർ വാങ്ങുന്നതിന് നൽകിയ 101853/- രൂപ കിഴിച്ച് KMSCL ന് നൽകിയ 398147- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-32 എട്ട് മുറി കോളനി സമഗ്ര വികസനം- വിവിധ പ്രോജക്ടുകൾ-ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത്-**

പ്രോജക്ട് ഡയറക്ടർ,ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് നിർവ്വഹണം നടത്തിയ ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളിലെ ചില ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0362/22-23<br>എട്ട് മുറി കോളനി സമഗ്ര വികസനം (ജനറൽ ) |
| അടങ്കൽ | വികസന ഫണ്ട്(ജനറൽ )<br>50,000/- |
| ചെലവ് | വികസന ഫണ്ട്(ജനറൽ )<br>0/- |

ഫയൽ പരിശോധിച്ചതിൽ മേൽ പ്രോജക്ടിന്റെ ഗുണഭോക്താവായ ശ്രീമതി. ചിന്നമ്മ സി.പി സ.ഉ(സാധാ)നം 2378/2021/തസ്വഭവ/25.11.21 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തി വേണ്ടെന്ന് വയ്ക്കുന്നു എന്ന് രേഖാ മൂലം അറിയിച്ചിട്ടുണ്ട് . മറ്റൊരു ഗുണഭോക്താവായ ശ്രീമതി. ശാന്തമ്മ ശ്രീധരൻ അഡ്വാൻസായി മുൻ വർഷം 40,000/-രൂപ കൈപ്പറ്റുകയും നാളിതു വരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമാണ്. നൽകിയ അന്വേഷണകുറിപ്പിന് (നം.8 ) തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം ലഭിക്കുന്നതിനായി ജില്ലാപ്പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. തുക തിരിച്ച് പിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ടിന്റെ മുഴുവൻ ഗുണഭോക്താക്കളുടെ വിവരവും പദ്ധതി പൂർത്തീകരണവിവരവും തുകയുടെ വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 363/22-23 |

| | |
|---|---|
| | എട്ട് മുറി കോളനി സമഗ്ര വികസനം (എസ് സി പി) |
| അടങ്കൽ | വികസന ഫണ്ട്(എസ് സി പി)<br>2,00,000/- |
| ചെലവ് | വികസന ഫണ്ട്(എസ് സി പി)<br>100000/- Bill No.2/13-06-22<br>100000/- Bill No.4/01-07-22<br>--------------------------------<br>2,00,000/- |

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളായ ശ്രീമതി. കുഞ്ഞുമോൾ തങ്കച്ചൻ, രാജു സി.ജി എന്നിവർക്ക് അവസാന ഗഡുവായി നൽകേണ്ട തുക അനുവദിച്ചതായി കാണുന്നു. പ്രോജക്ടിലെ ആകെ ഗുണഭോക്താക്കളുടെ വിവരവും മേൽ ഗുണഭോക്താക്കളുൾപ്പെടെ എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 364/22-23<br>എട്ട് മുറി കോളനി സമഗ്ര വികസനം (റ്റി എസ് പി) |
| അടങ്കൽ | വികസന ഫണ്ട് (റ്റി എസ് പി)<br>5,60,000/- |
| ചെലവ് | വികസന ഫണ്ട് (റ്റി എസ് പി)<br>100000/- Bill No.1/22-23/13-06-22<br>160000/- Bill No.3/22-23/11-07-22<br>100000/- Bill No.5/22-23/10-02-23<br>3,60,000/- |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളായ ശ്രീ.കുഞ്ഞപ്പൻ ,ശ്രീമതി. അമ്പിളി എന്നിവർ ലിന്റൽ ലെവൽ വരെ പൂർത്തീകരിച്ച് മൂന്ന് ഗഡു തുക കൈപ്പറ്റിയിട്ടുണ്ട്. ഇവരുടെ ഭവനനിർമ്മാണപൂർത്തീകരണത്തിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പിന് (നം.8/14-08-23) ശ്രീ.കുഞ്ഞപ്പൻ നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചുവെന്നും ശ്രീമതി അമ്പിളി ഭവനനിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണെന്നും മറുപടി നൽകിയെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആയതും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

**1-33 കസ്റ്റം ഹയറിംഗ് സെന്ററിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ സ്പെയർ പാർട്ട്സ് വാങ്ങുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 162/22-23 കസ്റ്റം ഹയറിംഗ് സെന്റർ - കൊയ്ത്തു മെതി<br>യന്ത്രങ്ങളുടെ അറ്റകുറ്റപണി |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സി .എഞ്ചിനീയർ(കൃഷി) |
| അടങ്കൽ | 15,13,466/- |
| ചെലവ് | 15,09,719/- |
| ഫണ്ട് | വികസന ഫണ്ട് (പൊതു) |

മേൽ പ്രോജക്ട് പ്രകാരം പട്ടികയിലെ സാധനങ്ങൾ /സ്പെയർ പാർട്ട്സ് വാങ്ങിയത് സ്റ്റോക്ക് ബുക്കിൽ ചേർത്തതിന്റെയും, ഡീസൽ വാങ്ങിയത് ലോഗ് ബുക്കിൽ ചേർത്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ , തീയതി,ആകെ | ആകെ ബില്ലിൽ വിശദാംശങ്ങൾ ലഭ്യമാക്കാത്തവ | | |
|---|---|---|---|---|
| | | ഇൻവോയ്സ് | തുക | വാങ്ങിയ |

| | തുക | നമ്പർ | | സാധനം |
|---|---|---|---|---|
| 1 | 1/29.06.2022, ₹133240 | 34546/24.04.22, 34783/19.05.22, 34740/09.05.22, 13897/06.04.22 | ₹ 17000/- | ഡീസൽ |
| 2 | 10/30.09.22, ₹7310 | 320/2.9.22 | ₹7310 | സ്പെയർ പാർട്ട്സ് |
| 3 | 8/30.09.22, ₹34000/- | വിവിധ സ്ഥലങ്ങളിൽ നിന്നും | ₹34000/- | ഡീസൽ |
| 4 | 17/23.11.22, ₹ 714181 | Divine Automobiles | ₹ 66118/- | സ്പെയർ പാർട്ട്സ് - Combined Harvestor |
| 5 | 19/31.12.22, ₹ 34360/- | വിവിധ സ്ഥലങ്ങളിൽ നിന്നും | ₹ 34360/- | ഡീസൽ |
| 6 | 22/10.02.2023, ₹ 10500/- | വിവിധ സ്ഥലങ്ങളിൽ നിന്നും | ₹ 10500/- | ഡീസൽ |

1)സാധനങ്ങൾ /സ്പെയർ പാർട്ട്സ് സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ,ലോഗ് ബുക്ക്,എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് എന്നിവ ഹാജരാക്കിയിട്ടില്ല.

2) ₹15,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങണം എന്ന സ്റ്റോർ പർച്ചേസ് ചട്ടം പാലിച്ചതായി കാണുന്നില്ല. ഘട്ടം ഘട്ടമായി വർഷം മുഴുവനും സാധനങ്ങൾ വാങ്ങുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/14.09.2023) മറുപടി ലഭിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, ലോഗ് ബുക്ക്, എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-34 അക്രെഡിറ്റഡ് ഏജൻസികൾ വഴി നടപ്പാക്കിയ പ്രോജക്റ്റുകൾ- നിർവ്വഹണത്തിലെ അപാകതകൾ**

2022-23 വർഷം വിവിധ ഫണ്ടുകളിൽ നിന്നും 1,43,06,935/- ചെലവഴിച്ച് അക്രഡിറ്റഡ് ഏജൻസിയായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് വഴി ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹാജരാക്കിയ ഓഫർ ലറ്റർ പ്രകാരമുള്ള തുകയാണ് അവർക്ക് നല്കിയിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസി വഴി പ്രോജക്ടുകൾ നടപ്പാക്കുന്നത് സംബന്ധിച്ച വിവിധ സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നു. നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | ചെലവഴിച്ച തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | 769/22-23 അതിരമ്പുഴ പഞ്ചായത്ത് ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 7,77,856 | വികസന ഫണ്ട് (പൊതു) | 1419/ 28.03.23 |
| 2 | SO 133/22-23 കുറിച്ചി ഡിവിഷനിലെ | 199867 | വികസന ഫണ്ട്(പൊതു) | 374/ 21-11-2022 |

| | | | | |
|---|---|---|---|---|
| | വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | | | |
| 3 | 170/22-23<br>അയർകുന്നം ഡിവിഷനിലെ വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റുകൾ | 783520 | വികസന ഫണ്ട്(CFC ) | 1510/31.03.2023 |
| 4 | 806/22-23<br>കുറവിലങ്ങാട് വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 15,67,040 | വികസന ഫണ്ട്(പൊതു) | 1476/30.03.2023 |
| 5 | 804/22-23<br>കുമരകം ഗവൺമെന്റ് ഹൈസ്കൂൾ ഗ്രൗണ്ടിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 328512 | വികസന ഫണ്ട്(പൊതു) | 1474/30.03.23 |
| 6 | 805/22-23<br>തിരുവാർപ്പ് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 328512 | വികസന ഫണ്ട്(പൊതു) | 1475/30.03.23 |
| 7 | 770/22-23<br>പാമ്പാടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 391382 | വികസന ഫണ്ട്(പൊതു) | 1488/31.03.23 |
| 8 | 733/22-23<br>പൂഞ്ഞാർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റുകൾസ്ഥാപിക്കൽ | 1170182 | വികസന ഫണ്ട്(CFC ) | 1514/<br>31.03.23 |
| 9 | 773/22-23<br>കുറിച്ചി ഡിവിഷൻ-വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 730656 | വികസന ഫണ്ട്(പൊതു) | 1416/28.03.23 |
| 10 | 774/22-23<br>കങ്ങഴ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 500000+277856<br>777856 | വികസന ഫണ്ട്(പൊതു),തനത് | 1496/31.03.23,<br>1503/31.03.23 |

| | | | | |
|---|---|---|---|---|
| 11 | 171/22-23<br>കുറവിലങ്ങാട് ഡിവിഷൻ-വിവിധ സ്ഥലങ്ങളിൽഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 792960 | വികസന ഫണ്ട്(CFC ) | 1519/31.03.23 |
| 12 | 772/22-23<br>ഭരണങ്ങാനം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽമിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 15,55,712 | വികസന ഫണ്ട്(പൊതു) | 1417/28.03.23 |
| 13 | 838/22-23<br>തലയാഴം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽമിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 774080 | വികസന ഫണ്ട്(പൊതു) | 1477/30.03.23 |
| 14 | 169/22-23<br>അതിരമ്പുഴ ഡിവിഷൻ -വിവിധ സ്ഥലങ്ങളിൽമിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 1572893 | വികസന ഫണ്ട് (CFC Untied) | 1518/31.03.2023 |
| 15 | SO 96/22-23<br>തലപ്പലം,തിടനാട് ,മേലുകാവ് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽമിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 300000 | വികസന ഫണ്ട്(പൊതു) | 616/21.01.23 |
| 16 | SO 100/22-23<br>പാറത്തോട് പഞ്ചായത്ത്-കുരംതുക്ക് ഭാഗം ഹൈമാസ്റ്റ് ലൈറ്റ് -പി ഡബ്യൂവിൽ ഡെപ്പോസിറ്റ് | 100000 | വികസന ഫണ്ട് (CFC ) | 722/10.02.23 |
| 17 | SO116/22-23<br>കാഞ്ഞിരപ്പള്ളി പഞ്ചായത്ത് വാർഡ് 4 - വില്ലൂന്നി മിച്ച ഭൂമി കോളനിയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 616432 | വികസന ഫണ്ട് (SCP) | 1413/28.03.23 |
| 18 | 15/22-23<br>ജില്ലയിലെ വിവിധ സ്ഥലങ്ങളിൽഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 940790 | വികസന ഫണ്ട് (CFC Untied) | 1515/31.03.23 |

| | | | | |
|---|---|---|---|---|
| 19 | 767/22-23<br>അയർക്കുന്നം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 598685 | വികസന ഫണ്ട്(പൊതു) | 1418/<br>28-03-2023 |
| ആകെ | | 1,43,06,935/- | | |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സർക്കാർ ഉത്തരവ് നം 77/2019ഫിൻ തീ4/7/2019 പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളും പൊതുവായ സിവിൽ പ്രവൃത്തികളും PMC ആയി ചെയ്യുന്നതിന് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ മിനി മാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ നേരിട്ട് ചെയ്യുന്നതിന് (Non PMC) കമ്പനിക്ക് വർക്ക് ഓർഡർ നല്കിയത് മേൽ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

2.പൊതുമരാമത്ത് സ്വഭാവമുള്ള പ്രവൃത്തി ആയതിനാൽ ഒരു യൂണിറ്റിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതിക അനുമതി വാങ്ങിയ ശേഷം മാത്രം പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിയ്ക്കുകയും ചെയ്യുന്നതിന് പകരം സാങ്കേതിക അനുമതി വാങ്ങാതെ അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിച്ചത് പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ , ചട്ടം 6 ,7നം, പൊതുമരാമത്ത് മാന്വലിനും, പദ്ധതി രൂപീകരണചട്ടങ്ങൾക്കും വിരുദ്ധമാണ്.

3.ഏജൻസി ചെയ്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തുകയോ ഉപയോഗിച്ചിട്ടുള്ള സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പ വരുത്തുകയോ ചെയ്തിട്ടില്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വ്യക്തമായ മൂല്യ നിർണ്ണയം നടത്തുകയും, മേലുദ്യോഗസ്ഥൻ ഉപരി പരിശോധന നടത്തുകയും , എല്ലാ പ്രവൃത്തികളുടെയും അളവ് പുസ്തകം ജില്ലാപഞ്ചായത്തിൽ ലഭിക്കുകയും ചെയ്യാതെ തുക പൂർണ്ണമായി നല്കിയത് പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടങ്ങൾ ചട്ടം 14,15 നം, പൊതുമരാമത്ത് മാന്വലിനും വിരുദ്ധമാണ്.

4.ക്രമ നം 1 മുതൽ 14 വരെയുള്ള പ്രവൃത്തികളുടെ എം ബുക്കുകളും, എല്ലാ പ്രവൃത്തികളുടെയും കെ എസ് ഇ ബി യിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം, ലൈറ്റുകൾ പഞ്ചായത്തിന് കൈമാറിയതിന്റെ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/08.11.2023) മറുപടി ലഭിച്ചിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് വേളയിലും ഇക്കാര്യങ്ങൾ ഭരണാധികാരികളുടെ ശ്രദ്ധയിൽ പ്പെടുത്തിയിരുന്നതാണ്. വിശദമായ മറുപടിയും മറ്റു രേഖകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-35 സ്മൈൽ പ്ലീസ് -ദന്ത പരിപാലന പദ്ധതി - ചെലവ് രേഖകൾ പൂർണമല്ല-**

| പ്രോജക്ട് നമ്പർ | 879/22-23,സ്മൈൽ പ്ലീസ് -ദന്ത പരിപാലന പദ്ധതി | | | | |
|---|---|---|---|---|---|
| അടങ്കൽ | പൊതു വിഭാഗം(സാധാ)<br>2,843,50 | മറ്റ് ഗ്രാമ പഞ്ചായത്തുകൾ<br>14,20,000 | മറ്റ് ബ്ളോക്ക് പഞ്ചായത്തുകൾ<br>2,20,000 | മറ്റുള്ളവ<br>1,20,000 | ആകെ<br>20,44,350/- |
| ചെലവ് | 2,83,040/-(ബിൽ 2/22-23/29.03.2023) | | | | |
| ഫണ്ട് | പൊതു വിഭാഗം(സാധാ) | | | | |

ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സംയുക്ത പദ്ധതിയാണ് സ്മൈൽ പ്ലീസ് – പിറ്റ് &സീലന്റ് പദ്ധതി. കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ 2 മുതൽ 7 വരെ ക്ലാസുകളിലെ 7 വയസ്സ് മുതൽ 8 വയസ്സ് വരെയും 11 വയസ്സ് മുതൽ 12 വയസ്സ് വരെയും പ്രായപരിധിയിലുള്ള കുട്ടികൾക്കുള്ള ദന്തക്ഷയ പ്രതിരോധമാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. പദ്ധതിനിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ സ്കൂളുകളിൽ വച്ച് ഒൻപത് ക്യാമ്പുകൾ നടത്തിയതിൽ 85200 /-രൂപ ഓർഗനൈസേഷൻ എക്സ്പെൻസിനും ഹോണറേറിയം നൽകുന്നതിനുമാണ് ചെലവഴിച്ചത്. ഇതിൽ ഓർഗനൈസേഷൻ എക്സ്പെൻസ് എന്നയിനത്തിലെ 15200-രൂപയുടെ ചെലവ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല . പങ്കെടുത്ത കുട്ടികളുടെ വിവരങ്ങളും എന്തൊക്കെ സേവനങ്ങൾ അവർക്ക് നൽകി എന്നതിന്റെയും വിശദാംശങ്ങൾ ഫയലിൽ ചേർത്തിട്ടില്ല.
2.ഇ-ടെണ്ടർ നടത്തി എലൈറ്റ് ഹെൽത്ത് കെയറിൽ നിന്നും 32200- രൂപയുടെയും, സർജ് ഡെന്റൽ &സർജിക്കൽസിൽ നിന്ന് 123490- രൂപയുടെയും മെഡിക്കൽ ഉപകരണങ്ങൾ, ഗ്ലൗസ്, മാസ്ക് എന്നിവ പദ്ധതിക്കായി വാങ്ങിയിട്ടുണ്ട്.

കരാർ രേഖകളും ഉപകരണങ്ങളുടെ വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല.

3.സംയുക്തപ്രോജക്ടായതിനാൽ വികസനഫണ്ട് കൂടാതെ ഗ്രാമപഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ വകയിരുത്തിയിട്ടുണ്ടെങ്കിലും വികസനഫണ്ടിൽ നിന്ന് മാത്രമാണ് തുക ചെലവഴിച്ചിരിയ്ക്കുന്നത്. വിവിധ ഫണ്ടുകളിൽ നിന്ന് ആനുപാതികമായി തുക ചെലവഴിയ്ക്കേണ്ടിയിരുന്നു. ഗ്രാമ/ബ്ലോക്ക് വിഹിതം എപ്രകാരം ചെലവഴിയ്ക്കുമെന്നോ ഗ്രാമ/ബ്ലോക്ക് വിഹിതം ലഭ്യമായിട്ടുണ്ടെന്നോ ഫയലിൽ നിന്ന് വ്യക്തമല്ല.

4.സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15000- രൂപയ്ക്ക് മേൽ ഒരു ലക്ഷം വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ വേണമെന്നിരിക്കെ ഗുഡ് ഷെപ്പേഡ് പ്രസ്സ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ കൂടാതെയാണ് 24190- ചെലവഴിച്ച് ലീഫ് ലെറ്റ്, കൺസന്റ് ഫോം എന്നിവ വാങ്ങിയത്.

5.പദ്ധതി പൂർത്തീകരിച്ചതിന്റെയും മോണിറ്റർ നടത്തിയതിന്റെയും വിവരങ്ങളില്ല.

അപാകതകൾക്ക് വിശദീകരണവും, അനുബന്ധരേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം.10/07-09-23) നൽകിയെങ്കിലും മറുപടി നല്കുകയോ ചെലവ് രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ 2,83,040/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-36 സ്കൂളുകളിലേയ്ക്കുള്ള ഫർണിച്ചർ വാങ്ങൽ-സമഗ്രമായ ആവശ്യകതാ നിർണ്ണയം നടത്തിയിട്ടില്ല- സ്ഥാപനതല സ്റ്റോക്ക് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

1)

| | |
|---|---|
| പ്രോജക്ടിന്റെപേര്, നമ്പർ | കോട്ടയം ജില്ലയിലെ സ്കൂളുകൾക്ക് ഫർണിച്ചർ<br>(681/22-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| അടങ്കൽ | 72,49,000/- |
| ചെലവ് | 916978- Bill No. 6/22-23/07-03-23<br>896900- Bill No.8/22-23/14-03-23<br>1467040-bill No.11/22-23/24-03-23<br>1329505-bill No.20/22-23/29-03-23<br>1578805- Bill No.09/22-23/20-03-23<br>61,89,228/- |

2022-23 വർഷം മേൽ പ്രോജക്ട് പ്രകാരം കോട്ടയം ജില്ലയിലെ ഒൻപത് VHSE സ്കൂളുകൾക്കായി 230 ബെഞ്ചും, 225ഡെസ്കും, ഒൻപത് HSE സ്കൂളുകൾക്കായി 210 ബെഞ്ചും, 215ഡെസ്കും, പതിനാല് ഹൈസ്കൂളുകൾക്കായി 235 ബെഞ്ചും, 235 ഡെസ്കും ആർട്കോയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ നിലവിലുള്ള ഫർണിച്ചറുകളുടെ ലഭ്യത , ആവശ്യം, പഴക്കമുള്ളവയിൽ മാറ്റേണ്ടതായ ഫർണിച്ചറുകൾ എന്നിവ സംബന്ധമായ കൃത്യമായ വിവരശേഖരണം നടത്തി വാർഷികപദ്ധതിയിൽ വകയിരുത്തുന്ന അടങ്കൽ തുക പരിഗണിച്ച് മുൻഗണനാക്രമം പാലിച്ച് ഫർണിച്ചറുകളുടെ വിതരണം ക്രമപ്പെടുത്തേണ്ടതും ഇതിനായി ഒരു ജില്ലാതലവിതരണ നയം രൂപീകരിക്കേണ്ടതും ഏറ്റവും ആവശ്യമാണ്.എല്ലാ വർഷവും സമാനമായ പ്രോജക്ട് ആവിഷ്കരിക്കുന്നതിനാൽ ഇപ്രകാരമുള്ള ആവശ്യകതാ നിർണ്ണയം നടത്തേണ്ടത് ഏറ്റവും അനിവാര്യമാണ്.ഇപ്രകാരം നിലവിലെ ഫർണിച്ചറുകളുടെ ലഭ്യത,തുടർആവശ്യകത എന്നിവ കൃത്യമായി വിലയിരുത്തിയതിന്റെയും സ്കൂളുകളിൽ ലഭ്യമായ ഫർണിച്ചർ വിശദാംശങ്ങൾ സ്ഥിരവും ആധികാരികവുമായി പരിപാലിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഫർണിച്ചറുകളിലും സ്റ്റോക്ക് നമ്പർ രേഖപ്പെടുത്തി സുരക്ഷിതമായി ഉപയോഗിക്കുന്നതിന്റെയും ആധികാരിക വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/04.08.2023) മറുപടി നൽകിയിട്ടുള്ളത് മേൽ പ്രോജക്ട് ബഹുവർഷ പ്രോജക്ടാണെന്നും 2023-24 സാമ്പത്തിക വർഷവും തുടർന്ന് വരുന്നതായും, 61,89,228/-രൂപയുടെ ഫർണിച്ചർ വിതരണം ചെയ്തത് സ്കൂളുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പ്രിൻസിപ്പൽ/ഹെഡ് മാസ്റ്റർ സാക്ഷ്യപ്പെടുത്തി രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട് എന്നുമാണ്. സ്കൂളുകൾ ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ രേഖകൾ ഫയൽ സഹിതം ഓഡിറ്റിന് ഹാജരാക്കുന്നത് വരെ പ്രോജക്ടിനായി ചെലവഴിച്ച 61,89,228/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | കോട്ടയം ജില്ലയിലെ സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ ,ഇൻസിനറേറ്റർ സ്ഥാപിക്കൽ,(702/22-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) |
| ഫണ്ടിനം | വികസന ഫണ്ട് (സിഎഫ് സി ഗ്രാന്റ് )+ തനത് ഫണ്ട് |
| അടങ്കൽ | 99,30,925 + 9075=9940000 |
| ചെലവ് | 3634485- Bill No.1191/26-03-23<br>3778425- Bill No.1259/22-03-23<br>5460- Bill No.1293/25-03-23<br>1799250- Bill No.1430/29-03-23<br>92,17,620- |

മേൽ പ്രോജക്ട് പ്രകാരം കോട്ടയം ജില്ലയിലെ 147 സ്കൂളുകൾക്ക് 256 നാപ്കിൻ ഇൻസിനേറ്റർ വാങ്ങി നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ( 35985- )ക്വാട്ട് ചെയ്ത KSIE യിൽ (Kerala State Industrial Enterprises Ltd) നിന്നുമാണ് ഇവ വാങ്ങിയത്. ആകെ ചെലവിൽ 9212160- രൂപ ഇൻസിനറേറ്ററിനും 5460- രൂപ പത്രപ്പരസ്യത്തിനുമാണ് ചെലവഴിച്ചിരിയ്ക്കുന്നത്. 256 നാപ്കിൻ ഇൻസിനേറ്ററും സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിലും സ്കൂളുകൾ ഇവ സ്റ്റോക്കിലെടുത്ത് ഇൻസ്റ്റാൾ ചെയ്തതിന്റെയും പ്രവർത്തനക്ഷമമാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഫർണിച്ചർ വിതരണത്തിന്റെ കാര്യത്തിലെന്നത് പോലെ ഇത് സംബന്ധിച്ച് വിവിധ സ്കൂളുകളിൽ നിലവിൽ ലഭ്യമായ സൗകര്യങ്ങൾ , തുടർആവശ്യകത എന്നിവ പരിഗണിച്ച് ഇക്കാര്യത്തിൽ ഒരു വിതരണനയം രൂപീകരിച്ചിട്ടുള്ളതായി കാണുന്നില്ല. നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/04.08.2023) മേൽ പ്രോജക്ട് ബഹുവർഷ പ്രോജക്ടാണെന്നും 2023-24 സാമ്പത്തിക വർഷവും തുടർന്ന് വരുന്നതായും, തൻവർഷം വാങ്ങിയതുൾപ്പെടെ 275 ഇൻസിനറേറ്റർ സ്കൂളുകളിൽ സ്ഥാപിച്ചതിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ പകർപ്പ് , ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകിയിരിക്കുന്നു. എന്നാൽ ഇവ സംബന്ധമായ ആധികാരിക രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 92,17,620/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വേളയിൽ ഇൻസിനേറ്റർ സ്ഥാപിക്കപ്പെട്ട ഏതാനും സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരെ ഫോൺ മുഖേന ബന്ധപ്പെട്ട് അന്വേഷിച്ചതിൽ ഭൂരിഭാഗം എയ്ഡഡ് സ്കൂളുകളിലും ഇൻസിനേറ്റർ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്.എന്നാൽ ഏതാനും ചില സ്കൂളുകളിൽ നിന്ന് നിലവിലെ ഉപയോഗക്ഷമത സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരമുള്ള കാലിക സ്ഥിതിവിവരമാണ് ലഭ്യമായത്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ,കിടങ്ങൂർ | സ്ഥാപിച്ച മൂന്ന് എണ്ണവും പ്രവർത്തിക്കുന്നില്ല |
| 2 | സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ ,അതിരമ്പുഴ | അഞ്ച് എണ്ണം നൽകിയതും കത്തി പോയിട്ടുള്ളതാണ്.എന്നാൽ സ്വന്തം ചെലവിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. |
| 3 | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ,ചെങ്ങളം | ഭൗതിക പരിശോധനയിൽ ഒരെണ്ണം സ്ഥാപിച്ചത് ഉപയോഗിച്ചിരുന്നു. എന്നാൽ ആയത് തുടർന്ന് മോഷണം പോയതായി അറിയിച്ചിട്ടുണ്ട്. |
| 4 | ഗവൺമെന്റ് ഹൈസ്കൂൾ,കുറിച്ചി | ഒരെണ്ണം സ്ഥാപിച്ചത് കത്തി പോയതായി ഭൗതിക പരിശോധനാവേളയിൽ അറിയിച്ചു. |

കെ എസ് ഐ ഇ മുഖേനെ വാങ്ങി സ്ഥാപിക്കുന്ന ഇൻസിനേറ്ററിന് അഞ്ച് വർഷത്തെ വാറണ്ടി ഉള്ളതാണ്

(Replacement Warranty). ആയതിനാൽ കേടായ ഇൻസിനേറ്ററിന് പകരം പുതിയവ സ്ഥാപിക്കാനുള്ള നടപടി ബന്ധപ്പെട്ട അധികാരസ്ഥാനത്തു നിന്നും സ്വീകരിക്കേണ്ടതാണ്. സ്കൂളുകൾ വിദ്യാർത്ഥിനി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിക്കുന്ന ഇത്തരം പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നുണ്ടെന്നുറപ്പാക്കേണ്ടതുമാണ്.

**1-37 ജില്ലയിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലൂടെ നിർവ്വഹിക്കപ്പെടുന്ന ക്ഷീരവികസന പ്രോജക്ടുകൾക്കായി വിഹിതം കൈമാറൽ -വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.**

1)

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് (549/22-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ ,ക്ഷീര വികസനം. |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു) |
| അടങ്കൽ | 100,00,000 |
| ചെലവ് | 100,00,000 |

ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് നൽകുന്നതിനായി തൻവർഷം പല ബില്ലുകളായി ( 71 ബില്ലുകൾ ) ആകെ 100,00,000/- രൂപ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മുഖേന നിർവ്വഹിക്കപ്പെടുന്ന പ്രോജക്ടുകൾക്കുള്ള വിഹിതം കൈമാറൽ എന്ന നിലയിലാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്. കാഞ്ഞിരപ്പള്ളി ബ്ളോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ**(₹146075),** പള്ളം ബ്ളോക്ക് പഞ്ചായത്തിലെ അയർകുന്നം ഗ്രാമ പഞ്ചായത്ത് **(₹100000),** വൈക്കം ബ്ളോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ **(₹986229)** എന്നിവയ്ക്ക് നൽകിയ തുകകളുടെ വിശദാംശങ്ങൾ , ബില്ലിന്റെ പകർപ്പ് എന്നിവ ഫയലിൽ ലഭ്യമല്ല. കൂടാതെ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹിക്കപ്പെടുന്നതിന്റ ക്രോഡീകരിച്ച വിവരങ്ങൾ, പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ക്ഷീരകർഷകരുടെ എണ്ണം, പ്രോജക്ട് നിർവ്വഹണ പുരോഗതി, ഭൗതിക നേട്ട റിപ്പോർട്ട് തുടങ്ങിയ വിവരങ്ങൾ ലഭ്യമായില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/07.09.2023) മറുപടി ലഭിച്ചില്ല.മേൽ പറഞ്ഞിരിക്കുന്ന ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രങ്ങളും വിശദാംശങ്ങളും ലഭ്യമാക്കുന്നത് വരെ 100,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ,പേര് | കാലിത്തീറ്റ സബ്സിഡി (969/22-23) | | |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ ,ക്ഷീരവികസനം | | |
| അടങ്കൽ | വികസന ഫണ്ട് (പൊതു) | ഗുണ. വിഹിതം (നേരിട്ട്) | ആകെ |
| | 40,00,000 | 40,00,000 | 80,00,000 |
| ചെലവ് | 206310-billno.895/23-2-23 500000-billno.896/23-02-23 999410-bill No.897/23-02-23 285640-bill No.986/04-03-23 661250-bill No.1255/22-03-23 214360-bill No.1256/22-03-23 535210-bill | 0 | 39,99,410 |

| | | | | |
|---|---|---|---|---|
| | | No.1257/22-03-23<br>597230-bill<br>No.1258/22-03-23 | | |

കാലിത്തീറ്റ സബ്സിഡി (പ്രോജക്ട് നമ്പർ 969/22-23) യുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

1)പാമ്പാടി ബ്ളോക്ക് പഞ്ചായത്തിലെ വിവിധ ക്ഷീരസംഘങ്ങൾക്ക് കാലിത്തീറ്റ വാങ്ങിയതിന് കേരള ഫീഡ്സിന് /ക്ഷീരോല്പാദക സംഘങ്ങൾക്ക് 20,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ വാങ്ങിയ കാലിത്തീറ്റ സംബന്ധിച്ചും, കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിവരങ്ങളും ഹാജരാക്കിയിട്ടില്ല.

2) കൂടാതെ ളാലം ,ഈരാറ്റുപേട്ട ,പള്ളം ബ്ളോക്ക് പഞ്ചായത്തുകൾക്ക് യഥാക്രമം 5,00,000/-, 5,00,000/-, 999410/-രൂപ കേരള ഫീഡ്സിന് നൽകിയതിന്റെ ട്രഷറിബിൽ പകർപ്പ് ഹാജരാക്കിയിട്ടുണ്ടെങ്കിലും കാലിത്തീറ്റ വാങ്ങിയതിന്റെ ഇൻവോയ്സ് ,കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല.
3) വിവിധ ബ്ളോക്ക് പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രം ,ഭൗതിക നേട്ടം വിശദമാക്കുന്ന മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, എന്നിവ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/07.09.2023) മറുപടി ലഭിച്ചില്ല.പ്രോജക്ടിന്റെ ഫലപ്രാപ്തി വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കുന്നത് വരെ 39,99,410-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 സമഗ്ര തെരുവ് നായ നിയന്ത്രണ പദ്ധതി

കോട്ടയം നഗരസഭയുടെ കോടിമതയിലുള്ള കെട്ടിടത്തിലാണ് ജില്ലയിലെ എബിസി സെന്റർ നിലവിൽ പ്രവർത്തിക്കുന്നത്. കെട്ടിടത്തിൽ ഓപ്പറേഷൻ യൂണിറ്റ് , പ്രീ ഓപ്പറേഷൻ കെയർ യൂണിറ്റ്, പോസ്റ്റ് ഓപ്പറേഷൻ കെയർ യൂണിറ്റ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. 23.08.2023 ലെ സ.ഉ (സാധാ)നം 2065/2022/LSGD ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് 2022-23 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി എബിസി സെന്ററിൽ പ്രോജക്ട് നമ്പർ (886/23) പ്രകാരം കൂട് നിർമ്മിക്കൽ , അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രവർത്തനങ്ങൾക്കായി ജില്ലയിലെ കുടുബശ്രീ യൂണിറ്റിൽ നിന്നും ജില്ലാപഞ്ചായത്തിന് ലഭിച്ച 50,52,208/- രൂപ വകയിരുത്തിയാണ് പ്രോജക്ട് നടപ്പിലാക്കിയത് . വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് പേര്,നമ്പർ | സമഗ്ര തെരുവ് നായ നിയന്ത്രണം എബിസി-കേജ് നിർമ്മാണവുംഅനുബന്ധ പ്രവർത്തനങ്ങളും (886/23) |
| നിർവ്വണോദ്യോഗസ്ഥൻ | സെക്രട്ടറി ,കോട്ടയം ജില്ലാ പഞ്ചായത്ത് |
| അടങ്കൽ | 5052208 /- |
| ചെലവ് | 4360837/ - ( തനത് ) |
| ഫണ്ട് | തനത് |
| കരാർ | SILK/GEW/AG/2022-23/52/<br>DATED 31/12/2022 |
| ബിൽ നം | 1211/20.03.23 ₹4037812,<br>1212/ 20.03.23 ₹323025 |
| M Book No : | 292,292 A |

SILK ( Steel Industries Kerala Ltd ) എന്ന അക്രെഡിറ്റഡ് ഏജൻസി വഴി (PMC) Carton India Alliance ,കണ്ണൂർ എന്ന കോൺട്രാക്ടർ വഴിയാണ് പ്രോജക്ട് നടപ്പിലാക്കിയത്. 18.01.2023-ൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. 48 കൂടുകൾ നിർമ്മിച്ച് അനുബന്ധ സൗകര്യങ്ങൾ (ഇൻവർട്ടർ, ഫ്രിഡ്ജ്,ജനറേറ്റർ, കമ്പ്യൂട്ടർ, പ്രിന്റർ, ഓട്ടോക്ലേവ്, ട്രോളി, കസേരകൾ) ഒരുക്കിയത് 15.12.2023-ലെ ഭൗതിക പരിശോധന നടത്തിയതിൽ ബോദ്ധ്യപ്പെട്ടു. ദൈനം ദിനം 10 നായ്ക്കളുടെ ഓപ്പറേഷൻ നടത്തുന്നതിനുള്ള യൂണിറ്റാണ് സജ്ജീകരിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം തെരുവു നായ്ക്കളെ പിടിച്ചുകൊണ്ടുവന്നാൽ വന്ധ്യംകരണം നടത്തി സെന്ററിൽ പാർപ്പിച്ച് അഞ്ച് ദിവസത്തിന് ശേഷം നായെ പിടിച്ചു കൊണ്ടു വന്ന സ്ഥലത്ത് തന്നെ തിരിച്ചു കൊണ്ടു വിടുകയാണ് നിലവിൽ ചെയ്യുന്നത് . സെന്ററിന്റെ പ്രവർത്തനം ഭംഗിയായി നടന്നു വരുന്നു.

മേൽ പ്രോജക്ട് കൂടാതെ ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം നിർവ്വഹണോദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്ത് 2022-23 വർഷം പ്രോജക്ട് നമ്പർ (943/23) എബിസി സെന്റർ കണ്ടിജന്റ് ചെലവുകൾ പ്രോജക്ട് പ്രകാരം 41500-രൂപ ചെലവഴിച്ച് വാഷിംഗ് മെഷീൻ ,വാട്ടർ പ്യൂരിഫയർ, പ്രഷർ വാഷർ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഇതു കൂടാതെ പ്രോജക്ട് നമ്പർ (718/23) സമഗ്ര തെരുവുനായപ്രജനനനിയന്ത്രണം പ്രോജക്ട് പ്രകാരം സെമിനാർ, ബോധവൽകരണ പരിപാടിയും, ജീവനക്കാരുടെ വേതനം നൽകൽ എന്നീയിനങ്ങളിൽ 170111- രൂപയും ( 13.03.23-ൽ നടത്തിയ സെമിനാരിന് 40090- + ആറു ജീവനക്കാരുടെ ഒരു മാസത്തെ വേതനം 130021-) ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം മുഖേന ചെലവഴിച്ചിട്ടുണ്ട്. നിലവിൽ മികച്ച രീതിയിൽ എബിസി സെന്റർ പ്രവർത്തനം നടന്നു വരുന്നു.

## 1-39 ആർദ്രം പ്രോജക്ട് - ഉപകരണങ്ങളും,മരുന്നുകളും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല.

സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിച്ച പദ്ധതിയാണ് ആർദ്രം ദൗത്യം. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനോടൊപ്പം മെച്ചപ്പെട്ട സേവനങ്ങൾ ഏറ്റവും താഴെതട്ടിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ കൂടി ലഭ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം .ആർദ്രം മിഷന്റെ പൊതു ലക്ഷ്യങ്ങളും സംസ്ഥാന സർക്കാരിന്റെ വയോജന നയവും അടിസ്ഥാനമാക്കി ജില്ലയിലെ വയോജനങ്ങളുടെ ക്ഷേമം മുൻ നിർത്തി കോട്ടയം ജില്ലാ പഞ്ചായത്ത് രൂപം നൽകിയ പദ്ധതിയാണ് ആർദ്രം -സമഗ്ര വയോജന ആരോഗ്യ പരിരക്ഷാ പദ്ധതി. ഈ പദ്ധതിയുടെ ഏകോപനവും നിർവ്വഹണവും ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കോട്ടയം ജില്ലാ ആശുപത്രി മുഖേനെ 2019-20 മുതൽ തുടർച്ചയായി നടപ്പിലാക്കി വരുന്നുവെന്നത് ശ്രദ്ധേയമാണ്. മുതിർന്ന പൗരൻമാർക്ക് ആവശ്യമായ സമഗ്ര ആരോഗ്യ പരിരക്ഷാ ദൗത്യം വിവിധ ആശുപത്രികൾ വഴി ലഭ്യമാക്കാനുള്ള നിരന്തരമായ ഇടപെടൽ, ഇതിന് ആവശ്യമായ വിഹിതം വകയിരുത്തൽ, ചുമതലാ കൈമാറ്റം ഉറപ്പാക്കൽ എന്നിവ വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമാക്കുന്നതിൽ ജില്ലാ പഞ്ചായത്ത് അധികൃതർ വിജയിച്ചിട്ടുണ്ട്. എങ്കിലും ഇത് സംബന്ധമായ ഫയൽ മാനേജ്മെന്റിലെ അപര്യാപ്തതകൾ, പ്രോജക്ടിന്റെ ഭാഗമായി സമാഹരിക്കുന്ന മെഡിക്കൽ ഉപകരണങ്ങളുടെയും മരുന്നുകളുടെയും സ്റ്റോക്ക് വിതരണ വിവരങ്ങൾ പൂർണ്ണമായി പരിശോധിച്ചുറപ്പാക്കുവാൻ കഴിയാത്ത അവസ്ഥ, ആവശ്യകതാ നിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കാനാവാത്തത് മുതലായ ഘടകങ്ങൾ ന്യൂനതയായി അവശേഷിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൻവർഷം വിവിധ പ്രോജക്ടുകൾ പ്രകാരം സമാഹരിച്ച മരുന്നുകളുടെയും മെഡിക്കൽ സപ്പോർട്ട് ഉപകരണങ്ങളുടെയും ചെലവഴിച്ച തുകകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | ആർദ്രം -സമഗ്ര വയോജന ആരോഗ്യ പരിരക്ഷാ പദ്ധതി ഘട്ടം -4 (460/22-23) |
| നിർവ്വണോദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, കോട്ടയം |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു) |
| അടങ്കൽ | 55,50,000/- |
| ചെലവ് | 39,81,569/- |

മേൽചെലവിൽ സ്റ്റോക്ക് വിതരണവിവരങ്ങൾ ലഭ്യമല്ലാത്തതിന്റ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ /തീയതി | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|---|
| 1 | 46/19.1.2023 | നീതി മെഡിക്കൽ സ്റ്റോർ 2223213109063/23.12.2022 (ഇൻഹേലർ വാങ്ങിയത്) | 2,41,727 |
| 2 | 52/14.02.2023 | കെൽട്രോൺ KLD/HA/2022-23/606 (ശ്രവണസഹായികൾ വാങ്ങിയത് ) | 8,00,000 |
| 3 | 60/28.02.2023 | KM Technologies (കമ്പ്യൂട്ടർ ,അനുബന്ധ ഉപകരണങ്ങൾ ) KMR/22-23/1437/15.12.2022 | 49,958 |

| | | | |
|---|---|---|---|
| | | Dios Systems (ലേസർ പ്രിന്റർ)<br>DIOS0121/22-23/09.02.23 | 10,303 |
| | | കാരുണ്യ ഫാർമസി ,ജനറൽ ആശുപത്രി<br>ഗ്ലൂക്കോസ് സ്ട്രിപ്പ്സ്<br>19828/20.01.2023 | 24,024 |
| 4 | 75/23.03.23 | കാരുണ്യ ഫാർമസി<br>22431/28.02.2322838<br>/04.03.2023<br>(ഗ്ളൂക്കോമീറ്റർ വാങ്ങിയത് ) | 16,016<br>8,008 |
| | | BOSQBH8256/28.02.23 | 8,400 |
| | | United Surgicals (ഫോൾഡിംഗ് വീൽ ചെയർ)USI/22-23/1871 | 31,458 |
| | | Supplyco ( മരുന്ന്)<br>0502301/2211779 | 1,35,185 |
| 5 | 79/29.03.23 | ARTCOALP744/17.03.23 | 13,654 |
| | | Supplyco,Pala<br>0502301/2212933 | 1,28,240 |
| | | നീതി മെഡിക്കൽ സ്റ്റോർ,ചിങ്ങവനം<br>223213111831/17.03.2023<br>23213111767/15.03.2023 | 1,25,010<br>1,64,962 |
| 6 | 84/29.03.23 | Caravel Medical Systems<br>TI/02041/22-23/25.02.23 | 24,367 |
| | | Jan Oushadi32226/10.03.23<br>32479/14.03.23 | 1,97,710<br>35,780 |
| 7 | 87/29.03.23 | Kerala SurgicalsInv No.7663,7664/27.03.2023<br>(Suction Apparatus) | 29,568 |
| | ആകെ | | 20,44,370 |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | ആർദ്രം -സമഗ്ര വയോജന ആരോഗ്യ പരിരക്ഷാ പദ്ധതി 3-ാം ഘട്ടം(SO 315/22-23) |
| നിർവ്വണോദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, കോട്ടയം |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു) |
| അടങ്കൽ | 12,98,777/- |
| ചെലവ് | 11,60,277/- |

മേൽചെലവിൽ സ്റ്റോക്ക് വിതരണ വിവരങ്ങൾ ലഭ്യമല്ലാത്ത ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ /തീയതി | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|---|
| 1 | 1/10.05.2022 | ജനൗഷധി മാഞ്ഞൂർ<br>Inv No.903/21.03.2022 | 3,96,554/- |

| | | | |
|---|---|---|---|
| 2 | 3/10.05.2022 | കാരുണ്യ ഫാർമസി<br>Inv No.20692/09.02.22 | 1,22,539/- |
| 3 | 60/28.02.2023 | Keltron<br>Inv No.KLD/HA/2021-22<br>/562/25.03.22 | 4,55,000/- |
| | ആകെ | | 974093/- |

മേൽവിവരിച്ച പ്രോജക്ടുകൾ പ്രകാരം സമാഹരിച്ച മരുന്ന് /ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിശദാംശങ്ങൾ മാനവലായി സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ ഓഡിറ്റിൽ പരിശോധിച്ചുറപ്പാക്കാൻ സാധിച്ചിട്ടില്ല. പ്രോജക്ടിന്റെ ഭാഗമായി കെൽട്രോണിൽ നിന്ന് 800000- രൂപയ്ക്ക് 100 ശ്രവണസഹായികൾ വാങ്ങിയിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് മുഖേനയൊ മറ്റ് ഉചിത മാർഗ്ഗങ്ങളിലൂടെയോ ആവശ്യകതാനിർണയം നടത്തിയതിന് ശേഷമാണോ പ്രസ്തുത വാങ്ങൽ നടത്തിയതെന്നും അർഹരായ ഗുണഭോക്താക്കൾക്കായി പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോയെന്നും മതിയായ രേഖകളുടെ അഭാവത്തിൽ പൂർണ്ണമായും പരിശോധിച്ചുറപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. മരുന്നുകളുടെ DDMS ഓൺലൈൻ സംവിധാനത്തിലൂടെയുള്ള സ്റ്റോക്ക് എൻട്രി വിവരങ്ങൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഓഡിറ്റിന് സ്വതന്ത്രമായ ലോഗിൻ സൗകര്യമില്ലാത്തതിനാൽ പരിശോധനയിൽ ചില പരിമിതികൾ നേരിട്ടു. കമ്പ്യൂട്ടർ, പ്രിന്റർ ,ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് എൻട്രിയുടെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്.

പ്രോജക്ട് നം.315/22 പ്രകാരമുള്ള മരുന്ന് /ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ,കെൽട്രോണിൽ നിന്ന് 70 ശ്രവണസഹായികൾ വാങ്ങിയതിന്റെ ആവശ്യകതാനിർണയം നടത്തിയന്റെയും വിതരണം നടത്തിയതിന്റെയും വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/7.9.2023 ) 02.12.23/B3/11847/2023ആയി മറുപടി നൽകിയിട്ടുണ്ട്.

മരുന്നുകളുടെ DDMS സ്റ്റോക്ക് എൻട്രി വിവരങ്ങൾ ഹാജരാക്കിയിട്ടുണ്ട്.ശ്രവണസഹായികൾ വാങ്ങുന്നതിന് ആവശ്യകതാനിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.മേൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ സേവനപ്രദാനമായ ഭൗതിക നേട്ടം രേഖാപരമായി വ്യക്തമാവുന്ന വിധം ഇത് സംബന്ധമായ ഫയൽ മാനേജ്മെന്റ്, അനുബന്ധരേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കേണ്ടതും തുടർവർഷങ്ങളിൽ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

**1-40 സാന്ത്വന പരിചരണ പ്രോജക്ടിനായി വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് വിവരം ലഭ്യമല്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | പാലിയേറ്റീവ് കെയർ (462/22-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, കോട്ടയം |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു) |
| അടങ്കൽ | 15,00,000/- |
| ചെലവ് | 14,64,774/- |

പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്കും വൃദ്ധർക്കും ദുരിതം അനുഭവിക്കുന്നവർക്കും ഏറ്റവും അധികം പ്രയോജനപ്പെടേണ്ട ഒരു പ്രോജക്ടാണിത്. തൻവർഷം പാലിയേറ്റീവ് കെയർ പദ്ധതിയിൽപെടുത്തി മരുന്ന് വാങ്ങൽ, ഹോംകെയർ ചെലവുകൾ, ട്രെയിനിംഗ് ചെലവുകൾ, റിവ്യൂ മീറ്റിംഗ് ചെലവുകൾ എന്നിവയ്ക്കായി വികസനഫണ്ടിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം ആകെ 14,64,774/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 906986- രൂപ മരുന്ന് വാങ്ങുന്ന ആവശ്യത്തിനാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ /തീയതി | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|---|
| 1 | 43/7.1.2023 | കാരുണ്യ ഫാർമസി ,ജനറൽ ആശുപത്രി14700/28.10.2022, | 4000 |
| 2 | 59/28.02.2023 | നീതി മെഡിക്കൽ സ്റ്റോർ,ചിങ്ങവനം<br>2223213110200/24.01.2023<br>2223213110230/24.01.2023<br>2223213110247/27.01.2023 | 249502<br>249896<br>229554<br>28980<br>757932 |

| | | | |
|---|---|---|---|
| | | 2223213110552/04.02.2023 | |
| 3 | 85/29.03.2023 | കാരുണ്യ ഫാർമസി ,ജനറൽ ആശുപത്രി24228/27.03.2023 | 145054 |
| | ആകെ | | 906986 |

വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദാംശങ്ങളും രേഖകളും ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/07.09.2023) DDMS ( Drug Distibution Management System) എന്ന ഓൺലൈൻ സംവിധാനത്തിലൂടെയാണ് സ്റ്റോക്ക് വിതരണ വിവരങ്ങൾ ക്രമീകരിക്കുന്നതെന്ന് അറിയിച്ചു. മരുന്നുകളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനും ചുമതലപ്പെട്ടവരുടെ ഉത്തരവാദിത്വം(Accountability) വർദ്ധിപ്പിക്കുന്നതിനുമാണ് 6-4-2017 ലെ ജി.ഒ (ആർ ടി) നം.1018//2017/H&FWD പ്രകാരം ഇത് സംബന്ധമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ DDMS പൂർണ്ണമായും കുറ്റമറ്റ രീതിയിൽ പ്രവർത്തനക്ഷമമായിട്ടില്ല. ആയതിനാൽ മാനുവലായി സൂക്ഷിക്കേണ്ട രേഖകൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ല. ഘട്ടംഘട്ടമായി പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലേയ്ക്ക് വരുന്നത് വരെ അനുവർത്തിക്കേണ്ട രീതികൾ വിവിധ സർക്കുലറുകളിലായി ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. സബ് സ്റ്റോക്ക്, Patient Wise Distribution Register എന്നിവ അതേ പടി നിലനിർത്തണമെന്നും നിർദ്ദേശമുള്ളതാണ്.ഓൺ ലൈൻ സ്റ്റോക്ക് വിവരങ്ങളിൽ നിന്ന് മരുന്നുകളുടെ ബില്ലിലെ വിശദാംശങ്ങളുടെ ക്രമത്തിൽ സ്റ്റോക്ക് വിതരണ വിവരങ്ങൾ പരിശോധിച്ചുറപ്പാക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ മാന്വലായി തയ്യാറാക്കുന്ന സ്റ്റോക്ക് വിതരണ രേഖകൾ താൽക്കാലികമായെങ്കിലും സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. DDMS ( Drug Distibution Management System) എന്ന ഓൺലൈൻ സംവിധാനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനും ഇതിലൂടെയുള്ള സ്വതന്ത്രമായ ഓഡിറ്റ് പരിശോധനയ്ക്കാവശ്യമായ ലോഗിൻ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.സ്റ്റോക്ക് വിതരണ വിവരങ്ങൾ ഓഡിറ്റിൽ ബോധ്യപ്പെടുത്തുന്നത് വരെ 906986/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-41 ചീഫ് മെഡിക്കൽ ഓഫീസർ ,ജില്ലാ ആശുപത്രി (ആയുർവേദം)നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പദ്ധതി- മരുന്ന് പൂർണമായി ലഭിച്ചില്ല**

1)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | ജില്ലാ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ(37/22-23) |
| നിർവ്വണോദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ ,ജില്ലാ ആശുപത്രി (ആയുർവേദം) |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു)& മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| അടങ്കൽ | 15,00,000 + 82,00,000=97,00,000 |
| ചെലവ് | 15,00,000(ബിൽനം.120/28.02.2023),<br>70,00,000(ബിൽനം.19/27.5.22,)<br>12,00,000(ബിൽനം.119/28.02.23 )<br>ആകെ 97,00,000/- |

ജില്ലാ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 70,00,000/- രൂപ ബിൽ നം.19/27.5.22 പ്രകാരം ഔഷധിക്കും, 12,00,000/- രൂപ ബിൽ നം.119/28.02.23 പ്രകാരം ആയുർധാരയ്ക്കും ,15,00,000/- രൂപ ബിൽ നം.120/28.02.2023 പ്രകാരം ഔഷധിക്കും നൽകിയിട്ടുണ്ട്.ഇതിൽ 70,00,000/- രൂപയുടെ മരുന്നുകൾ മാത്രമേ മുഴുവനായി ലഭിച്ചിട്ടുള്ളൂ. ഔഷധിക്ക് നൽകിയ 15,00,000/- രൂപയിൽ 14,08,433 രൂപയുടെ മരുന്നുകളും ആയുർധാരയ്ക്ക് നൽകിയ 12,00,000/- രൂപയിൽ 8,32,080/- രൂപയുടെയും മരുന്നുകൾ മാത്രമെ ലഭിച്ചിട്ടുള്ളൂ. ബാക്കി 91,567/-രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും, 3,67,920/-രൂപയുടെ മരുന്നുകൾ ആയുർധാരയിൽ നിന്നും ലഭിക്കാനുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/14.08.2023) മറുപടി ലഭിച്ചിട്ടില്ല. മരുന്നുകൾ പൂർണമായി ലഭ്യമാക്കി സ്റ്റോക്ക് വിശദാംശങ്ങൾ ഹാജരാക്കുന്നത് വരെ ലഭ്യമാക്കാൻ ശേഷിയ്ക്കുന്ന മരുന്നുകളുടെ തുകയായ 459487/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | ജില്ലാ ആയുർവേദ ആശുപത്രി - |

| | |
|---|---|
| | ഫർണിച്ചർ ,ബെഡ് ,സർജിക്കൽ ഐറ്റംസ് വാങ്ങുന്നതിനും വിവിധ അറ്റകുറ്റപ്പണി നിർവ്വഹിക്കുന്നതിനുമുള്ള പദ്ധതി(748/22-23) |
| നിർവ്വണോദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ ,ജില്ലാ ആശുപത്രി (ആയുർവേദം) |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| അടങ്കൽ | 6,00,000/- |
| ചെലവ് | 244095(ബിൽ നം.105/30.01.23)<br>55902(ബിൽ നം.112/22.02.23)<br>280817(ബിൽ നം.131/29.03.23)<br>19183(ബിൽ നം.132/29.03.23)<br>ആകെ 5,99,997 /- |

മേൽ പ്രോജക്റ്റ് പ്രകാരം KMSCL -ന് നൽകിയ 55902/- രൂപയിൽ 21966/- രൂപയുടെ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/14.08.2023) മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 21966/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-42 മുൻകൂറായി തുക നൽകിയിട്ടും ഹോംകോയിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പ്രോജക്റ്റ് | 35/22-23കോട്ടയം ജില്ലാ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വണോദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി, കോട്ടയം |
| അടങ്കൽ | 8,00,000/- |
| ചെലവ് | 8,00,000/-(ബിൽ 1/22-23/04.11.2022) |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |

കോട്ടയം ജില്ലാ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 8,00,000/-രൂപ ഹോംകോയ്ക്ക് നൽകിയതിൽ 4,76,507/-രൂപയുടെ മരുന്നുകൾ മാത്രമെ ലഭിച്ചതായി കാണുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/11.09.2023) മറുപടി ലഭിച്ചിട്ടില്ല. ബാക്കി 3,23,493/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ഇൻവോയ്സ്,സ്റ്റോക്ക് വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് . മരുന്ന് ലഭ്യമാക്കി ആയതിന്റെ സ്റ്റോക്ക് വിശദാംശങ്ങൾ ഹാജരാക്കുന്നത് വരെ 3,23,493/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-43 എസ് എസ് കെ വിഹിതം അടവാക്കിയത്- ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തന-വിനിയോഗവിവരം ജില്ലാപഞ്ചായത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല.**

ദേശീയതലത്തിൽ നടപ്പാക്കി വരുന്ന സമഗ്രശിക്ഷാ അഭിയാന്റെ ഭാഗമായി കേരളത്തിൽ സമഗ്രശിക്ഷാ കേരള പദ്ധതിയുടെ ആകെ അലോക്കേഷനിൽ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. ഇതിൽ സംസ്ഥാന വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും വകയിരുത്തുന്നു. ഇത് പ്രകാരം കോട്ടയം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ വിഹിതം കൈമാറുന്നത് ജില്ലാപഞ്ചായത്താണ്. ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി SSK വിഹിതം കൈമാറൽ പദ്ധതി പ്രകാരം നിശ്ചയിക്കപ്പെട്ടിരുന്ന തൻവർഷത്തെ വിഹിതമായ 1,35,00,000/- രൂപ താഴെ പറയുന്ന പ്രകാരം എസ് എസ് കെയ്ക്ക് കൈമാറിയിട്ടുണ്ട്.

| പ്രോജക്റ്റ് വിവരം | ചെലവ് തുക | ഫണ്ട് | ബിൽ നം |
|---|---|---|---|
| 5/22-23<br>എസ് എസ് കെ ആർ എം എസ് എ വിഹിതം | 25,00,000 | വികസന ഫണ്ട് (ജനറൽ) | 199/26.09.2022 |

| | | | |
|---|---|---|---|
| 923/22-23 എസ് എസ് കെ വിഹിതം കൈമാറൽ | 1,10,00,000/- | വികസന ഫണ്ട് (എസ് സി പി ) | 530/30.12.22 |
| ആകെ | 13500000/- | | |

ജില്ലയിലെ വിവിധങ്ങളായ സമഗ്രവിദ്യാഭാസ പ്രവർത്തനങ്ങൾക്കായി ഘടകങ്ങൾ തിരിച്ച് നിശ്ചയിക്കുന്ന വിഹിതത്തിന്റെ നിശ്ചിത ശതമാനമാണ് ജില്ലാപഞ്ചായത്ത് വിഹിതമായി ഒടുക്കേണ്ടത്. ഇപ്രകാരം കൈമാറുന്നത് 40% ആണെങ്കിൽപ്പോലും ജില്ലാ പഞ്ചായത്തിന് ആകെ ലഭ്യമാകുന്ന വിഹിതവുമായി താരതമ്യം ചെയ്യുമ്പോൾ ഭീമമായ തുകയാണ്. ആയതിനാൽ ഇപ്രകാരം കൈമാറുന്ന തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗവും SSK വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളുടെ കൈവരിക്കലും ജില്ലാ പഞ്ചായത്തിലെ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പും ( വിദ്യാഭ്യാസം,കല,സംസ്കാരം,യുവജനകാര്യം) ചുമതലയുള്ള സ്റ്റാന്റിങ്ങ് കമ്മറ്റിയും ( ആരോഗ്യവും വിദ്യാഭ്യാസവും) സമഗ്രമായി വിലയിരുത്തേണ്ടതുണ്ട്. അതാത് വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകാരിക്കുന്നതിനുള്ള ഒരു മുന്നുപാധി എന്ന നിലയിൽ എല്ലാ വർഷവും പ്രസ്തുത പ്രോജക്ടിനായി വകയിരുത്തൽ നടത്തി മുഴുവൻ തുകയും കൈമാറുന്നുണ്ട്.എന്നാൽ ഒരു വിഹിതം മാത്രമാണ് ജില്ലാ പഞ്ചായത്ത് കൈമാറുന്നത് എന്ന പരിഗണനയിലും ഘടകം തിരിച്ചുള്ള വിനിയോഗത്തിൽ മുഴുവൻ തുകയും ഉൾപ്പെടുന്നതിനാലും സംക്ഷിപ്ത വിനിയോഗ വിവരം മാത്രമാണ് ലഭിക്കുന്നത്. ഘടകം തിരിച്ചുള്ള വിശദമായ വിനിയോഗ പത്രം ലഭ്യമാക്കുന്നതിനും വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തിന് കൃത്യമായി മോണിറ്ററിങ്ങ് ചെയ്യുന്നതിനും സാധിക്കേണ്ടതുണ്ട്. തൻവർഷത്തെ വിഹിതം കൈമാറൽ സംബന്ധിച്ചും പ്രസ്തുത അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവ് തുകയായ 1,35,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-44 ലൈഫ് പ്രോജക്ടുകൾക്കായി വിവിധ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ – വിനിയോഗവിവരമില്ല.**

പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് മുഖേന തൻവർഷം ലൈഫ് പ്രോജക്ടുകൾക്കായി വിവീധ ഗ്രാമ/ബ്ളോക്ക് പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ -ജനറൽ, എസ് സി പി, ടിഎസ് പി വിഭാഗങ്ങൾക്ക് നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പര്/പേര് | അടങ്കൽ | ചെലവ് | ആകെ ചെലവ് |
|---|---|---|---|
| 12/22-23 ലൈഫ് (ജനറൽ ) | വികസന ഫണ്ട്(ജനറൽ ) 5,83,18,176 | 5,79,38,176/- | 5,79,38,176/- |
| 13/22-23 ലൈഫ് (എസ് സി പി) | വികസന ഫണ്ട് (എസ് സി പി ) 4,52,04,782/- | 4,49,04,782/- | 4,49,04,782/- |
| 14/22-23 ലൈഫ് (റ്റി എസ് പി) | വികസന ഫണ്ട് (ജനറൽ) 70,00,000/- | 69,99,831/- | 91,54,231/- |
| | വികസന ഫണ്ട് (റ്റി എസ് പി) 21,54,400/- | 21,54,400/- | |
| | | ആകെ | 11,19,97,189/- |

മേൽ സംയുക്ത പ്രോജക്ടുകളിൽ വിവിധ ഗ്രാമ/ബ്ളോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുകകൾ കൈമാറിയതിന്റെ വിവരം, ഓരോ പ്രോജക്ടുകളിലെയും ഗുണഭോക്താക്കളുടെ എണ്ണം, ലൈഫ് ഗുണഭോക്താക്കളുടെ രജിസ്റ്റർ സൂക്ഷിയ്ക്കുന്നുണ്ടെങ്കിൽ ആയത്, വീടുകളുടെ പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് ( നം. 09/14-08-23) നൽകിയതിന് ലൈഫ് രജിസ്റ്റർ

അതാത് പഞ്ചായത്തുകളിലുള്ളതിനാൽ നിലവിൽ രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ലെന്നും വിനിയോഗവിവരം ലഭ്യമാക്കാൻ പഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ 11,19,97,189/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-45 പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകളുടെ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല**

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | 4/22-23പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ | |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി,കോട്ടയം ജില്ലാ പഞ്ചായത്ത് | |
| ഫണ്ടിനം | വികസന ഫണ്ട്(പൊതു) | ആകെ |
| അടങ്കൽ | 3,00,000/- | 3,00,000/- |
| ചെലവ് | വികസന ഫണ്ട്(പൊതു)<br>(Bill No.207/27.9.2022, ₹187006<br>720/10.02.2023,₹ 5850<br>1202/20.03.2023,₹ 15000<br>1289/25.03.2023 ₹ 70590)<br>2,78,446/- | 2,78,446 |

ലഭ്യമാക്കിയ പ്രോജക്റ്റ് ഫയലിൽ ബിൽ നം 1202/20.03.2023,₹ 15000, 1289/25.03.2023 ₹ 70590 എന്നിവ പ്രകാരമുള്ള ചെലവിന്റെ അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയിരുന്നില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/23.11.2023) മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ആകെ ചെലവഴിച്ച തുകയിൽ 85590/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-46 ഗ്രാമസമൃദ്ധി പദ്ധതി - മതിയായ രേഖകളില്ല.**

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട് (പൊതുവിഭാഗം)- 263010- | 2808- Bill No 471/ 20-12-2022 |
| | 154568- Bill No 652/ 31-01-2023 |
| | 25640- Bill No. 970/ 27-02-2023 |
| | 42574- Bill No. 1123/ 15-03-2023 |
| | 37420-bill No. 847/ 22-02-2023 |
| ആകെ 263010/- | 263010/- |

അസി ഡയറക്ടർ, മണർകാട് റീജിയണൽ പൌൾട്രി ഫാം മുഖേന നടപ്പാക്കിയ ഗ്രാമസമൃദ്ധി 2022-23 പദ്ധതിയ്ക്കായി ( നം.458/23 ) തൻവർഷം വികസനഫണ്ടിൽ നിന്നും ആകെ 263010/- രൂപ ചെലവഴിച്ചിട്ടുണ്ട്. കർഷകർക്ക് നേരിട്ട് 45-60 ദിവസം പ്രായമായ ഗ്രാമശ്രീ കോഴികളെ ലഭ്യമാക്കുന്നതാണ് പദ്ധതി. 1232 എണ്ണം വീതമുള്ള രണ്ടു ബാച്ചുകളിലായി ആകെ 2464 കോഴിക്കുഞ്ഞുങ്ങളെ വളർത്തി കർഷകർക്ക് വിപണനം ചെയ്യുന്നതിനും ഫാമിന്റെ വരുമാന വർദ്ധനവുമാണ് ഈ പ്രോജക്റ്റ് പ്രകാരം ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ നിന്ന് പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. പദ്ധതി സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബ്രൂഡിംഗ് ഷെഡിലേയ്ക്ക് മണർകാട് പൌൾട്രി ഫാമിൽ നിന്ന് തന്നെ ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ ഒന്നിന് 25/- രൂപ നിരക്കിൽ ( ആകെ 2464 എണ്ണം 1232 വീതമുള്ള രണ്ടു ബാച്ചായി ) ആകെ 61600/- രൂപയ്ക്ക് പ്രോജക്റ്റിനായി വാങ്ങിയതിന്റെയും അവയ്ക്ക് ഭക്ഷണം, മരുന്ന്, വാക്സിൻ എന്നിവ നൽകിയതിന്റെയും ബ്രൂഡിംഗ് ഷെഡിലെ തൊഴിലാളികൾക്ക് വേതനം നൽകിയതുമാണ് തൻവർഷത്തെ പ്രോജക്റ്റ് ചെലവ്. എന്നാൽ പദ്ധതി ലക്ഷ്യമിട്ടിരുന്ന പോലെ ഇവ 45-60 ദിവസം പ്രായമായതിന് ശേഷം ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ /ഫാമിന് ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2. മറ്റൊരു പ്രോജക്റ്റായ കണ്ടിജന്റ് ചെലവുകളിൽ (നം.8/23) ഉൾപ്പെടുത്തി വിവിധ ബില്ലുകളിൽ നിന്നായി ആകെ 636900/- രൂപ (247500+ 389400) മെയിന്റനൻസ് ഫണ്ട് (റോഡിതരം) ൽ നിന്നും ചെലവഴിച്ച് 3860/-

കോഴിക്കുഞ്ഞുങ്ങളെ ഗ്രാമസമൃദ്ധി പ്രോജക്ടിനുള്ള Parent Stock ആയി മണ്ണുത്തി വെറ്ററിനറി സർവ്വകലാശാലയിൽ നിന്നും വാങ്ങിയിട്ടുണ്ട്. Parent Stock ന്റെ ഇൻവോയ്സിൽ Stock Upto 3 Days എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇവ ഗ്രാമസമൃദ്ധി പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങാത്തതിന്റെ കാരണം വ്യക്തമല്ല. ഇവ പ്രോജക്ടിനായി ഉപയോഗിച്ചതിന്റെ വിശദാംശങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം കണ്ടിജന്റ് ചെലവുകളിൽപ്പെടുത്തി ഗ്രാമശ്രീകോഴികളെ വാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചത് സംരക്ഷണഗ്രാൻറ് വിനിയോഗ മാർഗ്ഗരേഖയിലെ (ജി.ഒ.(എം.എസ്) 300/2010/തസ്വഭവ/10-12-2010) നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മാത്രമല്ല 3860 ( 3450 പിടക്കോഴി+ 410 പൂവൻകോഴി) എണ്ണമായി വാങ്ങിയതിന്റെ കാരണവും വ്യക്തമല്ല.

3. തൻവർഷം പുതിയ പ്രോജക്ടായാണ് പദ്ധതി നടപ്പാക്കിയതെങ്കിലും മുൻവർഷം ഇതേ പ്രോജക്ടിന്റെ പേരിൽ Parent Stock ആയി മണ്ണുത്തിയിൽ നിന്ന് കോഴികളെ വാങ്ങിയിട്ടുണ്ട് .

4. Parent Stock ഒരു കോഴിക്ക് 165- രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ഫാമിൽ നിന്ന് തന്നെ പ്രോജക്ടിനായി ഉപയോഗിച്ച ഒരു ദിവസം പ്രായമുള്ള 2464 എണ്ണം കോഴിക്കുഞ്ഞുങ്ങൾക്ക് ഒരെണ്ണത്തിന് 25- നിരക്കിലുള്ള വിലയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരം യൂണിറ്റ് കോസ്റ്റുകൾ നിശ്ചയിച്ചതിന്റെ മാനദണ്ഡം എപ്രകാരമെന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വകുപ്പുതല വിദഗ്ധസമിതി അംഗീകരിച്ച നിരക്കുകളാണെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

5. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് ഓഡിറ്റ് അന്വേഷണകുറിപ്പ് ( നം.3/03-07-23 ) മുഖേന വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മതിയായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ 263010- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

**1-47 വൗച്ചർ ഫയൽ സൂക്ഷിപ്പ്-അനുബന്ധരേഖകൾ സൂക്ഷിക്കുന്നതിലെ അപര്യാപ്തത**

2022-23 വർഷത്തെ വിവിധ മാസങ്ങളിലെ വൗച്ചർ ഫയൽ പരിശോധിച്ചതിൽ ചില വൗച്ചറുകളോടൊപ്പം ചെലവിന്റെ അനിവാര്യത/നിജസ്ഥിതി വ്യക്തമാക്കുന്ന അനുബന്ധ രേഖകൾ പൂർണ്ണമായും സൂക്ഷിച്ചിട്ടില്ലയെന്ന് കാണുന്നു. ചുവടെ വിവരിക്കുന്ന കാരണങ്ങളാൽ താഴെ പറയുന്ന ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ & തീയതി | വിശദാംശങ്ങൾ | ചെലവഴിച്ച തുക | ലഭ്യമാക്കേണ്ടിയിരുന്ന അനുബന്ധ രേഖകളും അധിക വിവരങ്ങളും |
|---|---|---|---|---|
| 1 | 22200379 / 18.07.2022 | കോട്ടയം ജനറൽ ആശുപത്രിയിലെ വൈദ്യുതി കണക്ഷനുള്ള അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് | 215230 | അനുബന്ധ രേഖകൾ ,വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. |
| 2 | 22200731/ 28.11.2022 | തിരഞ്ഞെടുത്ത ജനപ്രതിനിധികളുടെ സിക്കിം വിമാന യാത്രയ്ക്കായിട്ടുള്ള ചെലവ് | 152880 | യാത്രയിൽ പങ്കെടുക്കാതെ യാത്ര റദ്ദ് ചെയ്തുണ്ടായ നഷ്ടം 33420/-രൂപ തനത് ഫണ്ടിൽ ഒടുക്കി യതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. |
| 3 | 22200419/ 20.07.2022 | പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനത്തിന്റെ നാല് ടയറുകൾ മാറ്റാൻ | 30200 | എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് |
| 4 | 22201017/ 18.03.2023 | പ്രസിഡന്റിന്റെ ഔദ്യോഗിക | 32200 | എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് |

| | | | | |
|---|---|---|---|---|
| | | വാഹനത്തിന്റെ നാല് ടയറുകൾ മാറ്റാൻ | | |
| 5 | 22200161/12-04-22 22200162/12-04-22 | 2021-22 വർഷം സിഎഫ് സി ഗ്രാന്റിൽ നിന്നും ബിൽ നൽകിയ വിവിധ ആംബുലൻസ് വാങ്ങൽ പദ്ധതികളുടെ GST TDS ഇനത്തിൽ റിക്കവറി ചെയ്ത തുക മാടപ്പള്ളി, പായിപ്പാട് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയത് ( 18164 * 2 ) | 36328 | ഗ്രാമപഞ്ചായത്തുകൾ തുക ജിഎസ് ടി ടിഡിഎസ് ചെലാൻ മുഖേന ജിഎസ് ടി വകുപ്പിന് അടവാക്കിയതിന്റെ വിവരം. 2021-22 വർഷം ഈ തുക പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ടോ യെന്നുള്ള വിവരം. |
| | | ആകെ | 466838 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/15.06.2023) മറുപടിയോ ആവശ്യമായ അനുബന്ധരേഖകളോ ലഭ്യമാക്കിയിട്ടില്ല. വൗച്ചർ ഫയൽ സൂക്ഷിപ്പ് സമഗ്രമാക്കേണ്ടതാണ്.

**1-48 കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

തൻവർഷം വിവിധ വിഷയങ്ങളിൻമേൽ ജില്ലാ കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിലും ഇവയിൽ ചില തീരുമാനങ്ങളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിവരം വ്യക്തമല്ല.ചില തീരുമാനങ്ങൾ വിശകലനം ചെയ്തതിൽ പ്രസ്തുത തീരുമാനങ്ങളുമായി ബന്ധപ്പെട്ടതും പ്രസക്തവുമായചില അനുബന്ധ ഘടകങ്ങൾ കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ വീഴ്ച്ച ഉണ്ടായതായി കാണുന്നു. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.നം. 2(1)/17-05-22 - കെഎസ്ആർടിസിയുടെ വരുമാനം വർദ്ധിപ്പിയ്ക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ വാഹനങ്ങളുടെ റിപ്പയറിംഗ്, ടയർ റീത്രെഡ്ഡിംഗ്, ഇലക്ട്രിക്കൽ വർക്ക്, പെയിന്റിംഗ് എന്നിവ കെഎസ്ആർടിസി യ്ക്ക് നൽകുന്നത് സംബന്ധിച്ച തസ്വഭവ (DB) വകുപ്പ് സെക്രട്ടറിയുമേടെ കത്ത് ചർച്ച ചെയ്തു. ആയതിന് കമ്മിറ്റിക്ക് വിയോജിപ്പില്ല എന്നത് സർക്കാരിനെ അറിയിക്കാൻ തീരുമാനിച്ചു.
**(ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും തുടർനിർദ്ദേശം ലഭിച്ചതായോ ഇത്തരം പരിഷ്കരണം പ്രാബല്യത്തിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചതായോ കാണുന്നില്ല.)**

2.6(4)/24-06-22 – വിവിധ പ്രവർത്തികൾക്ക് KWA യിൽ നിക്ഷേപിച്ച തുകയിൽ വിവിധ കാരണങ്ങളാൽ പ്രവൃത്തി നടപ്പാക്കാത്തതും വിനിയോഗിച്ച ശേഷം ബാക്കി നിൽക്കുന്നതുമായ 301722-രൂപയും, ജില്ലാപഞ്ചായത്തിൽ തിരികെ അടവാക്കിയത് പുതിയ പദ്ധതി നടത്തിപ്പിൽ വകയിരുത്തുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു.
**(സർക്കാർ അനുമതി ലഭിച്ചതിന്റെയും തുക ക്രമീകരിച്ചതിന്റെയും വിവരം ലഭ്യമായില്ല.)**

3.6(6)/24-06-22 – ലോജിക് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസും ജില്ലാപഞ്ചായത്തും സംയുക്തമായി കോട്ടയം ജില്ലയിൽ 21-22 വർഷം എസ്എസ്എൽസി , പ്ലസ് 2 പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും A+ നേടിയ മൂവായിരത്തോളം വിദ്യാർത്ഥികളെ ആദരിയ്ക്കുന്നതിന് തീരുമാനിച്ചു. ആയതിനുള്ള ക്രമീകരണങ്ങൾ എംഡി സെമിനാരി സ്കൂളിൽ ഒരുക്കുന്നതിനും എല്ലാ സ്കൂളുകൾക്കും അറിയിപ്പ് നൽകുന്നതിനും ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറെയും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറെയും ചുമതലപ്പെടുത്തിയും അന്നേദിവസം റിഫ്രഷ്മെന്റ് / മൈക്ക് /മറ്റു ചുമതലകൾ എന്നിവയ്ക്കായി പരമാവധി 20000- രൂപ DD/ RDD മുഖേന ബില്ല് ലഭിയ്ക്കുന്ന മുറയ്ക്ക് അനുവദിച്ച് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.
**(തീരുമാനം നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമായില്ല)**

4.6(7)/24-06-22 – 18-19 വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോ.നം.602/19 കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിരീക്ഷണക്യാമറകൾ സ്ഥാപിയ്ക്കൽ എന്ന പ്രവൃത്തിയ്ക്ക് 1993950- രൂപ എക്സി.എഞ്ചി, PWD Electronic Division, TVM ന് 28-02-19 ൽ അടവാക്കിയിരുന്നു. 2.5% സെന്റേജ് ചാർജ് ഒഴിവാക്കി പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് പി ഡബ്ല്യൂ ഡി ഇലക്ട്രോണിക്സ് വിഭാഗത്തിനോട് നിരവധി തവണ ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കിയില്ല. ടി തുക ഓഡിറ്റ് തടസ്സപ്പെടുത്തിയതിനാലും തുക അടവാക്കിയിട്ട് മൂന്നു വർഷത്തിലധികമായിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതിനാലും ടി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

**(തുക തിരികെ ഈടാക്കിയതിന്റെയും സർക്കാർ അനുമതിയോടെ ക്രമപ്പെടുത്തിയതിന്റെയും വിവരം ലഭ്യമല്ല.)**

5.4(16)/27-07-22 – KWA യിൽ തദ്ദേശസ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക തിരികെ ലഭിക്കുന്നത് ജൽജീവൻ മിഷൻ പദ്ധതിക്കായിവിനിയോഗിക്കുന്നതിന് അനുമതി നൽകിയ സഉ (സാധാ) നം.1785/2022/LSGD/25-07-22 കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി. KWA കടുത്തുരുത്തി ഒടുക്കിയ 5807869- രൂപയും KWA കോട്ടയം ഒടുക്കിയ 4479258- രൂപയും KWA തിരുവല്ല 3429291- രൂപയുമുൾപ്പെടെ 10630056- രൂപ ജില്ലാ പഞ്ചായത്തിൽ തിരികെ അടവാക്കിയിട്ടുള്ളത് ജൽജീവൻമിഷൻ പദ്ധതിക്കായി വകയിരുത്താൻ തീരുമാനിച്ചു.

**(ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂറായി തുക നിക്ഷേപിച്ചതിൽ ഇത്രയേറെ തുക നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടിൽ വർഷങ്ങളോളം സൂക്ഷിക്കുകയും വർഷങ്ങൾക്ക് ശേഷം പലിശ രഹിതമായി തിരികെ വാങ്ങി മറ്റ് പ്രോജക്ടുകൾക്കായി വകമാറ്റുകയും ചെയ്യേണ്ടി വരുന്ന സാഹചര്യം കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടികൾ നിർദ്ദേശിച്ചതായി കാണുന്നില്ല.)**

6.6(5)/11-08-22 – ജില്ലാ ഹോമിയോ ആശുപത്രിയുടെ സ്ഥലം മതില് കെട്ടുന്നതിനായി അളന്നു തിരിച്ചപ്പോൾ അടുത്തുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലേക്കുള്ള വഴിയും ഏതാനും വീടുകളും ടി സ്ഥലത്ത് ഉൾപ്പെട്ടിരുന്നതായി സൂപ്രണ്ട് അറിയിച്ചു. വഴി സംബന്ധിച്ച് രേഖകളിലുള്ള വൈരുദ്ധ്യം മാറുന്നതിനും ആശുപത്രിക്ക് ലഭിച്ച സ്ഥലം പൂർണമായും ലഭ്യമാകുന്നതിനും അനധികൃതകയ്യേറ്റം സംബന്ധിച്ച വിഷയം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**(തുടർനടപടി വിവരം ലഭ്യമല്ല)**

7.6(7)/11-08-22 – ജില്ലാ പഞ്ചായത്തിന്റെ കൊയ്ത്തുമെതിയന്ത്രങ്ങൾക്ക് കാലപ്പഴക്കം മൂലം അറ്റകുറ്റപ്പണികൾ കൂടുതലായി വരുന്ന സാഹചര്യത്തിൽ DP1, DP4, DP5, DP6, DP7 എന്നീ യന്ത്രങ്ങൾ ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. യന്ത്രങ്ങളുടെ കാലപ്പഴക്കം, ലേലം ചെയ്യാവുന്നതാണെന്ന മെക്കാനിക്കൽ വിഭാഗത്തിൽ നിന്നുള്ള റിപ്പോർട്ട് എന്നിവ സഹിതം സമർപ്പിക്കുന്നതിന് കൃഷി അസിഎക്സി എഞ്ചിനീയറോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

**(തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർഭരണതല നടപടിവിശദാംശങ്ങൾ ലഭ്യമായില്ല.ലേല നടപടികൾ പൂർത്തീകരിച്ചതായി കാണുന്നില്ല)**

8.1(8)/22-11-22 – പ്രോ.നം.641/23 പെരുവ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ- അത്യാധുനിക കളിസ്ഥലം നിർമ്മാണം. 10300000- രൂപയുടെ ബഹുവർഷ പ്രോജക്ട് സാദ്ധ്യതാ പഠനം നടത്തിയതിന് ശേഷം മാത്രമേ നടപ്പാക്കാൻ പറ്റൂ എന്നതിനാൽ INKEL Ltd നെ DPR തയ്യാറാക്കുന്നതിനും ആയതിന്റെ ചെലവ് പ്രോജക്ടിൽ നിന്നും നൽകുന്നതിന് സർക്കാർ അനുമതി തേടുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**(ഈ തീരുമാനത്തിന്മേൽ സ്വീകരിച്ച ഭരണതല തുടർനടപടി വിവരം ലഭ്യമല്ല.)**

9.1 (3)/20-12-22 – 20-21 വർഷത്തെ സ്പിൽ ഓവർ പ്രോജക്ട് നം . 626/21 ആർദ്രം ഒ.പി നവീകരണ പദ്ധതിക്കായി INKEL Ltd ൽ നിക്ഷേപിച്ച ഒരു കോടി രൂപയിൽ പ്രവർത്തി പൂർത്തീകരിച്ച് മിച്ചമുള്ള 2977501- ജനറൽ ആശുപത്രിയിൽ ഒ.പി കെട്ടിടങ്ങളുടെ വിവിധ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് തീരുമാനിച്ചു.

**(ഇത്രയേറെ തുക സേവിങ്ങ്സായി ബാലൻസ് വന്ന സാഹചര്യം കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെയും സ്വീകരിച്ചിട്ടുള്ള ഭരണതല തുടർനടപടികളുടെ വിവരങ്ങളും ലഭ്യമല്ല)**

10.2(14)/ 16-01-23 – PMC ഏജൻസിയായ KEL ന് സെന്റേജ് മാത്രം നൽകുന്നതിന് പകരം കരാറുകാരനുൾപ്പെടെയുള്ള തുക നൽകിയ വിഷയത്തിൽ സർക്കാരിലേയ്ക്ക് സാധൂകരണത്തിന് സമർപ്പിക്കുന്നതിനും , KEL മായി പ്രാരംഭഘട്ടത്തിൽ ഏർപ്പെട്ടിരുന്ന കരാർ പ്രകാരം ബാക്കി തുക KEL നു നൽകുന്നതിനും തീരുമാനിച്ചു.

**(സർക്കാർ സാധൂകരണം ലഭിച്ചതിവന്റെ വിവരം ലഭ്യമായില്ല)**

11.1 (6)/30-01-23 – വാർഡ് 15- ഉണ്ണിക്കുന്ന് കുടിവെള്ളപദ്ധതി-( P No. 979/22 ) - കുഴൽക്കിണർ നിർമ്മിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്ത് 1000000- രൂപ ഭൂജലവകുപ്പിൽ നിക്ഷേപിച്ചു. എന്നാൽ തുറന്ന കിണർ നിർമ്മിക്കുന്നതിനുള്ള 1300000- രൂപയുടെ എസ്റ്റിമേറ്റും ബാക്കി 300000- രൂപയും ആവശ്യപ്പെട്ടുകൊണ്ടുള്ള ഭൂജലവകുപ്പ് കോട്ടയം ജില്ലാ ഓഫീസറുടെ കത്ത് ചർച്ച ചെയ്ത് പദ്ധതി വിഭാവനം ചെയ്തതിന് വിഭിന്നമായി തുറന്ന കിണർ നിർമ്മിക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുന്നതിനും നിലവിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഡെപ്പോസിറ്റ് ചെയ്തിരുന്ന തുക തിരികെ ജില്ലാപഞ്ചായത്തിൽ അടവാക്കുന്നതിനും ഭൂജലവകുപ്പ് കോട്ടയം ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**(തുടർനടപടി വിവരവും ഭൂജല വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ ഏകപക്ഷീയ നടപടിയിന്മേൽ സ്വീകരിച്ച നടപടി വിവരവും തുടർന്ന് പ്രോജക്ട് എപ്രകാരമാണ് നടപ്പാക്കിയതെന്ന വിശദാംശങ്ങളും പ്രവൃത്തി പൂർത്തീകരിച്ച് ഭൗതിക നേട്ടം ആർജ്ജിച്ചതിന്റെ വിവരവും ലഭ്യമായില്ല.)**

കമ്മിറ്റി തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ (മുൻകൂറായി നൽകിയ തുകകൾ

ക്രമീകരിച്ചതിന്റെയുൾപ്പെടെ) ലഭ്യമാക്കാനാവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് ( നം.2/15-06-2023 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ തീരുമാനങ്ങളിൽ മിക്കവയും നിക്ഷേപ പ്രവൃത്തികൾക്ക് വേണ്ടി നിക്ഷേപിക്കപ്പെട്ട തുകയുടെ സമയബന്ധിതമായതും ഗുണകരവുമായ വിനിയോഗം ഉറപ്പ് വരുത്താത്ത സാഹചര്യം വ്യക്തമാക്കുന്നു. ആവിശ്യാധിഷ്ഠതമല്ലാതെ വൻ തുകകൾ നിർവ്വഹണ ഏജൻസികളിലേയക്ക് മുൻകൂറായി നിക്ഷേപിക്കുന്ന സാഹചര്യവും വർഷങ്ങൾക്ക് ശേഷം മുൻഗണനാക്രമം മാറ്റി തുക പുനക്രമീകരിക്കേണ്ടി വരുന്നതും ആശാസ്യമല്ല. മേൽ തീരുമാനങ്ങളിൻമേലുള്ള ഭരണതല നടപടികളുടെ വിശദമായ മറുപടി ലഭ്യമാക്കേണ്ടതും ഓരോ തീരുമാനത്തിനും ഇടയാക്കുന്ന സാഹചര്യത്തിനനുസൃതമായ ഘടകങ്ങൾ കൃത്യമായി വിശകലനം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**1-49 ബാരൽ വില തനതുഫണ്ടിൽ നിലനിൽക്കുന്നു**

ജില്ലാപഞ്ചായത്തിന്റെ 2022-23 വാർഷികകണക്കുകൾ പ്രകാരം Sale Of Empties & Waste Material എന്ന ശീർഷകത്തിൽ 411032/-രൂപ വരവുണ്ട്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം എന്നിവ ഉപയോഗിച്ച് ചെയ്ത റോഡ് ടാറിങ്ങ് പ്രവർത്തികളിൽ നിന്ന് ഈടാക്കിയ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ച വരുന്നത്. ജില്ലാപഞ്ചായത്തിൽ 2022-23 വർഷം അസിസ്റ്റന്റ് എക്സി എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില പിൻവലിച്ച് Sale Of Empties & Waste Material എന്ന ശീർഷകത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ടാറിങ്ങ് പ്രവർത്തി ചെയ്യാൻ തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് ആ ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്എന്ന് വ്യക്തമാക്കിയിരുന്നു. ബാരൽ വില കണക്കാക്കി ബന്ധപ്പെട്ട സർക്കാർ ഫണ്ടുകളിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-50 കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം- പൊതു അപാകതകൾ**

കോട്ടയം ജില്ലാ പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി വിവിധ ഡിവിഷനുകളിലെ, വിവിധ ഗ്രാമപഞ്ചായത്തുകളുടെ കുടിവെള്ള വിതരണ പ്രോജക്ടുകൾക്കായി താഴെ പറയും പ്രകാരം 15613373/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്നം/ പേര് | വകയിരുത്തിയ തുക | ഫണ്ട് | ചെലവ് | ബിൽ/ വൌച്ചർ നം |
|---|---|---|---|---|---|
| 1 | 193/23 കാഞ്ഞിരപ്പള്ളി ഗ്രാ.പ-6വാർഡ്- ആനിത്തോട്ടം ചെക്ക് ഡാം പൂർത്തീകരണം | 950000- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 619028- | 385694/-രൂപ-69/15-07-22 233334/-രൂപ 1501/31-03-23 |
| 2 | 239/23മുണ്ടക്കയം ഗ്രാ.പ വാർഡ് 10,11-പശ്ചിമ കുടിവെള്ള പദ്ധതി | 700000- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 655081 | 243/14-1022 |
| 3 | 403/23-കാഞ്ിരപ്പള്ളി ഗ്രാ.പ-വാാർഡ് 16- മണങ്ങല്ലൂർ പള്ളിക്കുന്ന് കോളനി കുടിവെള്ള പദ്ധതി | 1000000- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 727795- | 363/18-11-22 |
| 4 | 67/23-വെള്ളാവൂർ ഗ്രാ.പ- വാർഡ്-1-തടത്തിൽ കുടിവെള്ളപദ്ധതി | 1000000- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 573716- | 1347/27-03-23 |
| 5 | 358/23-മൂന്നിലവ് ഗ്രാ.പ- ഇലവീഴാപൂഞ്ചിറകുടിവെള്ള പദ്ധതി പൂർത്തീകരണം | 562512- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 310838- | 1454/29-03-23 |
| 6 | 236/23-വാഴൂർ ഗ്രാ.പ- | 500000- | ധനകാര്യകമ്മീഷൻ | 437543- | 272/18-10-22 |

| | | | | | |
|---|---|---|---|---|---|
| | വാർഡ് 16-കാഞ്ഞിരപ്പാറ എസ് സി കോളനി കുടിവെള്ള പദ്ധതി | | ഗ്രാന്റ് | | |
| 7 | 241/23-കരൂർ ഗ്രാ.പ വാർഡ്-6 കാഞ്ഞിരത്തുംപാറ ഗംഗ കുടിവെള്ളപദ്ധതി | 653770- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 231786- | 1314/26-03-23 |
| 8 | 232/23-പൂഞ്ഞാർ ഗ്രാ.പ-പാറമട കുടിവെള്ളപദ്ധതി പൂർത്തീകരണം | 402030- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 251458 | 1363/27-03-23 |
| 9 | 313/23-കോരുത്തോട് ഗ്രാ.പ-കൊമ്പുകുത്തി എസ് ടി കോളനി കുടിവെള്ള പദ്ധതി | 933742- | ടിഎസ് പി | 933742- | 637/ 27-01-23 |
| 10 | 481/23- വെള്ളാവൂർ ഗ്രാ പ-ഉള്ളായം എസ് സി കോളനി കുടിവെള്ള പദ്ധതി | 500000- | എസ് സി പി | 5790- | 1935- രൂപ 612/ 18-01-23<br>3855-രൂപ723/ 10-02-23 |
| 11 | 251/23- മൂന്നിലവ് ഗ്രാ.പ-കോലാനിത്തോട്ടം എസ് സി സങ്കേതം കുടിവെള്ളപദ്ധതി | 500000- | എസ് സി പി | 53572- | 610/ 18-01-23 |
| 12 | 373/23-രാമപുരം ഗ്രാ.പ-വാർഡ് 16-വൈക്കത്തുമല കൊല്ലപ്പള്ളിമല കുടിവെള്ളപദ്ധതി 50000 ലി ടാങ്ക് നിർമ്മാണം | 2753000- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2715730- | 960645- രൂപ 402/26-11-22<br>1755085-രൂപ 1190/18-03-23 |
| 13 | 332/23- മീനച്ചിൽ ഗ്രാപ-വട്ടോത്തുകുന്നേൽഭാഗം കുടിവെള്ളപദ്ധതി പൂർത്തീകരണം | 2000000- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1933701- | 1435340-രൂപ 626/27-01-23<br>498361-രൂപ 1184/18-03-23 |
| 14 | 237/23- പൂഞ്ഞാർ ഗ്രാ.പ -മാളിക കുടിവെള്ള പദ്ധതിനിർമ്മാണം | 2500000- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2097098- | 1440/29-03-23 |
| 15 | 57/23- കാഞ്ഞിരപ്പള്ളിഗ്രാ.പ-വാർഡ്6-ആനിത്തോട്ടം കുടിവെള്ള പദ്ധതി | 2000000- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1356586- | 1435/29-03-23 |
| 16 | 175/23-അയർക്കുന്നം ഡിവിഷൻ- പള്ളിക്കുന്ന് വള്ളിക്കാട്ട് കുടിവെള്ള പദ്ധതി ഓവർഹെഡ് ടാങ്ക് നിർമ്മാണം | 2000000- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 965701- | 1296/25-03-23 |
| 17 | 359/23-വാഴൂർ ഗ്രാ.പ- | 1100000- | ധനകാര്യകമ്മീഷൻ | 1080192- | 864/22-02-23 |

| | | | | | |
|---|---|---|---|---|---|
| | നരിയാങ്കൽ കുടിവെള്ള പദ്ധതി നവീകരണം | | ഗ്രാന്റ് | | |
| 18 | 399/23-മണർകാട് ഗ്രാ.പ-വാർഡ് 8-പാണ്ടവൻകളരി കുടിവെള്ളപദ്ധതി പൂർത്തീകരണം | 220284- | വികസനഫണ്ട് (ജനറൽ) | 167455- | 580/ 11-01-23 |
| 19 | 192/23-മണർകാട് ഗ്രാ.പ വാർഡ് 15 ആമലക്കുന്ന് കുടിവെള്ള പദ്ധതി | 500000- | വികസനഫണ്ട് (ജനറൽ) | 496561- | 366292-രൂപ 17/ 24-05-22<br>27459-രൂപ 1187/ 18-03-23<br>102810-രൂപ 1395/ 28-03-23 |
| | ആകെ | | | 15613373- | |

കേരള പഞ്ചായത്ത് രാജ് നിയമം 173 ാം വകുപ്പ് 1ാം ഉപവകുപ്പ് അഞ്ചാം പട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ ജലവിതരണ പദ്ധതികൾ ഏറ്റെടുക്കുകയും നടപ്പാക്കുകയും ചെയ്യുക എന്നത് ജില്ലാ പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ വരുന്നതാണ്. എന്നാൽ മേൽ പട്ടികയിൽ വിവരിച്ചിരിക്കുന്ന കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ ജലവിതരണ പദ്ധതികൾ അല്ല മറിച്ച് പഞ്ചായത്ത് തലത്തിലുള്ള കുടിവെള്ള പദ്ധതികളാണ്.

ജില്ലാ പഞ്ചായത്തിന്റെ പൊതുവായ ചുമതലകൾ പ്രകാരം ആവർത്തനം ഒഴിവാക്കുന്നതിനായി ബ്ലോക്ക് ,ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കി ഫോർവേഡ് ബാക്ക് വേഡ് ലിങ്കേജ് നല്കാവുന്നതാണ് എന്ന വ്യവസ്ഥ പ്രകാരമാണ് ജില്ലാപഞ്ചായത്ത് പഞ്ചായത്ത് തല കുടിവെള്ള വിതരണ പദ്ധതികളിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത്.

**കുടിവെള്ള വിതരണ പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് ഇല്ല**

ഗ്രാമപഞ്ചായത്ത് തല കുടിവെള്ള പ്രോജക്ടുകൾക്ക് DPR തയ്യാറാക്കി വിഭവ ലഭ്യതയും വിനിയോഗവും നിർണ്ണയിക്കുകയോ കുടിവെള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി ഓരോ തലത്തിലും ചെയ്യുന്ന പ്രവൃത്തികളിൽ വ്യക്തത വരുത്തുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ മാത്രമേ സഹായ തദ്ദേശ സ്ഥാപനങ്ങൾ പ്രവൃത്തി ഏറ്റെടുക്കാവൂ എന്നിരിക്കെ ഇത്തരം അനുമതി വാങ്ങുകയോ ചെയ്ത പ്രവൃത്തി DPR തയ്യാറാക്കി ആയതിന്റെ ഭാഗമാക്കുകയോ ചെയ്യുന്നില്ല. ഇതു മൂലം പദ്ധതി നിർവ്വഹണ സമയത്ത് ആവർത്തനം വരുന്നഘട്ടങ്ങൾ സംജാതമാകുകയും പദ്ധതി ഒഴിവാക്കുകയോ, എസ്റ്റിമേറ്റ് റിവിഷൻ നടത്തി പ്രവൃത്തിയിൽ കാതലായ മാറ്റം വരുത്തുകയോ ചെയ്യുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ടില്ലാതെയും ഓരോ തദ്ദേശ സ്ഥാപനവും ചെയ്യുന്ന പ്രവൃത്തികൾ രൂപരേഖ തയ്യാറാക്കി ആയതിൽ അടയാളപ്പെടുത്തുന്നില്ലാത്തതിനാലും ചെലവഴിച്ച തുക ഫലപ്രദമായിരുന്നു എന്നും, പ്രവൃത്തികളിൽ ആവർത്തനം ഉണ്ടായിട്ടില്ല എന്നും, അവശ്യം വേണ്ട പ്രവൃത്തികൾ മാത്രമേ ഏറ്റെടുത്തിട്ടുള്ളൂ എന്നും ഉറപ്പുവരുത്തുന്നതിന് കഴിയുന്നില്ല.

**കുടിവെള്ള വിതരണത്തിന് വിവിധ ഏജൻസികൾ പ്രോജക്ടുകൾ തയ്യാറാക്കുന്നു- ഇരട്ടിപ്പിന് സാദ്ധ്യത**

ജൽ ജീവൻ മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ എല്ലാ വീടുകളിലും ജലം എത്തിക്കുന്നതിനുള്ള ബൃഹത് പദ്ധതികൾ തയ്യാറാക്കി പ്രവൃത്തികൾ നടന്നു വരുന്നു. നോഡൽ ഏജൻസിയായി വാട്ടർ അതോറിറ്റി, കേരള റൂറൽ വാട്ടർ സപ്ലൈ &സാനിട്ടേഷൻ എന്നിവരുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളതുമാണ്. കേന്ദ്ര/സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് പഞ്ചായത്തിൽ സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കി അംഗീകരിച്ച ശേഷവും ചെറുകിട പദ്ധതികൾക്ക് ജില്ലാ പഞ്ചായത്ത് നേരിട്ട് പണം ചെലവഴിക്കുന്നതും ചെറുകിട പ്രോജക്ടുകൾ ജൽജീവൻ മിഷൻ പ്രോജക്ടുമായി സംയോജിപ്പിക്കുന്നതിന് കഴിയാത്തതും പ്രോജക്ടുകളിൽ ഇരട്ടിപ്പ് വരാനുള്ള സാഹചര്യം ഒരുക്കുന്നു. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും കുടിവെള്ള പ്രോജക്ടുകളിൽ വിവിധ ഏജൻസികളുടെ ഏകോപനം ഉറപ്പുവരുത്തേണ്ടതും ധനനഷ്ട സാദ്ധ്യതകൾ ഒഴിവാക്കേണ്ടതുമാണ്. മേൽപരാമർശിച്ചിട്ടുള്ള പദ്ധതികളിൽ അന്തിമമായി കമ്മീഷൻ ചെയ്തവയുടെ വിശദാംശങ്ങളും ഭാഗികമായിമാത്രം പൂർത്തിയാക്കിയ പദ്ധതികളുടെ ഏത് ഘട്ടംവരെ പൂർത്തീകരിച്ചിട്ടുണ്ടെന്ന വിവരവും ക്രോഡീകരിച്ച് ഓഡിറ്റിന്

ലഭ്യമാക്കേണ്ടതാണ്.

## 1-51 കാഞ്ഞിരപ്പള്ളി പഞ്ചായത്ത് - വാർഡ് - 16 മണങ്ങല്ലൂർ പള്ളിക്കുന്ന് കോളനി കുടിവെള്ള പദ്ധതി- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് പേര്,നമ്പർ | കാഞ്ഞിരപ്പള്ളി പഞ്ചായത്ത് - വാർഡ് - 16 മണങ്ങല്ലൂർ പള്ളിക്കുന്ന് കോളനി കുടിവെള്ള പദ്ധതി |
| അടങ്കൽ | 1000000 /- |
| ചെലവ് | 727795 / - ( CFC Tide ) |
| കരാർ | 307/AEE/LSGD/2021-22<br>DATED 30/03/2022 |
| ബിൽ നം | 363/22- 18/11/22 |
| M Book No : | 507/2020 -21 |

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് 16 - ൽ മണങ്ങല്ലൂർ പള്ളിക്കുന്ന് കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയിൽ പമ്പ് ഹൗസ് നിർമ്മിച്ച് 10000 ലിറ്റർ ശേഷിയുള്ള പി.വി.സി. വാട്ടർ ടാങ്ക് സ്ഥാപിച്ച് 50 കുടുംബങ്ങൾക്ക് ആദ്യഘട്ടത്തിൽ കുടിവെള്ളം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് .

ഫയൽ പരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ട്.പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ടി പദ്ധതിയുടെ ആവശ്യത്തിലേക്കായി വാട്ടർ ടാങ്ക് സ്ഥാപിച്ചിരിക്കുന്ന സ്ഥലം പബ്ലിക് പ്രോപ്പർട്ടിയാണെന്നും അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചു വരുന്നതായും വ്യക്തമാക്കുന്നു. നടപടികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. മേൽ പ്രവൃത്തിയുടെ വൈദ്യുതീകരണത്തിന് 182000/- രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിരിക്കുന്നതായി അസി.എക്സി.എൻജിനീയറുടെ 21-10-2022 ലെ ഡി.ബി 4Ete / 2022-23 നമ്പർ കത്തിൽ വ്യക്തമാക്കിയിരിക്കുന്നു. പദ്ധതിയ്ക്കുവേണ്ടി പോസ്റ്റ് സ്ഥാപിച്ച് കറന്റ് കണക്ഷൻ ലഭ്യമാക്കിയതായി വ്യക്തമല്ല.
3. മേൽ പ്രവൃത്തിക്കായി ഉപയോഗിക്കുന്ന ജലസ്രോതസ്സ് കുഴൽ കിണർ ആണെന്ന് കാണുന്നു. കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും നിമിത്തം ജലലഭ്യത ഉള്ള സ്ഥലങ്ങൾ പോലും വരണ്ടതാകുന്ന സാഹചര്യത്തിൽ കുഴൽ കിണർ ഉപയോഗിച്ചുള്ള ജലവിതരണ പദ്ധതിയിൽ എന്തെങ്കിലും പ്രാഥമിക പഠനമോ അന്വേഷണമോ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ അനുബന്ധ രേഖകളും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. ഭൂജല വകുപ്പിൽ നിന്ന് Yield Per Hour Certificate വാങ്ങിയതിനു ശേഷമാണോ കുഴൽക്കിണർ പദ്ധതിയ്ക്ക് അനുയോജ്യമെന്ന് കണ്ടെത്തിയതെന്നു വ്യക്തമല്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( നം 30/19-12-23) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 727795 / - രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-52 സമഗ്രമായ ആസ്തി സംരക്ഷണപദ്ധതിയുടെ അഭാവം- ഏറ്റെടുക്കുന്ന മെയിന്റനൻസ് പ്രോജക്ടുകളുടെ മുൻഗണനാക്രമവും അനിവാര്യതയും വ്യക്തമല്ല-

14ാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖ ( സ.ഉ (കൈ) 84/2022/തസ്വഭവ തീയതി 19-04/2022 ) ഖണ്ഡിക 6.8 ൽ റോഡ്-റോഡിതര ആസ്തികളുടെ സമഗ്രമായ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ഖണ്ഡിക 6.8.2 പ്രകാരം സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ പ്രോജക്ടുകൾ ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതുണ്ട്. ആസ്തി സംരക്ഷണ പദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ചു ചേർത്ത് പ്രസ്തുത യോഗത്തിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ

പരിഗണിച്ച് പ്രോജക്ടുകൾ അംഗികരിയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കോട്ടയം ജില്ലാ പഞ്ചായത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിച്ച് റീടാറിംഗ്, റീകോൺക്രീറ്റിംഗ്, കുഴിയടയ്ക്കൽ (Pot Hole Filling ) തുടങ്ങിയ മെയിന്റനൻസ് പ്രവൃത്തികളാണ് കൂടുതലായും നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ വിവരം ഉൾപ്പെടുത്തിയ സമഗ്രമായ റോഡ് ആസ്തി രജിസ്റ്ററിൽ ആധികാരികമായി വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നതായി കാണുന്നില്ല. എങ്കിലും ജില്ലാപഞ്ചായത്ത് അധീനതയിലുള്ള റോഡുകളിലെ വാർഷിക അറ്റകുറ്റപ്പണി ഏറ്റെടുക്കുന്നതിലൂടെ പൊതുജനങ്ങളുടെ യാത്രാസൗകര്യം സുഗമമാക്കുന്നതിന് സാധിക്കുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എന്നാൽ ഓരോ പ്രവൃത്തികളുടെയും നിർവ്വഹണത്തിനു ശേഷമുള്ള പരിപാലന കാലയളവിൽ ( Defect Liability Period ) കൃത്യമായ അറ്റകുറ്റപ്പണികൾ കരാറുകാരുടെ ഉത്തരവാദിത്വത്തിൽ ഏറ്റെടുത്ത് ഗുണനിലവാരം സ്ഥായിയായി നിലനിർത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തൻവർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുത്ത ഭൂരിഭാഗം പ്രവൃത്തികളും കൈമാറ്റം ചെയ്യപ്പെട്ട ഹയർസെക്കന്ററി സ്കൂളുകളിലെ വിവിധങ്ങളായ പുനരുദ്ധാരണ പ്രവൃത്തികളാണ്. എന്നാൽ വിവിധ സ്കൂളുകളിലെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഫണ്ട് ഒരു വർഷത്തിൽ പൂർണമായി കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ ഒരേ സ്കൂളിലെ പ്രവൃത്തികൾ തന്നെ വിഭജിക്കപ്പെട്ട രീതിയിൽ വിവിധ വർഷങ്ങളായി ഏറ്റെടുത്തു വരുന്നു. സ്കൂളുകളിലെ സമ്പൂർണ്ണ പുനരുദ്ധാരണ പ്രവർത്തികൾക്കാവശ്യമായ സമഗ്രമായ മെയിന്റനൻസ് പ്ലാൻ ഓരോ സ്കൂളിനും പ്രത്യേകമായി തയ്യാറാക്കി ആയത് മുൻഗണനാക്രമത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർവ്വഹിയ്ക്കുന്നതിനുള്ള ആസൂത്രണ നടപടികൾ സ്വീകരിയ്ക്കേണ്ടതുണ്ട്. സ്കൂളുകളിലെ മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ മുൻവർഷങ്ങളിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും തുടർന്ന് ബാക്കി നിൽക്കുന്നതായ പ്രവൃത്തികളുടെ വിശദാംശങ്ങളും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സമഗ്രമായി പ്രതിപാദിയ്ക്കേണ്ടതാണ്. ഇതിന്റെ അഭാവത്തിൽ സ്കൂളുകളിൽ ഏറ്റെടുക്കുന്ന മെയിന്റനൻസ് വേലകളുടെ സുതാര്യതയും അനിവാര്യതയും ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിയ്ക്കുന്നില്ല. മെയിന്റനൻസ്ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഉൾപ്പെട്ട ആസ്തിയും സ്ഥാപനവും ജില്ലാപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഉള്ളവയാണെന്ന് ഉറപ്പാക്കേണ്ടതാണ്. തൻവർഷം ഫാഷൻ ടെക്നോളജി പാല എന്ന സ്ഥാപനത്തിലെ കോമ്പൗണ്ട് നവീകരണം, ഫെൻസിംഗ്, വാഷിംഗ് ഏരിയ, ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്കായി 10 ലക്ഷം രൂപ വകയിരുത്തുകയും 850859/- രൂപ ചെലവഴിയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം ജില്ലാപഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിയ്ക്കുന്നതാണോയെന്നും മറ്റേതെങ്കിലും ഫണ്ടിംഗ് ഏജൻസി മുഖാന്തിരം ധനസഹായം ലഭിയ്ക്കുന്ന സ്ഥാപനമാണോയെന്നും വ്യക്തമല്ല. തൻവർഷം എയ്ഡഡ് മേഖലയിലെ ചില വിദ്യാലയങ്ങളിൽ ടോയ് ലറ്റ് ബ്ലോക്ക് ഉൾപ്പെടെയുള്ള സ്ഥിര നിർമ്മാണ പ്രവർത്തനങ്ങളും ചില ഉപകരണങ്ങളുടെ വാങ്ങി നൽകലുകളും നടത്തിയിട്ടുണ്ട്. എയ്ഡഡ് മേഖലയിൽ സർക്കാരിന്റെ പൊതുഫണ്ട് ചെലവഴിയ്ക്കുന്നതിന് മുമ്പ് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും അനുമതിയും തേടേണ്ടതാണ്. ( ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ പരിഗണിച്ച് സമഗ്രമായ ആസ്തി സംരക്ഷണ പ്ലാനിന്റെ അടിസ്ഥാനത്തിൽ മാത്രം സംരക്ഷണഗ്രാന്റ് ഗുണപരമായും സുതാര്യമായും വിനിയോഗിയ്ക്കാൻ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2022-23 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 16/10/2023, 17/10/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം(Financial Audit Certificate 2022-23) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്.

സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വിവിധ ഗ്രാമ പഞ്ചായത്തുകൾ | 2022-23 | 90165 | 675/23 എസ് സി, എസ് ടി വിദ്യാർത്ഥികൾക്ക് കെഎഎസ്/പിഎസ് സി പരിശീലനം | 90165 | 0 |
| കുടുംബശ്രീ ജില്ലാ മിഷൻ | 2022-23 | 5052208 | ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം | 4360837 | 691371 |
| ആകെ | | 5142373 | | 4451002 | 691371 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 സാമ്പത്തിക വർഷം ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട് .തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. കെ.എസ്.ഇ.ബി

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ, പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | **ചെലവഴിച്ച തുക** | ചെലവഴിക്കാൻ ബാക്കിയുള്ള **തുക** |
|---|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, തെങ്ങണ | 741/22-23<br>മാടപ്പള്ളി , വാഴപ്പള്ളി പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ -തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 1140/16.3.2023 | 9,99,175/- | 0 | 9,99,175/- |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, പള്ളം | 739/22-23<br>ആർപ്പൂക്കര പഞ്ചായത്ത് – വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ തുക കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്യൽ | 1142/16.3.2023 | 3,00,000/- | 0 | 3,00,000/- |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, അയർകുന്നം | 752/22-23<br>അയർകുന്നം പഞ്ചായത്ത് - വാർഡ് 6- വെട്ടകാട് മുടപ്പാല മൂന്നോടികുന്ന് റോഡിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ- തുക കെ.എസ്.ഇ.ബിയിൽ | 1193/20.3.2023 | 2,50,000/- | 0 | 2,50,000/- |

| | | | | | | |
|---|---|---|---|---|---|---|
| | | ഡെപ്പോസിറ്റ് ചെയ്യൽ | | | | |
| 4 | കെ.എസ്.ഇ.ബി, വൈക്കം സെക്ഷൻ | 150/22-23<br>തലയാഴം ഡിവിഷൻ-തലയാഴം, വെച്ചൂർ, ടിവി പുരം പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽസ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 58/27.06.22 | 499624/- | 0 | 499624/- |
| 5 | കെ.എസ്.ഇ.ബി, തലയാഴം | 155/22-23<br>കല്ലറ പഞ്ചായത്ത് മുണ്ടാർ 9-ാം നമ്പർ ഹരിജൻ കർഷക കോർപ്പറേഷൻ മണിമല പാടശേഖരങ്ങളുടെ ട്രാൻസ് ഫോർമർ പവ്വർ അലോക്കേഷൻ- തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 70/15.07.22 | 215060 | 0 | 215060 |
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കൊല്ലപ്പള്ളി | 454/22-23<br>പള്ളിപ്പാറ മലങ്കോട് സ്ട്രീറ്റ് ലൈൻ വലിയ്ക്കലും ട്രാൻസ്ഫോർമർ സ്ഥാപിക്കലും – കെ.എസ്. ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 276/20.10.22, UTR No.RBI 3662220133608/ 31.12.2022 | 15,00,000+<br>9738*<br>15,09738 | 0 | 15,00,000+<br>9738*<br>15,09738 |
| 7 | | 771/22-23<br>കുറോപ്പട പഞ്ചായത്ത് – 1,7,11,17 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ- തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 1262/22-03-2023 | 19589 | 0 | 19589 |
| 8 | | 679/22-23<br>കുറവിലങ്ങാട് പഞ്ചായത്ത് – വാർഡ് 11 -മാവിൻചുവട് നസ്രത്ത് ഹിൽ റോഡിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ -തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 482/ 22-12-2022 | 199893 | 0 | 199893 |
| 9 | | 850/22-23<br>കിടങ്ങൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ- തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് | 470/ 20-12-2022 | 998669 | 0 | 998669 |

| | | | | | | |
|---|---|---|---|---|---|---|
| | | ചെയ്യൽ | | | | |
| **ആകെ** | | | **49,91,748** | | | |

2022-23 വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ, പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | EE,PH ഡിവിഷൻ,KWA തിരുവല്ല | 149/22-23<br>തൃക്കൊടിത്താനം ഡിവിഷൻ -കടമാഞ്ചിറ എസ് സി കോളനി അടിസ്ഥാന സൗകര്യ വികസനം - തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 114/31.08.22 | 850,000/- | 0 | 850,000/- |
| **ആകെ** | | | 850,000/- | | | |

അക്രെഡിറ്റഡ് ഏജൻസി

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ, പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | നൽകിയ തുക | **ചെലവഴിച്ച തുക** | ചെലവഴിക്കാൻ ബാക്കിയുള്ള **തുക** |
|---|---|---|---|---|---|---|
| 1 | KEL(Kerala Electricals And Allied Engineering) | 769/22-23<br>അതിരമ്പുഴ പഞ്ചായത്ത് ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1419/28.03.23 | 7,77,856 | 7,77,856 | 0 |
| 2 | KEL(Kerala Electricals And Allied Engineering) | SO 133/22-23<br>കുറിച്ചി ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 374/ 21-11-2022 | 199867 | 199867 | 0 |
| 3 | KEL(Kerala Electricals And Allied Engineering) | 170/22-23<br>അയർകുന്നം ഡിവിഷനിലെ വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റുകൾ | 1510/31.03.2023 | 783520 | 783520 | 0 |
| 4 | KEL(Kerala Electricals And Allied Engineering) | 806/22-23<br>കുറവിലങ്ങാട് വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1476/30.03.2023 | 15,67,040 | 15,67,040 | 0 |
| 5 | KEL(Kerala Electricals And Allied Engineering) | 804/22-23<br>കുമരകം ഗവൺമെന്റ് ഹൈസ്കൂൾ ഗ്രൗണ്ടിൽ ഹൈമാസ്റ്റ് ലൈറ്റ് | 1474/30.03.23 | 328512 | 328512 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | സ്ഥാപിക്കല് | | | | |
| 6 | KEL(Kerala Electricals And Allied Engineering) | 805/22-23 തിരുവാർപ്പ് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1475/30.03.23 | 328512 | 328512 | 0 |
| 7 | KEL(Kerala Electricals And Allied Engineering) | 770/22-23 പാമ്പാടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1488/31.03.23 | 391382 | 391382 | 0 |
| 8 | KEL(Kerala Electricals And Allied Engineering) | 733/22-23 പൂഞ്ഞാർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റുകൾസ്ഥാപിക്കൽ | 1514/ 31.03.23 | 1170182 | 1170182 | 0 |
| 9 | KEL(Kerala Electricals And Allied Engineering) | 773/22-23 കുറിച്ചി ഡിവിഷൻ- വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1416/28.03.23 | 730656 | 730656 | 0 |
| 10 | KEL(Kerala Electricals And Allied Engineering) | 774/22-23 കങ്ങഴ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1496/31.03.23, 1503/31.03.23 | 500000+ 277856 777856 | 500000+ 277856 777856 | 0 |
| 11 | KEL(Kerala Electricals And Allied Engineering) | 171/22-23 കുറവിലങ്ങാട് ഡിവിഷൻ-വിവിധ സ്ഥലങ്ങളിൽഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1519/31.03.23 | 792960 | 792960 | 0 |
| 12 | KEL(Kerala Electricals And Allied Engineering) | 772/22-23 ഭരണങ്ങാനം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽമിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1417/28.03.23 | 15,55,712 | 15,55,712 | 0 |
| 13 | KEL(Kerala Electricals And Allied Engineering) | 838/22-23 തലയാഴം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽമിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1477/30.03.23 | 774080 | 774080 | 0 |
| 14 | KEL(Kerala Electricals | 169/22-23 | 1518/31.03.2023 | 1572893 | 1572893 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | And Allied Engineering) | അതിരമ്പുഴ ഡിവിഷൻ -വിവിധ സ്ഥലങ്ങളിൽമിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | | | | |
| 15 | KEL(Kerala Electricals And Allied Engineering) | SO 117/22-23<br>ഭരണങ്ങാനം ഡിവിഷനിലെ വിവിധ കോളനി കളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 721/10.02.23 | 300000 | 300000 | 0 |
| 16 | KEL(Kerala Electricals And Allied Engineering) | SO 96/22-23<br>തലപ്പലം,തിടനാട് ,മേലുകാവ് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽമിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 616/21.01.23 | 300000 | 300000 | 0 |
| 17 | KEL(Kerala Electricals And Allied Engineering) | SO 114/22-23<br>അയർകുന്നം ഡിവിഷൻ-വിജയപുരം,അയർകുന്നം, മണർകാട് പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക | 32/28.05.23,<br>373/21.11.23 | 480,000+<br>160,000<br>6,40,000 | 6,40,000 | 0 |
| 18 | KEL(Kerala Electricals And Allied Engineering) | SO 142/22-23<br>ഭരണങ്ങാനം ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 615/21.01.23 | 198000 | 198000 | 0 |
| 19 | KEL(Kerala Electricals And Allied Engineering) | SO 100/22-23<br>പാറത്തോട് പഞ്ചായത്ത്-കുരംതുക്ക് ഭാഗം ഹൈമാസ്റ്റ് ലൈറ്റ് -പി ഡബ്ള്യുവിൽ ഡെപ്പോസിറ്റ് | 722/10.02.23 | 100000 | 100000 | 0 |
| 20 | KEL(Kerala Electricals And Allied Engineering) | SO 455/22-23<br>കടപ്ളാമറ്റം, കാണക്കാരി ,മാഞ്ഞൂർ, കുറവിലങ്ങാട് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് , മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 791/16.02.23 | 600000 | 600000 | 0 |
| 21 | KEL(Kerala Electricals | SO116/22-23<br>കാഞ്ഞിരപ്പള്ളി | 1413/28.03.23 | 616432 | 616432 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | And Allied Engineering) | പഞ്ചായത്ത് വാർഡ് 4 - വില്ലന്നി മിച്ച ഭൂമി കോളനിയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | | | | |
| 22 | KEL(Kerala Electricals And Allied Engineering) | SO140/22-23<br>എരുമേലി ഡിവിഷൻ വിവിധ എസ് സി കോളനിക<br>ളിൽ മിനി മാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 351/17.11.22 | 300000 | 300000 | 0 |
| 23 | KEL(Kerala Electricals And Allied Engineering) | SO 90/22-23<br>വാകത്താനം,മാടപ്പള്ളി , വാഴപ്പള്ളി പഞ്ചായത്തുകളിലെ വിവിധ ജംഗ്ഷനകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 387/24.11.22 | 300000 | 300000 | 0 |
| 24 | KEL(Kerala Electricals And Allied Engineering) | SO 111/22-23<br>പൊൻകുന്നം ഡിവിഷൻ വിവിധ എസ് സി കോളനിക<br>ളിൽ എൽ ഇഡി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 372/<br>21.11.22 | 300000 | 300000 | 0 |
| 25 | KEL(Kerala Electricals And Allied Engineering) | 15/22-23<br>ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ്  സ്ഥാപിക്കൽ | 1515/31.03.23 | 940790 | 940790 | 0 |
| 26 | KEL(Kerala Electricals And Allied Engineering) | SO 141/22-23<br>പൂഞ്ഞാർ ഡിവിഷനിലെ വിവിധ എസ് സി കോളനികളിലും സങ്കേതങ്ങളിലും മിനി മാസ്റ്റ് ഹൈമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 65/ 15-07-2022 | 900000 | 900000 | 0 |
| 27 | KEL(Kerala Electricals And Allied Engineering) | SO 91/22-23<br>വാകത്താനം മാടപ്പള്ളി വാഴപ്പള്ളി പഞ്ചായത്തുകളിലെ വിവിധ ജംഗ്ഷനകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 369/ 19-11-2022 | 200000 | 200000 | 0 |
| 28 | KEL(Kerala Electricals | SO 97/22-23<br>എരുമേലി ഗ്രാമ | 368/ 19-11-2022 | 200000 | 200000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | And Allied Engineering) | പഞ്ചായത്ത് വിവിധ ഭാഗങ്ങളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | | | | |
| 29 | KEL(Kerala Electricals And Allied Engineering) | 767/22-23 അയർക്കുന്നം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1418/ 28-03-2023 | 598685 | 598685 | 0 |
| 30 | KEL(Kerala Electricals And Allied Engineering) | SO 131/22-23 തൃക്കൊടിത്താനം ഡിവിഷൻ-വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 33/ 28-05-2022, 367/ 19-11-2022 | 600000+ 200000 800000 | 800000 | 0 |
| ആകെ | | | | 1,83,44,935 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പ /വായ്പ തിരിച്ചടവ് ഇനത്തിൽ തൻ വർഷം വരവ് /ചെലവ് ഇല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക ധനകാര്യ പത്രിക പ്രകാരം ജില്ലാപഞ്ചായത്തിന് സ്ഥിര നിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭ്യമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഒടുക്കിയതുക | രസീത് നമ്പർ/തീയതി |
|---|---|---|---|
| 2017-18 | - | 247- | 122010100154/13-07-22 |
| 2019-20 | 1-47 | 14494- | 122010100006/06-04-22 |
| | 1-50(1) | 9854- | 122010100012/07-04-22 |
| | 1-42(2) | 17380- | 122010100016/12-04-22 |
| | - | 14866- | 122050900007/18-07-22 |
| | 1-28 | 7534- | 122010100352/10-01-23 |
| | 1-29 | 6047- | 122010100129/30-06-22 |
| 2020-21 | 3-1 | 17238- | 122010100144/07-07-22 |
| ആകെ | | 87660- | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 24 | 2003-04 | 5-3(1) | എസ് സി വിദ്യാർത്ഥികൾക്ക് ഡിക്ഷണറി വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) 23-ാമത് റിപ്പോർട്ട് ഖണ്ഡിക 10 |
| 1998-99 | 3,4,5 | 2003-04 | 5-3(5) | സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകിയതിലെ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) 23-ാമത് റിപ്പോർട്ട് ഖണ്ഡിക 37 പ്രകാരം സെക്രട്ടറി, ഫിനാൻസ് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കണം |
| 1998-99 | 7 | 2003-04 | 5-3(3) | വില കൊടുത്ത ബിറ്റുമിൻ യഥാസമയം ഏറ്റുവാങ്ങാ തിരുന്ന തിനാൽ നഷ്ടം സംഭവിച്ചു | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) 23-ാമത് റിപ്പോർട്ട് ഖണ്ഡിക 24 പ്രകാരം തുക സെക്രട്ടറിയിൽ നിന്നും ഈടാക്കണം |
| 1998-99 | 8 | 2003-04 | 5-3(4) | സർക്കാർ അനുമതി ഇല്ലാതെ 30%ൽ അധികം ടെണ്ടർ എക്സസ് നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) 23-ാമത് റിപ്പോർട്ട് ഖണ്ഡിക 30 പ്രകാരം ടെണ്ടർ ഉറപ്പിച്ച ജനറൽ കമ്മറ്റി അംഗങ്ങളിൽ നിന്നും ഈടാക്കണം |
| 1999-00, 2000-01 | 23-1 | 2003-04 | 5-3(6) | കുടിവെള്ള പദ്ധതികൾ നടപ്പാക്കൽ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2011-14) 23-ാമത് റിപ്പോർട്ട് ഖണ്ഡിക 44 |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രകാരം ഭരണവകുപ്പ് സമഗ്ര അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണം |
| 1999-00, മുതൽ 2001-02 വരെയുള്ള ജനകീയാ സൂത്രണ ഓഡിറ്റ് | 2(ജെ) | 2003-04 | 5-3(8) | പദ്ധതി വിഹിതം സമയ ബന്ധിതമായി ചെലവഴിച്ചില്ല. | (2011-14) 23-ാമത് റിപ്പോർട്ട് പ്രകാരം ഭാവിയിൽ ആവർത്തി ക്കാതിരിക്കാൻ നടപടി സ്വീകരിക്കണം |
| | 4 | 2003-04 | 5-3(9) | ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിട നിർമ്മാണം സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടു-പദ്ധതി തുക വകമാറ്റി ചെലവഴിച്ചു | ടി ഖ.56-61 പ്രകാരം സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ് എന്നിവരിൽ നിന്ന് ഈടാക്കണം |
| | 5 | 2003-04 | 5-3(10) | റബർ പാർക്ക് നിർമ്മാണം രൂപീകരണത്തിലെ അപാകതകൾ | ടി ഖ.67 പ്രകാരം സെക്രട്ടറി, സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കണം |
| | 6 | 2003-04 | 5-3(11) | പട്ടിക ജാതി വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ക്രമക്കേടുകൾ | ടി ഖ.61 പ്രകാരം സെക്രട്ടറി വിജയകൃഷ്ണൻ IAS-ൽ നിന്ന് ഈടാക്കണം |
| | 7 | 2004-05 | 2-3 | യന്ത്രവത്കൃത ഡീഫൈബറിംഗ് യൂണിറ്റ് പ്രവർത്തന ക്ഷമമായില്ല. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2005-06 | 3-3 | 2007-08 | 3-38-1 | കണ്ണാടിച്ചാൽ പാലം അപ്രോച്ച് റോഡ് നിർമ്മാണം | ,, |
| 2005-06 | 3-6 | 2007-08 | 3-38-2 | പെൺകുട്ടികൾക്ക് ഇംഗ്ലീഷ്,കണക്ക് വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉയർത്തൽ | ,, |

| | | | | | |
|---|---|---|---|---|---|
| 2005-06 | 3-9 | 2007-08 | 3-38-3 | കമ്പ്യൂട്ടർ പരിശീലന പരിപാടി ക്രമക്കേടുകൾ | ,, |
| 2007-08 | Pro No.446/08 445/08 441/08 398/08 80/08 67/08 129/08 114/08 447/08 443/08 407/08 437/08 434/08 44/088 442/08 | 2009-10 | 2-8 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | ,, |
| 2008-09 | 3-21 | 2010-11 | 2-14 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | ,, |
| 2008-09 | 3-2 | 2010-11 | 5-4-6(1) | സ്വകാര്യ വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു | ,, |
| 2010-11 | 3-6(2) | 2012-13 | 4-4-2 | ഇടക്കുന്നം പഴുമല പട്ടിക വർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യം നേടിയില്ല | നിയമസഭാ സമിതിയുടെ (2016-19) 6-ാമത് റിപ്പോർട്ട് ഖണ്ഡിക 50 പ്രകാരം മാർഗ്ഗരേഖ ലംഘിച്ച് നൽകിയ മുഴുവൻ തുകയും ക്രമീകരിക്കുന്നതിനും കർഷകർക്ക് ഇൻഷുറൻസ് തുക ലഭ്യമാകുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. |
| 2014-15 | - | 2013-14 | 5-2 | തസ്വഭവ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും -പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 പ്രവർത്തന | | 2014-15 | 5(എ) | തസ്വഭവ സ്ഥാപനങ്ങളും മൃഗ | നിയമസഭാ സമിതി നാളിതു വരെ |

| | | | | | |
|---|---|---|---|---|---|
| ക്ഷമതാ റിപ്പോർട്ട് | | | | സംരക്ഷണം ക്ഷീര വികസന മേഖലയും -പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം മണർകാട് | പരിഗണിച്ചിട്ടില്ല |
| 2015-16 | 3-49 | 2016-17 | 9-2 | തെരുവ് നായ നിയന്ത്രണം/പേവിഷ ബാധ നിർമ്മാർജ്ജന പരിപാടി | നിയമസഭാ സമിതി നാളിതു വരെ പരിഗണിച്ചിട്ടില്ല |
| 2016-17 | 3-20 | 2017-18 | 1-5-1 | വ്യക്തമായ ആസൂത്രണമില്ലാതെയും അശാസ്ത്രീയമായും മിനി പാർക്ക് നിർമ്മിച്ചത് വഴി വൻ തുകയുടെ പാഴ് ചെലവ് | നിയമസഭാ സമിതി നാളിതു വരെ പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 858271542.00 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | : | 543700147.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 650765333.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 520732208.00 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 223467204/ |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 11500000/- | സുമേഷ് കുമാർ.റ്റി. അസി.എക്സി.എഞ്ചി(കൃഷി) |
| 1-19 | 658605/- | സുമേഷ് കുമാർ.റ്റി. അസി.എക്സി.എഞ്ചി(കൃഷി) |
| 1-22 | 1927648/- | സിബി.എ.പി. അസി.എക്സി.എഞ്ചി, എൽഎസ്ജിഡി |

| | | |
|---|---|---|
| 1-23 | 1339005/- | സിബി.എ.പി. അസി.എക്സി.എഞ്ചി, എൽഎസ്ജിഡി |
| 1-24 | 335133/- | ജെബിൻ ലോലിത സെയ്ൻ, ജില്ലാ വനിതാ ശിശുവികസന ഓഫീസർ |
| 1-26 (1) | 4991748/- | വിനിയോഗ പൂർത്തീകരണ കാലയളവിൽ ചാർജ് വഹിച്ചിരുന്ന സെക്രട്ടറിമാർ |
| 1-26(2) | 850000/- | റ്റി.എം. അശോകൻ, സെക്രട്ടറി ഇൻ ചാർജ് |
| 1-27 | 42075480/- | വിനിയോഗ പൂർത്തീകരണ കാലയളവിൽ ചാർജ് വഹിച്ചിരുന്ന സെക്രട്ടറിമാർ |
| 1-29 | 669750/- | സജീവ് കുമാർ.കെ.ആർ, അസി.ഡയറക്ടർ,ആർപിഎഫ്, മണർകാട് |
| 1-30 | 280036/- | സുനിൽ എം.എസ്,പട്ടികജാതി വികസന ഓഫീസർ |
| 1-31 | 398147/- | സുകുമാരി.എ.റ്റി, ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-35 | 283040/- | ഡോ.പ്രിയ.എൻ, ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയം |
| 1-36 (1) | 6189228/- | സുബിൻ പോൾ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 1-36 (2) | 9217620/- | സുബിൻ പോൾ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 1-37 (1) | 10000000/- | സി.ആർ.ശാരദ, ക്ഷീരവികസനം |
| 1-37 (2) | 3999410/- | സി.ആർ.ശാരദ, ക്ഷീരവികസനം |
| 1-40 | 906986/- | ഡോ.ബിന്ദുകുമാരി, സൂപ്രണ്ട്, ജില്ലാ ആശുപത്രി, കോട്ടയം |
| 1-41(1) | 459487/- | ഡോ.ശ്രീലത.എസ്, ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-41(2) | 21966/- | ഡോ.ശ്രീലത.എസ്, ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-42 | 323493/- | ഡോ സുകുമാരി.എ.റ്റി,സൂപ്രണ്ട്,ജില്ലാ ഹോമിയോ ആശുപത്രി |
| 1-43 | 2500000/- | പ്രിയേഷ്.എം.എൻ, സെക്രട്ടറി ഇൻ ചാർജ് കൂടാതെ വിനിയോഗ പൂർത്തീകരണ കാലയളവിൽ ചാർജ് വഹിച്ചിരുന്ന സെക്രട്ടറി |
| “ | 11000000/- | പ്രിയ.എം.എൻ, സെക്രട്ടറി ഇൻ ചാർജ് കൂടാതെ വിനിയോഗ പൂർത്തീകരണ കാലയളവിൽ ചാർജ് വഹിച്ചിരുന്ന സെക്രട്ടറി |
| 1-44 | 111997189/- | ഷിനോ.പി.എസ്, പ്രോജക്ട് ഡയറക്ടർ, പി.എ.യു |
| 1-45 | 85590/- | ജയകുമാരി.പി.വി, സെക്രട്ടറി |
| 1-46 | 263010/- | സജീവ്കുമാർ.കെ.ആർ, അസി.ഡയറക്ടർ, |

| | | |
|---|---|---|
| | | ആർപിഎഫ്, മണർകാട് |
| 1-47 | 466838/- | വിനിയോഗ പൂർത്തീകരണ കാലയളവിൽ ചാർജ് വഹിച്ചിരുന്ന സെക്രട്ടറിമാർ |
| 1-51 | 727795/- | സിബി.എ.പി, അസി.എക്സി.എഞ്ചിനീയർ, എൽഎസ്ജിഡി |
| ആകെ | 223467204/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 7450 -(മുദ്രപ്പത്രവില) | സുമേഷ് കുമാർ.റ്റി. കൃഷി അസി.എക്സി.എഞ്ചിനീയർ |
| 1-18 | 109400-(ആദായനികുതി) | സുമേഷ് കുമാർ.റ്റി. കൃഷി അസി.എക്സി.എഞ്ചിനീയർ |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻ വർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരകുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ എഫ് കെപി8/189/2012/21.03.2012 |
| 1998-99 | എൽ എഫ് കെപി8/564/2010/02.03.2012 |
| 1999-00, 2000-01, 2001-02 | എൽ എഫ് കെപി8/1163/15/14.09.2015 |
| 2002-03 | എൽ എഫ് കെപി8/652/15/15.09.2015 |
| 2003-04 | എൽ എഫ് കെപി1/1088/06/20.03.07/16.04.07 |
| 2004-05 | എൽ എഫ് കെപി1/616/08/30.03.10 |
| 2005-06 | എൽ എഫ് കെപി8/458/2011/11.10.2011 |
| 2006-07 | എൽ എഫ് കെപി1/234/2010/14.05.2010 |
| 2007-08 | എൽ എഫ് കെപി1/1114/09/09.10.2009 |
| 2008-09 | എൽ എഫ് കെപി8/188/2012/05.03.2012 |
| 2009-10 | എൽ എഫ് കെപി8/1098/13/02.04.2014 |
| 2010-11 | കെഎസ്എ കെറ്റിഎംപി8/1162/15/ 03.10.2015 |
| 2011-12 | എൽ എഫ് കെപി8/141/2015/14.09.2015 |
| 2012-13 | എൽ എഫ് കെപി8/210/14/27.04.15 |
| 2013-14 | കെഎസ്എ കെറ്റിഎംപി 18/442 /2017/19.04.2017 |

| | |
|---|---|
| 2014-15 | കെഎസ്എ കെറ്റിഎംപി 18/443 /2017/26.04.2017 |
| 2015-16 | കെഎസ്എ കെറ്റിഎം പി 16/147/18/21.03.2018 |
| 2016-17 | കെഎസ്എ കെറ്റിഎം.പി 16/1349/2019/ 31.01.2020/14.02.2020 |
| 2017-18 | കെഎസ്എ കെറ്റിഎംപി16/1443/2022/ 11.08.2022 |
| 2018-19 | കെഎസ്എ കെറ്റിഎംപി16/1300/2022/ 22.09.2022 |
| 2019-20 | കെഎസ്എ കെറ്റിഎംപി16/1042/2022/ 26.09.2022 |
| 2020-21 | കെഎസ്എ കെറ്റിഎംപി16/1320 /2022/17.08.2022 |
| 2021-22 | കെഎസ്എ കെറ്റിഎംപി16/375 /2023/05.04.2023 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 10-05-2023 and submitted on 12-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kottayam District Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kottayam District Panchayat for the year 2022-2023

**Date: 29/12/2023**

**Senior Deputy Director**
**District Office Kottayam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kottayam District Panchayat for the Year 2022-2023 .

**1.Major Observations**

1.The position of the general fund as reflected in the balance sheet as on 31-03-23 is not final, as the transition period process, which ought to have been completed during the initial period of migration to double entry accounting has not been completed yet. The valuation process of assets and liabilities not yet completed properly, and as such the provisional ascertainment of general fund (assets-liabilities) is still continuing. Necessary changes on the basis of deficit/surplus as per the Income and Expenditure Account of respective years has not been effected in the general fund so as to reflect corresponding changes (either to be added or subtracted as the case may be) in the final position as on the close of financial year.

2.The asset register is not being updated as per the instructions in G.O.(MS) 152/2011 dated 26-07-11. So the authenticity and accuracy of various fixed and current assets as reflected in the balance sheet as on 31-03-23 could not be ensured in audit and are subject to confirmation.

3.Necessary Register is not maintained to monitor the details of part bills being accounted and adjusted as capital work in progress. Hence the correctness of the amount booked in the respective head could not be ensured and is subject to confirmation.
(The above qualifications on the disclosure aspects of the Finanicial Statement is treated as major observations, as the provisional figures are not disclosed through the notes on accounts. However these qualifications are not to be treated as institution fault alone as majority of these shortcomings are rectifiable only at state level.)

**2.Other Observations**

1.The accuracy of the liability amount shown as dues to the Government/other institutions could not be ensured in the absence of properly maintained register in this respect.

2.Necessary details of the amount to the tune of Rs.6465244/- adjusted as prior period income was not disclosed by the secretary, through notes on accounts and necessary work sheet in this respect not kept and produced.

3.An amount of Rs.4903/- is being shown as opening and closing balance in respect of an account maintained in SBT Manarkad. Similarly an amount of Rs.100/- in NABARD account is also included in opening and closing balance. No details on these amounts are available with the accounts section, though the balances are included in AFS.

4.As per Schedule RP 40 (a) the opening balance of RMSA Fund is Rs.1000000/-and closing balance as per Schedule 40(b) is nil (0). However the Schedule B4 reflect a balance of Rs.13903439/- in the respective head (320100128).

5.The accuracy of receipt amount as per Schedule RP.4 (Fees and User Charges) RP.5 (Sale and Hire Charges) and RP.6 (Receipts from Transferred Institutions) could not be ensured in the absence of supporting register and documents.

6.The accuracy of the receipt amount of RS.229880/- booked in the account head 160100799 under other revenue grant could not be verified in audit, in the absence of supporting documents. In the RP 31 schedule, the account code 320700203 shows a receipt amount of 5061137/- as joint venture project. Actually out of this amount Rs.5052208/-is received from kudumbasree for ABC program and Rs.8929/- as interest in the scheme account of ÂCan kottayam- Fit kottayam . The said amount has not been accounted in the proper head. (Mis classification)

7.A cheque for the amount of Rs.5000/- received during the year 2019-20 has not been encashed and credited to the bank account till date. But the corresponding amount has not been transferred to stale cheque account.

8.Even though maintenance of deposit register for the current year is satisfactory there is a slight difference of Rs.200/-in the amount booked under the item contractor's EMD ( Rs.6000/- as per register and Rs.6200/- as per annual accounts). Also Rs. 174514/- has been maintained as a liability under the auction deposit head for long years. The details of this amount shown as unclaimed amount for years is subject to confirmation.

9.Rs 1000000/- invested in KEL under project no 100/23 has not been accounted in proper advance head. The said amount is recorded as payment to PWD as per RP.47. Due to accounting error the amount is not reflected in the balance sheet as pending advance as on 31-03-23. The advance payment should be accounted properly in deposit head until proper utilisation.

10.Cash Flow Statement-Net increase in cash and cash equivalance in the cash flow statement should be equal to Net cash generated by Operating + Investing + Financing Activity in the same statement. However the Cash Flow Statement presented along with the AFS does not satisfy this equation and hence not reliable.

11.The allotment, expenditure and balance amount of CFC Fund oprated through bank account are seen consistent with entries of manual ACR kept in the institution. But the expenditure details of CFC Fund operated through treasury do not match with figures as per AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്